# 1999-ലെ കേരള മുനിസിപ്പാലിററി (ഭേദഗതി) ആക്ററ്
## (1999-ലെ 14-ാം ആക്ററ്)

ഉള്ളടക്കം

പീഠിക

വകുപ്പുകൾ:


1. ചുരുക്കപ്പേരും പ്രാരംഭവും
2. 2-ാം വകുപ്പിനുള്ള ഭേദഗതി
3. 4-ാം വകുപ്പിനുള്ള ഭേദഗതി
4. 6-ാം വകുപ്പിനുള്ള ഭേദഗതി
5. 7-ാം വകുപ്പിനുള്ള ഭേദഗതി
6. 10-ാം വകുപ്പിനുള്ള ഭേദഗതി
7. 11-ാം വകുപ്പിനുള്ള ഭേദഗതി
8. 12-ാം വകുപ്പിനുള്ള ഭേദഗതി
9. 15-ാം വകുപ്പിനുള്ള ഭേദഗതി
10. 16-ാം വകുപ്പിനുള്ള ഭേദഗതി
11. 18-ാം വകുപ്പിനുള്ള ഭേദഗതി
12. 19-ാം വകുപ്പിനുള്ള ഭേദഗതി
13. 20-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ
14. 21-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ
15. 22-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ
16. 23-ാം വകുപ്പിനുള്ള ഭേദഗതി
17. 24-ാം വകുപ്പ് വിട്ടുകളയൽ
18. 26-ാം വകുപ്പിനുള്ള ഭേദഗതി
19. 27-ാം വകുപ്പിനുള്ള ഭേദഗതി
20. 28-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.
21. 30-ാം വകുപ്പിനുള്ള ഭേദഗതി
22. 31-ാം വകുപ്പിനുള്ള ഭേദഗതി
23. 36-ാം വകുപ്പിനുള്ള ഭേദഗതി
24. 37-ാം വകുപ്പിനുള്ള ഭേദഗതി
25. 40-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.
26. 42-ാം വകുപ്പിനുപകരം പുതിയ വകുപ്പുകൾ ചേർക്കൽ.
27. 43-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.
28. 45-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ
29. 46-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ
30. 48-ാം വകുപ്പിനുള്ള ഭേദഗതി
31. 49-ാം വകുപ്പിനുള്ള ഭേദഗതി
32. 50-ാം വകുപ്പിനുള്ള ഭേദഗതി
33. 51-ാം വകുപ്പിനുള്ള ഭേദഗതി
34. 52-ാം വകുപ്പിനു ശേഷം പുതിയ വകുപ്പു ചേർക്കൽ
35. 53-ാം വകുപ്പിനുള്ള ഭേദഗതി
36. 55-ാം വകുപ്പിനുപകരം പുതിയ വകുപ്പ്. ചേർക്കൽ
37. അദ്ധ്യായം V-ന്റെ ശീർഷകത്തിനുള്ള ഭേദഗതി
38. 56-ാം വകുപ്പിനുള്ള ഭേദഗതി
39. 57-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ
40. 58-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ
41. 60-ാം വകുപ്പ് വിട്ടുകളയൽ


LIBRARY ARCHIVES Kerala Legislative Assembly

42. 61-ാം വകുപ്പിനുള്ള ഭേദഗതി
43. 63-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ
44. 64-ാം വകുപ്പിനുള്ള ഭേദഗതി
45. 65-ാം വകുപ്പിനുള്ള ഭേദഗതി
46. 66-ാം വകുപ്പ് വിട്ടുകളയൽ
47. 67-ാം വകുപ്പ വിട്ടുകളയൽ
48. 69-ാം വകുപ്പിനുള്ള ഭേദഗതി
49. 84-ാം വകുപ്പിനുള്ള ഭേദഗതി
50. 89-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ
51. 90-ാം വകുപ്പിനുള്ള ഭേദഗതി
52. 91-ാം വകുപ്പിനുള്ള ഭേദഗതി
53. 91-ാം വകുപ്പിനു ശേഷം പുതിയ വകുപ്പ് ചേർക്കൽ
54. 92-ാം വകുപ്പിനുള്ള ഭേദഗതി
55. 96-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ
56. 97-ാം വകുപ്പിനുള്ള ഭേദഗതി
57. 104-ാം വകുപ്പിനു ശേഷം പുതിയ വകുപ്പ് ചേർക്കൽ
58. 142-ാം വകുപ്പിനുള്ള ഭേദഗതി
59. 143-ാം വകുപ്പിനുള്ള ഭേദഗതി
60. 143-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ
61. 196-ാം വകുപ്പിനുള്ള ഭേദഗതി
62. 207-ാം വകുപ്പിനുള്ള ഭേദഗതി
63. 209-ാം വകുപ്പ് വിട്ടുകളയൽ
64. 214-ാം വകുപ്പിനുള്ള ഭേദഗതി
65. 215-ാം വകുപ്പിനുള്ള ഭേദഗതി
66. 216-ാം വകുപ്പിനുള്ള ഭേദഗതി
67. 217-ാം വകുപ്പിനുള്ള ഭേദഗതി
68. 218-ാം വകുപ്പിനുള്ള ഭേദഗതി
69. 220-ാം വകുപ്പ് വിട്ടുകളയൽ
70. 222-ാം വകുപ്പിനുള്ള ഭേദഗതി
71. 226-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ
72. 227-ാം വകുപ്പിനുള്ള ഭേദഗതി
73. 228-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ
74. 229-ാം വകുപ്പിനുപകരം പുതിയ വകുപ്പുകൾ ചേർക്കൽ
75. 233-ാം വകുപ്പിനുള്ള ഭേദഗതി
76. 234-ാം വകുപ്പിനുള്ള ഭേദഗതി
77. 235-ാം വകുപ്പിനുള്ള ഭേദഗതി
78. 238-ാം വകുപ്പിനുള്ള ഭേദഗതി
79. 245-ാം വകുപ്പിനുള്ള ഭേദഗതി
80. 269-ാം വകുപ്പിനുള്ള ഭേദഗതി
81. 271-ാം വകുപ്പിനുള്ള ഭേദഗതി
82. 283-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ
83. 283-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ
84. 286-ാം വകുപ്പിനുള്ള ഭേദഗതി
85. 387-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ
86. 289-ാം വകുപ്പിനുള്ള ഭേദഗതി
87. 290-ാം വകുപ്പിനുള്ള ഭേദഗതി
88. 291-ാം വകുപ്പ് വിട്ടുകളയൽ
89. 292-ാം വകുപ്പ് വിട്ടുകളയൽ
90. 293-ാം വകുപ്പിനുള്ള ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

91. 296-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ
92. 297-ാം വകുപ്പിനുള്ള ഭേദഗതി
93. 299-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ
94. 303-ാം വകുപ്പിനുള്ള ഭേദഗതി
95. 310-ാം വകുപ്പിനുള്ള ഭേദഗതി
96. 314-ാം വകുപ്പിനുള്ള ഭേദഗതി
97. 314-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ
98. 315-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ
99. 316-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ
100. 316-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ
101. 318-ാം വകുപ്പിനുള്ള ഭേദഗതി
102. 319-ാം വകുപ്പിനുള്ള ഭേദഗതി
103. 321-ാം വകുപ്പിനുള്ള ഭേദഗതി
104. 322-ാം വകുപ്പിനുള്ള ഭേദഗതി
105. 325-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ
106. 326-ാം വകുപ്പിനുള്ള ഭേദഗതി
107. 327-ാം വകുപ്പിനുള്ള ഭേദഗതി
108. 330-ാം വകുപ്പിനുള്ള ഭേദഗതി
109. 334-ാം വകുപ്പിനുള്ള ഭേദഗതി
110. 355-ാം വകുപ്പിനുള്ള ഭേദഗതി
111. 358-ാം വകുപ്പിനുള്ള ഭേദഗതി
112. 368-ാം വകുപ്പിനുള്ള ഭേദഗതി
113. 379-ാം വകുപ്പിനുള്ള ഭേദഗതി
114. 382-ാം വകുപ്പിനുള്ള ഭേദഗതി
115. 383-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ
116. 395-ാം വകുപ്പിനുള്ള ഭേദഗതി
117. 406-ാം വകുപ്പിനുള്ള ഭേദഗതി
118. 407-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ
119. 409-ാം വകുപ്പിനുള്ള ഭേദഗതി
120. 410-ാം വകുപ്പു വിട്ടുകളയൽ
121. 420-ാം വകുപ്പിനുള്ള ഭേദഗതി
122. 425-ാം വകുപ്പിനുള്ള ഭേദഗതി
123. 433-ാം വകുപ്പിനുള്ള ഭേദഗതി
124. 447-ാം വകുപ്പിനുള്ള ഭേദഗതി
125. 447-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ
126. 448-ാം വകുപ്പിനുള്ള ഭേദഗതി
127. 449-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ
128. 450-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ
129. 452-ാം വകുപ്പിനുള്ള ഭേദഗതി
130. 453-ാം വകുപ്പിനുള്ള ഭേദഗതി
131. 458-ാം വകുപ്പിനുള്ള ഭേദഗതി
132. 460-ാം വകുപ്പിനുള്ള ഭേദഗതി
133. 469-ാം വകുപ്പിനുള്ള ഭേദഗതി
134. 470-ാം വകുപ്പിനുള്ള ഭേദഗതി
135. 472-ാം വകുപ്പിനുള്ള ഭേദഗതി
136. 475-ാം വകുപ്പിനുള്ള ഭേദഗതി
137. 484-ാം വകുപ്പിനുള്ള ഭേദഗതി
138. 485-ാം വകുപ്പിനുള്ള ഭേദഗതി
139. 485-ാം വകുപ്പിനു ശേഷം പുതിയ വകുപ്പ് ചേർക്കൽ

LIBRARY ARCHIVES Kerala Legislative Assembly

140. 486-ാം വകുപ്പിനുള്ള ഭേദഗതി
141. 490-ാം വകുപ്പ് വിട്ടുകളയൽ
142. 493-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ
143. 494-ാം വകുപ്പിനുള്ള ഭേദഗതി
144. 509-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ
145. 511-ാം വകുപ്പിനുള്ള ഭേദഗതി
146. 512-ാം വകുപ്പിനുള്ള ഭേദഗതി
147. 515-ാം വകുപ്പിനുള്ള ഭേദഗതി
148. 517-ാം വകുപ്പിനുള്ള ഭേദഗതി
149. XXIV-ാം അദ്ധ്യായത്തിനുശേഷം പുതിയ അദ്ധ്യായം ചേർക്കൽ

അദ്ധ്യായം XXIV എ

517 എ. നിർവ്വചനങ്ങൾ
517 ബി. അറിയാനുള്ള അവകാശം
517. സി. വിവരം നൽകുന്നതിനുള്ള നടപടിക്രമം
517. ഡി. വിവരം തടഞ്ഞുവയ്ക്കുന്നതിനുള്ള പിഴ ഈടാക്കൽ
517. ഇ. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിക്ക് സംരക്ഷണം

150. 521-ാം വകുപ്പിനുള്ള ഭേദഗതി
151. 523-ാം വകുപ്പിനുള്ള ഭേദഗതി
152. 530-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ
153. 532-ാം വകുപ്പിനുള്ള ഭേദഗതി
154. 533-ാം വകുപ്പിനുള്ള ഭേദഗതി
155. 536-ാം വകുപ്പിനുള്ള ഭേദഗതി
156. 537-ാം വകുപ്പിനുള്ള ഭേദഗതി
157. 538-ാം വകുപ്പിനുള്ള ഭേദഗതി
158. 541-ാം വകുപ്പിനുള്ള ഭേദഗതി
159. 556-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ
160. 560-ാം വകുപ്പിനുള്ള ഭേദഗതി
161. 561-ാം വകുപ്പിനുള്ള ഭേദഗതി
162. 563-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ
163. 565-ാം വകുപ്പിനുള്ള ഭേദഗതി
164. 573-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ
165. 575-ാം വകുപ്പിനുള്ള ഭേദഗതി
166. ഒന്നാം പട്ടികയ്ക്ക് പകരം പുതിയ പട്ടിക ചേർക്കൽ

''ഒന്നാം പട്ടിക''

എ. ജനിവാര്യ ചുമതലകൾ
ബി. പൊതുവായ ചുമതലകൾ
സി. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

167. രണ്ടാം പട്ടികയ്ക്കുള്ള ഭേദഗതി
168. മൂന്നാം പട്ടികയ്ക്കുള്ള ഭേദഗതി
169. നാലാം പട്ടികയ്ക്ക് പകരം പുതിയ പട്ടിക ചേർക്കൽ

''നാലാം പട്ടിക''

170. അഞ്ചാം പട്ടികയ്ക്കു പകരം പുതിയ പട്ടിക ചേർക്കൽ

''അഞ്ചാം പട്ടിക''

171. ആറാം പട്ടിക വിട്ടുകളയൽ
172. തീർപ്പാകാതെ കിടക്കുന്ന ചില അപേക്ഷകളിൻമേൽ നടപടിയ്ക്കുള്ള വ്യവസ്ഥ.

LIBRARY ARCHIVES Kerala Legislative Assembly

# 1999-ലെ 14-ാം ആക്റ്റ്*

## 1999-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ്

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) താഴെ കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുന്നതിനാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപതാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു,—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 1999-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് എന്ന് പേർ പറയാം.

(2) ഈ ആക്റ്റിലെ 6-ാം വകുപ്പിലെ (1)-ാം ഉപവകുപ്പും 13, 14, 15, 47, 53 എന്നീ വകുപ്പുകളും സർക്കാർ വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതും ശേഷിക്കുന്ന എല്ലാ വകുപ്പുകളും ഉടൻ പ്രാബല്യത്തിൽ വരുന്നതും ആകുന്നു.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(1) 6-ാം ഖണ്ഡത്തിനു പകരം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(6) "ചെയർപേഴ്സൺ" എന്നാൽ ഒരു ടൗൺ പഞ്ചായത്തിനെ സംബന്ധിച്ചോ മുനിസിപ്പൽ കൗൺസിലിനെ സംബന്ധിച്ചോ ആ ടൗൺ പഞ്ചായത്തിന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ചെയർമാൻ എന്നും മുനിസിപ്പൽ കോർപ്പറേഷനെ സംബന്ധിച്ച് അതിന്റെ മേയർ എന്നും അർത്ഥമാകുന്നു;

*1999 മാർച്ച് 23-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 617-ാം നമ്പർ കേരള അസാധാരണ ഗസറ്റായി 1999 മാർച്ച് 24-ാം തീയതി പ്രസിദ്ധീകരിക്കുകയും ചെയ്തു.



LIBRARY ARCHIVES Kerala Legislative Assembly

(6എ) ''ഡെപ്യൂട്ടി ചെയർപേഴ്സൺ'' എന്നാൽ ഒരു ടൗൺ പഞ്ചായത്തിനെ സംബന്ധിച്ചോ മുനിസിപ്പൽ കൗൺസിലിനെ സംബന്ധിച്ചോ ആ ടൗൺ പഞ്ചായത്തിന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ, വൈസ് ചെയർമാൻ എന്നും ഒരു മുനിസിപ്പൽ കോർപ്പറേഷനെ സംബന്ധിച്ച് അതിന്റെ ഡെപ്യൂട്ടി മേയർ എന്നും അർത്ഥമാകുന്നു;'';

(2) (8)-ാം ഖണ്ഡത്തിൽ ''ജോയിന്റ് കമ്മിററിയോ'', ''വാർഡ് കമ്മിററിയോ'' എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(3) (21)-ാം ഖണ്ഡത്തിനുപകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

''(21) ''തദ്ദേശ സ്ഥാപനം'' അഥവാ ''തദ്ദേശ സ്വയംഭരണ സ്ഥാപനം'' എന്നാൽ 4-ാം വകുപ്പു പ്രകാരം രൂപീകരിച്ച ഒരു മുനിസിപ്പാലിററി അല്ലെങ്കിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൻ (1994-ലെ 13) കീഴിൽ രൂപീകരിച്ച ഒരു പഞ്ചായത്ത് എന്നർത്ഥമാകുന്നു;'';

(4) (49)-ാം ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

''(49എ) ''വാർഡ് കമ്മിററി'' എന്നാൽ 42-ാം വകുപ്പ് പ്രകാരം രൂപീകരിച്ച വാർഡ് കമ്മിററി എന്നർത്ഥമാകുന്നു;

(49ബി) ''വാർഡ് സഭ'' എന്നാൽ 42 എ വകുപ്പ് പ്രകാരം രൂപീകരിച്ച വാർഡ് സഭ എന്നർത്ഥമാകുന്നു;''.

3. <u>4-ാം വകുപ്പിനുള്ള ഭേദഗതി</u>.—പ്രധാന ആക്ടിലെ 4-ാം വകുപ്പിൽ,—

(1) (2)-ാം ഉപവകുപ്പിൽ,—

(എ) (എഫ്) ഖണ്ഡത്തിൽ ''ടൗൺ പഞ്ചായത്തായി'' എന്ന വാക്കിനു പകരം ''ടൗൺ പഞ്ചായത്തായോ മുനിസിപ്പൽ കൗൺസിലായോ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) ഒന്നാമത്തെ ക്ലിപ്ത നിബന്ധനയ്ക്കുപകരം താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

''എന്നാൽ, അപ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുമ്പ് 243ക്യു അനുച്ഛേദപ്രകാരവും (1)-ാം ഉപവകുപ്പ് പ്രകാരവുമുള്ള ആവശ്യകത നിറവേററേണ്ടതും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെയോ, ടൗൺ പഞ്ചായത്തിന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ മുനിസിപ്പൽ കോർപ്പറേഷന്റെയോ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിക്കേണ്ടതു മാണ്'';

(2) (4)-ാം ഉപവകുപ്പിൽ ഒരു ''ടൗൺ പഞ്ചായത്ത് ആയി'' എന്ന വാക്കുകൾക്കുപകരം ''ഒരു മുനിസിപ്പാലിററി ആയി'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(3) (5)–ാം ഉപവകുപ്പിൽ "ഒരു ടൗൺ പഞ്ചായത്ത് ആയി" എന്ന വാക്കുകൾക്കുപകരം "ഒരു മുനിസിപ്പാലിററി ആയി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 6–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 6–ാം വകുപ്പിൽ,—

(1) (1) മുതൽ (4) വരെയുള്ള ഉപവകപ്പുകൾക്കു പകരം താഴെ പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) ഒരു ടൗൺ പഞ്ചായത്തിന്റെയും ഒരു മുനിസിപ്പൽ കൗൺസിലിന്റെയും ഒരു മുനിസിപ്പൽ കോർപ്പറേഷന്റെയും നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ ആകെ കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണം ബന്ധപ്പെട്ട മുനിസിപ്പാലിററിയുടെ പ്രദേശത്തെ ജനസംഖ്യ പരിഗണിച്ചുകൊണ്ട് (3)–ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള തോതനുസരിച്ച് സർക്കാർ വിജ്ഞാപനം ചെയ്യേണ്ടതാണ്.

(2) സർക്കാരിന് ഓരോ കനേഷുമാരി അനുസരിച്ച് പ്രസക്ത കണക്കുകൾ പ്രസിദ്ധപ്പെടുത്തിയശേഷം, (3)–ാം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള തോതിനു വിധേയമായി, (1)–ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്ത ഒരു മുനിസിപ്പാലിററിയിലെ ആകെ കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണത്തിൽ മാററം വരുത്താവുന്നതാണ്.

(3) (1)–ാം ഉപവകുപ്പ് പ്രകാരമോ (2)–ാം ഉപവകുപ്പ് പ്രകാരമോ വിജ്ഞാപനം ചെയ്യുന്ന കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണം,—

(എ) ഒരു ടൗൺ പഞ്ചായത്തിന്റെയോ ഒരു മുനിസിപ്പൽ കൗൺസിലിന്റെയോ സംഗതിയിൽ,—

(i) ഇരുപതിനായിരത്തിൽ കവിയാത്ത ജനസംഖ്യയുള്ള ടൗൺ പഞ്ചായത്തിന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ പ്രദേശത്തേക്ക് ഇരുപതും,

(ii) ഇരുപതിനായിരത്തിൽ കവിയുന്ന ജനസംഖ്യയുള്ള ടൗൺ പഞ്ചായത്തിന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ പ്രദേശത്തേക്ക് പരമാവധി അൻപത് കൗൺസിലർമാർ എന്നതിനു വിധേയമായി ആദ്യത്തെ ഇരുപതിനായിരം ജനസംഖ്യക്ക് ഇരുപതും, ഇരുപതിനായിരത്തിൽ കവിയുന്ന ഓരോ രണ്ടായിരത്തി അഞ്ഞൂറ് ജനസംഖ്യയ്ക്കും ഓരോന്നും വീതവും;

(സി) ഒരു മുനിസിപ്പൽ കോർപ്പറേഷന്റെ സംഗതിയിൽ,—

(i) നാലു ലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള മുനിസിപ്പൽ കോർപ്പറേഷന്റെ പ്രദേശത്തേക്ക് അൻപതും,

(ii) നാലു ലക്ഷത്തിൽ കവിയുന്ന ജനസംഖ്യയുള്ള മുനിസിപ്പൽ കോർപ്പറേഷന്റെ പ്രദേശത്തേക്ക് പരമാവധി നൂറ് കൗൺസിലർമാർ എന്നതിനു വിധേയമായി ആദ്യത്തെ നാലു ലക്ഷം ജനസംഖ്യയ്ക്ക് അമ്പതും, നാലു ലക്ഷത്തിൽ കവിയുന്ന ഓരോ പതിനായിരം ജനസംഖ്യയ്ക്കും ഓരോന്നു വീതവും;

ആയിരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(4) ഏതൊരു മുനിസിപ്പാലിററിയിലെയും കൗൺസിലർമാരെ നേരിട്ടുള്ള തെരഞ്ഞെടുപ്പ് മുഖേന തെരഞ്ഞെടുക്കേണ്ടതാണ്,'';

(2) (5)-ാം ഉപവകുപ്പിൽ ''സർക്കാരോ സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ'' എന്ന വാക്കുകൾക്കു പകരം ''സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനോ അത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(3) (7)-ാം ഉപവകുപ്പിൽ ''സർക്കാരോ അത് അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ'' എന്ന വാക്കുകൾക്കു പകരം ''സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനോ അത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(4) (8)-ാം ഉപവകുപ്പിനു ശേഷം താഴെ പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

''(9) (5)-ാം ഉപവകുപ്പ് പ്രകാരം പട്ടികജാതികൾക്കും പട്ടികവർഗ്ഗങ്ങൾക്കും (6)-ാം ഉപവകുപ്പും (7)-ാം ഉപവകുപ്പും പ്രകാരം സ്ത്രീകൾക്കും സംവരണം ചെയ്ത സീററുകൾ ആവർത്തന ക്രമമനുസരിച്ച് ഏത് വാർഡിലേക്കാണ് നൽകേണ്ടതെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ഇതിലേക്കായി വിജ്ഞാപനം വഴി നിശ്ചയിക്കുന്ന സമയത്തും തീയതിയിലും അപ്രകാരമുള്ള സ്ഥലത്തുവച്ച് കമ്മീഷൻ ഇതിലേക്കായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നറുക്കെടുപ്പിലൂടെ തീരുമാനിക്കേണ്ടതാണ്.

(10) (9)-ാം ഉപവകുപ്പ് പ്രകാരം സംവരണം ചെയ്ത വാർഡുകൾ ഏതെല്ലാമാണെന്ന് തീരുമാനിച്ചാൽ ഉടൻ അപ്രകാരം സംവരണം ചെയ്ത വാർഡുകളുടെ ഒരു ലിസ്ററ് നിർണ്ണയിക്കപ്പെട്ട രീതിയിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിക്കേണ്ടതാണ്.''.

5. <u>7-ാം വകുപ്പിനുള്ള ഭേദഗതി</u>.—പ്രധാന ആക്ററിലെ 7-ാം വകുപ്പിൽ (3)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(3എ) ഒരു കൗൺസിലറുടെ ഉദ്യോഗത്തിലുണ്ടാകുന്ന ആകസ്മിക ഒഴിവ് ആ ഒഴിവ് ഉണ്ടായി ഏഴ് ദിനവസത്തിനകം ബന്ധപ്പെട്ട സെക്രട്ടറി നേരിട്ട് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതും പ്രസ്തുത സമയത്തിനുള്ളിൽ ഒഴിവ് കമ്മീഷനെ അറിയിക്കുന്നതിൽ ന്യായമായ കാരണം കൂടാതെ വീഴ്ച വരുത്തുന്ന സെക്രട്ടറി ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്നതും ഇതിലേക്ക് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് അധികാരമുണ്ടായിരിക്കുന്നതും ആകുന്നു.''.

6. <u>10-ാം വകുപ്പിനുള്ള ഭേദഗതി</u>.—പ്രധാന ആക്ടിലെ 10-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിന്റെ അവസാനം താഴെ പറയുന്ന വാക്കുകൾ ചേർക്കേണ്ടതാണ്, അതായത്:—

LIBRARY ARCHIVES Kerala Legislative Assembly

''ചെയർപേഴ്സൺ'' മുനിസിപ്പാലിററിയുടെ ഒരു മുഴുവൻ സമയ കാര്യ നിർവ്വഹണാധികാരസ്ഥൻ ആയിരിക്കുന്നതാണ്.'';

(2) (2)-ാം ഉപവകുപ്പിൽ ''സർക്കാരോ അത് അധികാരപ്പെടുത്തിയിട്ടുള്ള ഒരു ഉദ്യോഗസ്ഥനോ'' എന്ന വാക്കുകൾക്കുപകരം ''സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(3) (4)-ാം ഉപവകുപ്പിൽ ''സംവരണം ചെയ്യേണ്ടതാണ്'' എന്ന വാക്കുകൾക്കു പകരം ''സർക്കാർ സംവരണം ചെയ്യേണ്ടതും അപ്രകാരം സംവരണം ചെയ്ത സ്ഥാനങ്ങൾ ഓരോ പൊതു തെരഞ്ഞെടുപ്പിനും വേണ്ടി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ഗസററ് വിജ്ഞാപനം വഴി, അതതു സംഗതിപോലെ, വിവിധ ടൗൺ പഞ്ചായത്തുകൾക്കും മുനിസിപ്പൽ കൗൺസിലുകൾക്കും അഥവാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ആവർത്തനക്രമത്തിൽ വീതിച്ചു നൽകേണ്ടതുമാണ്.'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(4) (5)-ാം ഉപവകുപ്പിൽ,—

(എ) ''അതതു സംഗതിപോലെ, സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതും'' എന്ന വാക്കുകൾക്ക് പകരം ''സ്ത്രീകൾക്കായി സർക്കാർ സംവരണം ചെയ്യേണ്ടതും അപ്രകാരം സംവരണം ചെയ്ത സ്ഥാനങ്ങൾ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) ''സർക്കാർ വീതിച്ചു കൊടുക്കാവുന്നതുമാണ്'' എന്ന വാക്കുകൾക്കുപകരം ''വീതിച്ചു കൊടുക്കേണ്ടതുമാണ്'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(5) (6)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

''എന്നിരുന്നാലും, ചെയർപേഴ്സന്റെ ഔദ്യോഗികസ്ഥാനം പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ടവർക്കായി അങ്ങനെ സംവരണം ചെയ്യേണ്ട മുനിസിപ്പാലിററികളിൽ സ്ത്രീകളുടെ ജനസംഖ്യയുടെ ശതമാനം ഏററവും കൂടുതലുള്ള മുനിസിപ്പാലിററികളിൽ ക്രമമനുസരിച്ച് പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതാണ്.'';

(6) (8)-ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(8) ഒരു ചെയർപേഴ്സന്റെ ഉദ്യോഗ കാലാവധി അദ്ദേഹം നേരത്തെ രാജിവയ്ക്കുകയോ ഒരു കൗൺസിലറുടെ സ്ഥാനം വഹിക്കാൻ അയോഗ്യനായിത്തീരുകയോ ചെയ്യാത്തപക്ഷം കൗൺസിലർ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധിക്കൊപ്പം അവസാനിക്കുന്നതാണ്.''.

LIBRARY ARCHIVES Kerala Legislative Assembly

7. 11–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 11–ാം വകുപ്പിൽ (4)–ാം ഉപവകുപ്പിൽ (ബി) ഖണ്ഡത്തിൽ "18–ാം വകുപ്പ് (3)–ാം ഉപവകുപ്പ് പ്രകാരം ചെയർപേഴ്സൺ തന്റെ ചുമതലകൾ ഏതെങ്കിലും കൗൺസിലർക്ക് ഏൽപ്പിച്ചുകൊടുത്തിട്ടില്ലാതിരിക്കുകയും" എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കറ്റും വിട്ടുകളയേണ്ടതാണ്.

8. 12–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 12–ാം വകുപ്പിൽ,—

(1) (5)–ാം ഉപവകുപ്പിൽ 'ആറുമാസത്തിനകം നടത്തേണ്ടതാണ്' എന്ന വാക്കുകൾക്കുപകരം, "നാൽപത്തിയഞ്ചു ദിവസത്തിനകം നടത്തേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (6)–ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6എ) കൗൺസിലർമാരുടെ ഏതെങ്കിലും സ്ഥാനം ഒഴിവുണ്ടെന്നോ അല്ലെങ്കിൽ ഏതെങ്കിലും കൗൺസിലർ തെരഞ്ഞെടുപ്പ് യോഗത്തിൽ ഹാജരായില്ലെന്നോ ഉള്ള കാരണത്തിൻമേൽ ചെയർപേഴ്സന്റെയോ, ഡെപ്യൂട്ടി ചെയർപേഴ്സന്റെയോ തെരഞ്ഞെടുപ്പിന്റെ സാധുത ചോദ്യം ചെയ്യാൻ പാടുള്ളതല്ല.".

9. 15–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 15–ാം വകുപ്പിൽ (4)–ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) ചെയർപേഴ്സണ് ഈ ആക്ട് മൂലമോ അതിൻകീഴിലോ മുനിസിപ്പാലിററിയിൽ നിക്ഷിപ്തമായിട്ടുള്ളതും ഏൽപ്പിച്ചുകൊടുത്തിട്ടുള്ളതുമായ ചുമതലകളെയോ ഭരണനിർവ്വഹണത്തെയോ സംബന്ധിച്ച് ഏതു സംഗതിയെപ്പററിയും ചർച്ച ചെയ്യുന്നതിലേക്കായി, സെക്രട്ടറിയേയോ സർക്കാർ മുനിസിപ്പാലിററിയുടെ അധീനതയിൽ വിട്ടുകൊടുത്ത സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള മുനിസിപ്പാലിററിയുടെ കീഴിലുള്ള ഏതൊരു ഉദ്യോഗസ്ഥനേയോ ജീവനക്കാരനേയോ വിളിക്കാവുന്നതും അപ്രകാരം ചെയർപേഴ്സൺ വിളിക്കുന്ന യോഗങ്ങളിൽ സംബന്ധിക്കുന്നതിനും ചർച്ചകളിൽ പങ്കുകൊള്ളുന്നതിനും പ്രസ്തുത ഉദ്യോഗസ്ഥൻമാർ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

(6) സെക്രട്ടറി, മുനിസിപ്പാലിററിയുടെ അധീനതയിൽ വിട്ടുകൊടുത്തിട്ടുള്ള ഗസററഡ് പദവിയിലുള്ള സർക്കാർ ഉദ്യോഗസ്ഥൻമാർ എന്നിവർ ഒഴികെ, മുനിസിപ്പാലിററിയുടെ കീഴിലുള്ള ഏതൊരു ഉദ്യോഗസ്ഥന്റെയോ ജീവനക്കാരന്റെയോ പേരിൽ കൃത്യവിലോപത്തിനോ ആജ്ഞാലംഘനത്തിനോ ചട്ടങ്ങളുടെയോ സ്ഥിര ഉത്തരവുകളുടെയോ ലംഘനത്തിനോ, അച്ചടക്ക നടപടികൾ എടുക്കേണ്ടിവരുമ്പോൾ ആവശ്യമെങ്കിൽ അവരെ സർവ്വീസിൽനിന്ന് സസ്പെൻറ് ചെയ്യുവാൻ ചെയർപേഴ്സണ് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, ചെയർപേഴ്സൺ, സസ്പെൻഷൻ ഉത്തരവ് കൗൺസിലിന്റെ തൊട്ടടുത്ത യോഗത്തിൽവച്ച് അതിന്റെ സ്ഥിരീകരണം വാങ്ങേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത ഉത്തരവ് അസാധു ആകുന്നതും ആണ്.

(7) ചെയർപേഴ്സണ് സെക്രട്ടറിയിൽ നിന്നോ മുനിസിപ്പാലിററിയുടെ ഏതൊരു ഉദ്യോഗസ്ഥനിൽ നിന്നോ മുനിസിപ്പൽ ഭരണ സംബന്ധമായ ഏതു ഫയലും റിക്കാർഡും രേഖാമൂലം ആവശ്യപ്പെടാവുന്നതും അതിൽ ഈ ആക്ടിലേയോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ അഥവാ സ്ഥിര ഉത്തരവുകളിലേയോ വ്യവസ്ഥകൾക്ക് അനുസൃതമായി നിർദ്ദേശങ്ങളോ ഉത്തരവുകളോ നൽകാൻ അധികാരമുണ്ടായിരിക്കുന്നതുമാണ്:

എന്നാൽ, ചെയർപേഴ്സൺ മുനിസിപ്പൽ ഭരണ സംബന്ധമായി സെക്രട്ടറിയിലോ ഏതെങ്കിലും ഉദ്യോഗസ്ഥനിലോ മാത്രം നിക്ഷിപ്തമായിട്ടുള്ള സ്ററാററ്യൂട്ടറി അധികാരങ്ങൾ വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകളോ റിക്കാർഡുകളോ ആവശ്യപ്പെടുവാൻ പാടില്ലാത്തതാണ്.

(8) കൗൺസിൽ പാസാക്കിയ ഏതെങ്കിലും പ്രമേയം, അത് നിയമാനുസൃതം പാസാക്കിയതല്ലെന്നോ ഈ ആക്ടോ മറേറതെങ്കിലും നിയമമോ പ്രകാരം നൽകിയിട്ടുള്ള അധികാരത്തിൽ കവിഞ്ഞതാണെന്നോ, നടപ്പിൽ വരുത്തിയാൽ മനുഷ്യൻെറ ജീവനേയോ ആരോഗ്യത്തേയോ, പൊതുജനരക്ഷയേയോ, അപകടപ്പെടുത്തിയേക്കാമെന്നോ, ചെയർപേഴ്സൺ കരുതുന്നുവെങ്കിൽ ആ സംഗതി ഉടൻതന്നെ തീരുമാനത്തിനായി സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതാണ്.".

10. 16–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 16–ാം വകുപ്പിൽ (2)–ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) സെക്രട്ടറിയിൽനിന്ന് സർക്കാരിലേക്കും സർക്കാരിലെ ജില്ലാതലപദവിയിൽ കുറയാത്ത പദവിയിലുള്ള മററ് അധികാര സ്ഥാനങ്ങളിലേക്കും മറിച്ചും ഉള്ള എല്ലാ ഔദ്യോഗിക കത്തിടപാടുകളും ചെയർപേഴ്സൺ മുഖേന നടത്തേണ്ടതാണ്:

എന്നാൽ, ചെയർപേഴ്സൺ ഇതിലേക്കായി പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവുമൂലം സെക്രട്ടറിയെ അധികാരപ്പെടുത്തിയതൊഴികെ സർക്കാരിലേക്കോ മററ് തദ്ദേശ സ്ഥാപനങ്ങളിലേക്കോ അയയ്ക്കുന്ന എല്ലാ കത്തുകൾക്കും ചെയർപേഴ്സൻെറ അംഗീകാരമോ അദ്ദേഹത്തിൻെറ കയ്യൊപ്പോ ഉണ്ടായിരിക്കേണ്ടതാണ്:

എന്നിരുന്നാലും, ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിരുദ്ധമായി പാസാക്കിയ പ്രമേയങ്ങളെ സംബന്ധിച്ചും സർക്കാർ ആവശ്യപ്പെടുന്ന ഏതെങ്കിലും വിവരമോ സ്റേറററുമെൻേറാ റിക്കാർഡോ നൽകുന്നതിലേക്കും, സെക്രട്ടറിക്ക് സർക്കാരുമായി നേരിട്ട് കത്തിടപാടുകൾ നടത്താവുന്നതാണ്.".

11. 18–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 18–ാം വകുപ്പിൽ (6)–ാം ഉപവകുപ്പിൽ "(1)–ാം ഉപവകുപ്പുപ്രകാരം ഏൽപ്പിച്ചുകൊടുത്തിട്ടുള്ള ചുമതലകളുടെയും (2)–ാം ഉപവകുപ്പോ (3)–ാം ഉപവകുപ്പോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ബ്രാക്കററുകൾക്കും പകരം "(1)–ാം ഉപവകുപ്പോ (3)–ാം ഉപവകുപ്പോ പ്രകാരം ഏൽപ്പിച്ചുകൊടുത്ത ചുമതലകളുടേയും (2)–ാം ഉപവകുപ്പ്" എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കററും ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

12. <u>19–ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്ടിലെ 19–ാം വകുപ്പിൽ,—

(1) (1)–ാം ഉപവകുപ്പിൽ "സ്റ്റാൻഡിംഗ് കമ്മിററി ചെയർമാന്റെയോ" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(2) (4)–ാം ഉപവകുപ്പിൽ (എ) ഖണ്ഡത്തിൽ "ഡെപ്യൂട്ടി ചെയർപേഴ്സണോ അല്ലെങ്കിൽ ഒരു സ്റ്റാൻഡിംഗ് കമ്മിററിയുടെ ചെയർമാനോ" എന്ന വാക്കുകൾക്കു പകരം "ഡെപ്യൂട്ടി ചെയർപേഴ്സൺ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(3) (4)–ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്,—

"(4എ) (2)–ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഈ വകുപ്പുപ്രകാരം വിളിച്ചുകൂട്ടിയ യോഗത്തിൽ ഒരു നിരീക്ഷകനായി പങ്കെടുക്കേണ്ടതാണ്.";

(4) (10)–ാം ഉപവകുപ്പിൽ "അയച്ചുകൊടുക്കേണ്ടതാണ്" എന്ന വാക്കുകൾക്കു പകരം "അയച്ചുകൊടുക്കേണ്ടതും (2)–ാം ഉപവകുപ്പുപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ യോഗനടപടികൾ സംബന്ധിച്ച ഒരു റിപ്പോർട്ട് സർക്കാരിന് ഉടൻതന്നെ അയച്ചുകൊടുക്കേണ്ടതും ആണ്" എന്ന വാക്കുകളും അക്കവും ബ്രാക്കററും ചേർക്കേണ്ടതാണ്;

(5) (11)–ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(11) മുനിസിപ്പാലിററിക്ക് 6–ാം വകുപ്പുപ്രകാരം വിജ്ഞാപനം ചെയ്ത ആകെ അംഗങ്ങളിൽ ഭൂരിപക്ഷം കൗൺസിലർമാരുടെ പിന്തുണയോടുകൂടി പ്രമേയം പാസ്സാക്കുകയാണെങ്കിൽ, അതിനുശേഷം, അതതു സംഗതിപോലെ, ചെയർപേഴ്സന്റെയോ, ഡെപ്യൂട്ടി ചെയർപേഴ്സന്റെയോ ഉദ്യോഗം അവസാനിക്കുന്നതും അവരുടെ സ്ഥാനങ്ങൾ ഉടൻതന്നെ ഒഴിഞ്ഞതായി കരുതേണ്ടതും, (2)–ാം ഉപവകുപ്പുപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പ്രസ്തുത സ്ഥാനങ്ങളിൽ ഉണ്ടായ ഒഴിവ് സർക്കാരിനും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനും റിപ്പോർട്ട് ചെയ്യേണ്ടതും ആ വിവരം മുനിസിപ്പാലിററിയിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിപ്പിക്കേണ്ടതും അപ്രകാരമുള്ള ഒരു റിപ്പോർട്ട് കിട്ടിയാലുടൻ, സർക്കാർ, അതത് സംഗതിപോലെ, ചെയർപേഴ്സണോ ഡെപ്യൂട്ടി ചെയർപേഴ്സണോ അയാളുടെ സ്ഥാനം ഒഴിഞ്ഞ വിവരം ഗസററിൽ പ്രസിദ്ധീകരിക്കേണ്ടതും ആണ്.";

(6) (12)–ാം ഉപവകുപ്പിൽ "സ്റ്റാൻഡിംഗ് കമ്മിററിയുടെ ചെയർമാന്റെയോ" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(7) (13)–ാം ഉപവകുപ്പിൽ "സ്റ്റാൻഡിംഗ് കമ്മിററിയുടെ ചെയർമാനോ" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

13. <u>20–ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.</u>—പ്രധാന ആക്ടിലെ 20–ാം വകുപ്പിനു പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

LIBRARY ARCHIVES Kerala Legislative Assembly

"20. സ്റ്റാൻഡിംഗ് കമ്മിറ്റികൾ.—ഓരോ മുനിസിപ്പാലിറ്റിയിലും താഴെ പറയുന്ന പ്രകാരമുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) ഒരു ടൗൺ പഞ്ചായത്തിൽ
(1) ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
(2) വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
(3) ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി.

(ബി) ഒരു മുനിസിപ്പൽ കൗൺസിലിൽ
(1) ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
(2) വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
(3) ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
(4) ആരോഗ്യ—വിദ്യാഭ്യാസകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
(5) മരാമത്ത് കാര്യ സ്റ്റാൻറിംഗ് കമ്മിറ്റി.

(സി) ഒരു മുനിസിപ്പൽ കോർപ്പറേഷനിൽ
(1) ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
(2) വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
(3) ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
(4) ആരോഗ്യ—വിദ്യാഭ്യാസകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
(5) മരാമത്ത് കാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
(6) നഗരാസൂത്രണകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
(7) നികുതി അപ്പീൽ കാര്യ സ്റ്റാൻറിംഗ് കമ്മിറ്റി.

14. 21-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 21-ാം വകുപ്പിനുപകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"21. സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ഘടനയും തെരഞ്ഞെടുപ്പും.—(1) ഓരോ സ്റ്റാൻറിംഗ് കമ്മിറ്റിയിലും അതിന്റെ ചെയർമാൻ ഉൾപ്പെടെ കൗൺസിൽ നിശ്ചയിക്കുന്നത്ര അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അത്, ചെയർപേഴ്സണും ഡെപ്യൂട്ടി ചെയർപേഴ്സണും ഒഴികെ മറ്റെല്ലാ കൗൺസിലർമാരും ഏതെങ്കിലും സ്റ്റാൻറിംഗ് കമ്മിറ്റിയിൽ അംഗമായി തെരഞ്ഞെടുക്കപ്പെടുന്ന വിധത്തിലും അങ്ങനെ ഓരോ സ്റ്റാൻറിംഗ് കമ്മിറ്റിയിലും തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം കഴിയുന്നതും തുല്യമാകുന്ന വിധത്തിലും ആയിരിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം കൗൺസിൽ നിശ്ചയിച്ച ഓരോ സ്റ്റാൻറിംഗ് കമ്മിറ്റിയിലെയും അംഗസംഖ്യയിൽ ആ കൗൺസിലിന്റെ കാലാവധിക്കുള്ളിൽ യാതൊരു മാറ്റവും വരുത്താൻ പാടുള്ളതല്ല.



LIBRARY ARCHIVES Kerala Legislative Assembly

(3) ഓരോ സ്ററാൻഡിംഗ് കമ്മിററിയിലും കൗൺസിലർമാർ തങ്ങൾക്കിടയിൽനിന്ന് ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് ഒററ കൈമാററ വോട്ടുമൂലം തെരഞ്ഞെടുക്കുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതും, ഒരു കൗൺസിലർ ഒരേസമയം ഒന്നിലധികം സ്ററാൻറിംഗ് കമ്മിററിയിൽ അംഗമായിരിക്കുവാൻ പാടില്ലാത്തതുമാകുന്നു.

(4) ധനകാര്യ സ്ററാൻറിംഗ് കമ്മിററി ഒഴികെ മറെറതൊരു സ്ററാൻറിംഗ് കമ്മിററിയുടെയും ചെയർമാനെ അതതു സ്ററാൻറിംഗ് കമ്മിററിയിലെ അംഗങ്ങൾ അവരുടെ ഇടയിൽനിന്നും തെരഞ്ഞെടുക്കേണ്ടതാണ്.

(5) ഡെപ്യൂട്ടി ചെയർപേഴ്സൺ ധനകാര്യ സ്ററാൻറിംഗ് കമ്മിററിയുടെ എക്സ് ഒഫിഷ്യോ അംഗവും, ചെയർമാനുമായിരിക്കുന്നതാണ്.

(6) ചെയർപേഴ്സൺ എല്ലാ സ്ററാൻറിംഗ് കമ്മിററികളിലും വോട്ടവകാശമില്ലാത്ത എക്സ് ഒഫിഷ്യോ അംഗമായിരിക്കുന്നതാണ്.

(7) ഒരു സ്ററാൻറിംഗ് കമ്മിററിയിലെ അംഗമായോ അതിന്റെ ചെയർമാനായോ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഒരു കൗൺസിലർ നേരത്തെ ആ ഉദ്യോഗം രാജി വയ്ക്കാത്തപക്ഷം കൗൺസിലർ എന്ന നിലയിൽ തന്റെ ഉദ്യോഗ കാലാവധി തീരുന്നതുവരെ ആ കമ്മിററിയിലെ അംഗമായോ ചെയർമാനായോ, ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(8) സ്ററാൻറിംഗ് കമ്മിററിയിലെ ഒരംഗത്തിന്റെ സ്ഥാനത്തുണ്ടാകുന്ന ആകസ്മിക ഒഴിവ് നികത്താനുള്ള തിരഞ്ഞെടുപ്പ് ആ ഒഴിവുണ്ടായി മുപ്പതു ദിവസത്തിനകം നടത്തേണ്ടതാണ്:

എന്നാൽ, ഒരു കൗൺസിലറുടെ സ്ഥാനത്ത് ഒഴിവുണ്ടായിരിക്കുന്നതുമൂലം സ്ററാൻറിംഗ് കമ്മിററിയിലെ ഒഴിവു നികത്താൻ കഴിയാത്ത സംഗതിയിൽ കൗൺസിലറുടെ ഒഴിവു നികത്തി മുപ്പതു ദിവസത്തിനകം സ്ററാൻറിംഗ് കമ്മിററിയിലെ ഒഴിവ് നികത്തേണ്ടതാണ്.

(9) നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്കും നടപടിക്രമങ്ങൾക്കും വിധേയമായി ധനകാര്യ സ്ററാൻറിംഗ് കമ്മിററിയല്ലാത്ത ഒരു സ്ററാൻറിംഗ് കമ്മിററിയുടെ ചെയർമാനിൽ അവിശ്വാസം പ്രകടിപ്പിക്കുന്ന ഒരു പ്രമേയം അവതരിപ്പിക്കാവുന്നതും അപ്രകാരമുള്ള പ്രമേയം സ്ററാൻറിംഗ് കമ്മിററിയിൽ ആകെയുള്ള അംഗങ്ങളിൽ ഭൂരിപക്ഷത്തിൽ കുറയാതെയുള്ളവരുടെ പിന്തുണയോടുകൂടി പാസ്സാക്കുകയാണെങ്കിൽ ആ സ്ററാൻറിംഗ് കമ്മിററിയുടെ ചെയർമാന്റെ ഉദ്യോഗം അവസാനിക്കുന്നതും അദ്ദേഹം സ്ററാൻറിംഗ് കമ്മിററിയുടെ ചെയർമാൻസ്ഥാനം ഉടൻ ഒഴിഞ്ഞതായി കണക്കാക്കേണ്ടതുമാണ്.".

15. 22-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 22-ാം വകുപ്പിനുപകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"22. സ്ററാൻറിംഗ് കമ്മിററിയുടെ ചുമതലകൾ.—(1) മുനിസിപ്പാലിററിയുടെ സ്ററാൻറിംഗ് കമ്മിററികളുടെ അധികാരങ്ങളും ചുമതലകളും താഴെ പറയുന്ന പ്രകാരം ആയിരിക്കുന്നതാണ്, അതായത്:—

LIBRARY ARCHIVES Kerala Legislative Assembly

(എ) ടൗൺ പഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിററി,

(i) ബഡ്ജററ് ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കേണ്ടതും ടൗൺ പഞ്ചായത്തിന് കിട്ടേണ്ടതായ നികുതികളുടെയും ഫീസുകളുടെയും, വാടകകളുടെയും മററ് തുകകളുടെയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടതും;

(ii) ടൗൺ പഞ്ചായത്തിന്റെ അക്കൗണ്ടുകൾ കൂടെക്കൂടെ പരിശോധിക്കേണ്ടതും;

(iii) സർക്കാരിൽനിന്നും വിതരണം ചെയ്യുന്ന ഗ്രാന്റുകളും അവയുടെ ശരിയായ ഉപയോഗവും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടതും;

(iv) അക്കൗണ്ടുകൾ മാസംതോറും ആഡിററ് ചെയ്യേണ്ടതും, മാസംതോറുമുള്ള തുക ആവശ്യപ്പെടലും, തുക പിരിച്ചെടുക്കലും, നീക്കിയിരിപ്പു തുകയും സെക്രട്ടറി സമർപ്പിക്കുന്ന പ്രകാരമുള്ള തൊട്ടുമുമ്പുള്ള മാസത്തെ വരവു ചെലവുകളുടെ സംക്ഷേപവും പരിശോധിക്കേണ്ടതും;

(v) കൗൺസിലിനു ലഭിക്കേണ്ടതും വസൂലാക്കാവുന്നതല്ലെന്ന് കമ്മിററിക്ക് തോന്നുന്നതുമായ തുകകൾ നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കു വിധേയമായി എഴുതിത്തള്ളാവുന്നതും;

(vi) വാർഷിക അക്കൗണ്ടുകളും തുക ആവശ്യപ്പെടലുകളും പിരിച്ചെടുത്ത തുകയും നീക്കിയിരിപ്പുതുകയും സൂക്ഷ്മപരിശോധന നടത്തേണ്ടതും;

(vii) 286-ാം വകുപ്പ് പ്രകാരം ബഡ്ജററ് എസ്റ്റിമേററ് തയ്യാറാക്കി അത് കൗൺസിലിന്റെ മുമ്പാകെ വയ്ക്കേണ്ടതും;

(viii) ടൗൺ പഞ്ചായത്ത് ചെലവാക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകയും കൗൺസിൽ അനുമതി നൽകിയിട്ടുള്ള ബഡ്ജററിൽ വകയിരുത്തിയിട്ടുള്ളതാണോ എന്നും അതിലേക്ക് ആവശ്യമായ തുക ഉണ്ടോയെന്നും പരിശോധിക്കേണ്ടതും;

(ix) കൗൺസിൽ നിർദ്ദേശിക്കുന്നപക്ഷം ടൗൺ പഞ്ചായത്തിലെ ജീവനക്കാർക്കെതിരെയുള്ള ആരോപണങ്ങളിൻമേൽ അന്വേഷണം നടത്തേണ്ടതും അതിന്റെ ഫലം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും;

(x) നികുതി സംബന്ധമായ അപ്പീലുകൾ തീർപ്പാക്കേണ്ടതും നികുതി ചുമത്തുന്നതിൽനിന്ന് വിട്ടുപോയ കേസുകളിൽ നികുതി ചുമത്തുന്നതിലേക്കും, മൂല്യം കുറച്ചു നികുതി ചുമത്തിയ കേസുകൾ പുനഃപരിശോധിക്കുന്നതിലേക്കും, സെക്രട്ടറിക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതും ആകുന്നു.

(ബി) ടൗൺ പഞ്ചായത്തിന്റെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിററി, കൃഷി, മണ്ണുസംരക്ഷണം, സാമൂഹ്യ വനവൽക്കരണം, ക്ഷീരവികസനം, ചെറുകിട മൃഗ സംരക്ഷണം, ചെറുകിട ജലസേചനം, മത്സ്യ ബന്ധനം, ചെറുകിട വ്യവസായം, ഇൻസ്റ്റിററ്യൂഷണൽ ഫിനാൻസ്, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണം ഉൾപ്പെടെയുള്ള നഗരാസൂത്രണം, പരിസ്ഥിതി, വൈദ്യുതി, ശുദ്ധജല വിതരണം, ഡ്രെയിനേജും അഴുക്കുചാൽ നിർമ്മാണവും എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതും സാമൂഹ്യ സാമ്പത്തിക പ്ലാനും, സ്പേഷ്യൽ പ്ലാനും സംയോജിപ്പിച്ച് ടൗൺ പഞ്ചായത്തിന്റെ **വികസന** പദ്ധതികൾ തയ്യാറാക്കേണ്ടതും ആകുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ടൗൺ പഞ്ചായത്തിന്റെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, പട്ടികജാതി—പട്ടികവർഗ്ഗ വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷാ പെൻഷനും ധനസഹായവും, ചേരിപരിഷ്ക്കരണം, ദാരിദ്ര്യനിർമ്മാർജ്ജനം, പൊതുവിതരണ സമ്പ്രദായം, പൊതുജനാരോഗ്യവും ആരോഗ്യ സേവനവും, ശുചീകരണം, വിദ്യാഭ്യാസം, കലയും സംസ്ക്കാരവും, കായികവിനോദം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്;

(ഡി) ഒരു മുനിസിപ്പൽ കൗൺസിലിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി,—

(i) ബഡ്ജറ്റ് ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കേണ്ടതും മുനിസിപ്പൽ കൗൺസിലിന് കിട്ടേണ്ടതായ നികുതികളുടെയും ഫീസുകളുടെയും വാടകകളുടെയും മററ് തുകകളുടെയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടതും;

(ii) മുനിസിപ്പൽ കൗൺസിലിന്റെ അക്കൗണ്ടുകൾ കൂടെക്കൂടെ പരിശോധിക്കേണ്ടതും;

(iii) സർക്കാരിൽനിന്നും വിതരണം ചെയ്യുന്ന ഗ്രാന്റുകളും അവയുടെ ശരിയായ ഉപയോഗവും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടതും;

(iv) അക്കൗണ്ടുകൾ മാസംതോറും ആഡിററ് ചെയ്യേണ്ടതും, മാസംതോറുമുള്ള തുക ആവശ്യപ്പെടലും, തുക പിരിച്ചെടുക്കലും, നീക്കിയിരിപ്പു തുകയും സെക്രട്ടറി സമർപ്പിക്കുന്ന പ്രകാരമുള്ള തൊട്ടുമുമ്പുള്ള മാസത്തെ വരവു ചെലവുകളുടെ സംക്ഷേപവും പരിശോധിക്കേണ്ടതും;

(v) കൗൺസിലിന് ലഭിക്കേണ്ടതും വസൂലാക്കാവുന്നതല്ലെന്ന് കമ്മിററിക്ക് തോന്നുന്നതുമായ തുകകൾ നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്ക് വിധേയമായി എഴുതി തള്ളാവുന്നതും;

(vi) വാർഷിക അക്കൗണ്ടുകളും തുക ആവശ്യപ്പെടലുകളും പിരിച്ചെടുത്ത തുകയും നീക്കിയിരിപ്പു തുകയും സൂക്ഷ്മപരിശോധന നടത്തേണ്ടതും;

(vii) 286-ാം വകുപ്പുപ്രകാരം ബഡ്ജററ് എസ്ററിമേററ് തയ്യാറാക്കി അത് കൗൺസിലിന്റെ മുമ്പാകെ വയ്ക്കേണ്ടതും;

(viii) മുനിസിപ്പൽ കൗൺസിൽ ചെലവാക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകയും കൗൺസിൽ അനുമതി നൽകിയിട്ടുള്ള ബഡ്ജററിൽ വകയിരുത്തിയിട്ടുള്ളതാണോ എന്നും അതിലേക്ക് ആവശ്യമായ തുക ഉണ്ടോയെന്നും പരിശോധിക്കേണ്ടതും;

(ix) കൗൺസിൽ നിർദ്ദേശിക്കുന്നപക്ഷം മുനിസിപ്പൽ കൗൺസിലിലെ ജീവനക്കാർക്ക് എതിരെയുള്ള ആരോപണങ്ങളിൻമേൽ അന്വേഷണം നടത്തേണ്ടതും അതിന്റെ ഫലം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതും;

LIBRARY ARCHIVES Kerala Legislative Assembly

(x) നികുതി സംബന്ധമായ അപ്പീലുകൾ തീർപ്പാക്കേണ്ടതും, നികുതി ചുമത്തുന്നതിൽനിന്ന് വിട്ടുപോയ കേസുകളിൽ നികുതി ചുമത്തുന്നതിലേക്കും, മൂല്യം കുറച്ച് നികുതി ചുമത്തിയ കേസുകൾ പുനഃ പരിശോധിക്കുന്നതിലേക്കും സെക്രട്ടറിക്ക് നിർദ്ദേശം നൽകേണ്ടതും ആകുന്നു.

(ഇ) മുനിസിപ്പൽ കൗൺസിലിന്റെ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിററി, കൃഷി, മണ്ണുസംരക്ഷണം, സാമൂഹ്യ വനവൽക്കരണം, മൃഗ സംരക്ഷണം, ക്ഷീരവികസനം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, സഹകരണം, ഇൻസ്ററിററ്യൂഷണൽ ഫിനാൻസ് എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതും, മററ് സ്റ്റാന്റിംഗ് കമ്മിററികളുടെ നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് മുനിസിപ്പൽ കൗൺസിലിന്റെ വികസന പദ്ധതികൾ തയ്യാറാക്കേണ്ടതും ആകുന്നു;

(എഫ്) മുനിസിപ്പൽ കൗൺസിലിന്റെ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിററി, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, പട്ടികജാതി—പട്ടികവർഗ്ഗ വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷാ പെൻഷനും ധനസഹായവും, ദാരിദ്ര്യ നിർമ്മാർജ്ജനം, ചേരി പരിഷ്ക്കരണം, പൊതു വിതരണ സമ്പ്രദായം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്;

(ജി) മുനിസിപ്പൽ കൗൺസിലിന്റെ ആരോഗ്യ—വിദ്യാഭ്യാസ കാര്യ സ്റ്റാന്റിംഗ് കമ്മിററി പൊതുജനാരോഗ്യവും ആരോഗ്യസേവനവും, ശുചീകരണം, അപകടകരവും അസഹ്യതയുണ്ടാക്കുന്നതുമായ വ്യാപാരങ്ങളുടെ നിയന്ത്രണം, വിദ്യാഭ്യാസം, കല, സംസ്ക്കാരം, കായികവിനോദം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്;

(എച്ച്) മുനിസിപ്പൽ കൗൺസിലിന്റെ മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിററി, പൊതുമരാമത്ത്, പാർപ്പിടസൗകര്യം, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം ഉൾപ്പെടെയുള്ള നഗരാസൂത്രണം, പരിസ്ഥിതി, വൈദ്യുതി, ശുദ്ധജലവിതരണം, ഡ്രെയിനേജ്, അഴുക്കുചാൽ നിർമ്മാണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്;

(ഐ) മുനിസിപ്പൽ കോർപ്പറേഷന്റെ ധനകാര്യ സ്റ്റാന്റിംഗ കമ്മിററി,—

(i) ബഡ്ജററ് ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കേണ്ടതും, മുനിസിപ്പൽ കോർപ്പറേഷന് കിട്ടേണ്ടതായ നികുതികളുടെയും ഫീസുകളുടെയും, വാടകകളുടെയും, മററ് തുകകളുടെയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടതും;

(ii) മുനിസിപ്പൽ കോർപ്പറേഷന്റെ അക്കൗണ്ടുകൾ കൂടെക്കൂടെ പരിശോധിക്കേണ്ടതും;

(iii) സർക്കാരിൽനിന്നും വിതരണം ചെയ്യുന്ന ഗ്രാന്റുകളും അവയുടെ ശരിയായ ഉപയോഗവും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടതും;

LIBRARY ARCHIVES Kerala Legislative Assembly

(iv) അക്കൗണ്ടുകൾ മാസംതോറും ആഡിററ് ചെയ്യേണ്ടതും, മാസംതോറുമുള്ള തുക ആവശ്യപ്പെടലും തുക പിരിച്ചെടുക്കലും, നീക്കിയിരിപ്പു തുകയും സെക്രട്ടറി സമർപ്പിക്കുന്ന പ്രകാരമുള്ള തൊട്ടുമുമ്പുള്ള മാസത്തെ വരവു ചെലവുകളുടെ സംക്ഷേപവും പരിശോധിക്കേണ്ടതും;

(v) കൗൺസിലിന് ലഭിക്കേണ്ടതും വസൂലാക്കാവുന്നതല്ലെന്ന കമ്മിററിക്ക് തോന്നുന്നതുമായ തുകകൾ നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്ക് വിധേയമായി എഴുതിത്തള്ളാവുന്നതും;

(vi) വാർഷിക അക്കൗണ്ടുകളും, തുക ആവശ്യപ്പെടലുകളും, പിരിച്ചെടുത്ത തുകയും, നീക്കിയിരിപ്പുതുകയും സൂക്ഷ്മ പരിശോധന നടത്തേണ്ടതും;

(vii) 286–ാം വകുപ്പ് പ്രകാരം ബഡ്ജററ് എസ്ററിമേററ് തയ്യാറാക്കി അത് കൗൺസിലിന്റെ മുമ്പാകെ വയ്ക്കേണ്ടതും;

(viii) മുനിസിപ്പൽ കോർപ്പറേഷൻ ചെലവാക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകയും കൗൺസിൽ അനുമതി നൽകിയിട്ടുള്ള ബഡ്ജററിൽ വകയിരുത്തിയിട്ടുള്ളതാണോ എന്നും അതിലേക്ക് ആവശ്യമായ തുക ഉണ്ടോ യെന്നും പരിശോധിക്കേണ്ടതും;

(ix) കൗൺസിൽ നിർദ്ദേശിക്കുന്നപക്ഷം മുനിസിപ്പൽ കോർപ്പറേഷനിലെ ജീവനക്കാർക്ക് എതിരെയുള്ള ആരോപണങ്ങളിൻമേൽ അന്വേഷണം നടത്തേണ്ടതും, അതിന്റെ ഫലം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും ആകുന്നു.

(ജെ) മുനിസിപ്പൽ കോർപ്പറേഷന്റെ വികസനകാര്യ സ്ററാൻറിംഗ് കമ്മിററി, കൃഷി, മണ്ണുസംരക്ഷണം, സാമൂഹ്യവനവത്കരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, സഹകരണം, ഇൻസ്ററിററ്യൂഷണൽ ഫിനാൻസ് എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതും മററ് സ്ററാൻറിംഗ് കമ്മിററികളുടെ നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് മുനിസിപ്പൽ കോർപ്പറേഷന്റെ വികസന പദ്ധതികൾ തയ്യാറാക്കേണ്ടതുമാണ്;

(കെ) മുനിസിപ്പൽ കോർപ്പറേഷന്റെ ക്ഷേമകാര്യ സ്ററാൻറിംഗ് കമ്മിററി, സ്ത്രീകളുടേയും കുട്ടികളുടേയും വികസനം, പട്ടികജാതി–പട്ടികവർഗ്ഗ വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷാ പെൻഷനും ധനസഹായവും, ചേരി പരിഷ്ക്കരണം, പൊതുവിതരണ സമ്പ്രദായം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്;

(എൽ) മുനിസിപ്പൽ കോർപ്പറേഷന്റെ ആരോഗ്യ–വിദ്യാഭ്യാസ കാര്യ സ്ററാൻറിംഗ് കമ്മിററി, പൊതുജനാരോഗ്യവും ആരോഗ്യസേവനവും, ശുചീകരണം, വിദ്യാഭ്യാസം, കായികവിനോദം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്;

(എം) മുനിസിപ്പൽ കോർപ്പറേഷന്റെ മരാമത്ത് കാര്യ സ്ററാൻറിംഗ് കമ്മിററി, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, വൈദ്യുതി, ശുദ്ധജല വിതരണം, ഡ്രെയിനേജ്, അഴുക്കുചാൽ നിർമ്മാണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(എൻ) മുനിസിപ്പൽ കോർപ്പറേഷന്റെ നഗരാസൂത്രണകാര്യ സ്ററാൻറിംഗ് കമ്മിററി കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണം ഉൾപ്പെടെയുള്ള നഗരാസൂത്രണം, പരിസ്ഥിതി, നഗരം മോടി പിടിപ്പിക്കൽ, കലയും സംസ്കാരവും ഉദ്ധരിക്കൽ, സ്മാരകങ്ങളുടെയും പൗരാണിക പ്രാധാന്യവും പാരമ്പര്യമൂല്യവും ഉള്ളതും പ്രകൃതിരമണീയവുമായ പ്രദേശങ്ങളുടെയും കെട്ടിടങ്ങളുടെയും സംരക്ഷണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്;

(ഒ) മുനിസിപ്പൽ കോർപ്പറേഷന്റെ നികുതി അപ്പീൽ കാര്യ സ്ററാൻറിംഗ് കമ്മിററി നികുതി സംബന്ധമായ അപ്പീലുകൾ തീർപ്പാക്കേണ്ടതും നികുതി ചുമത്തുന്നതിൽനിന്നും വിട്ടുപോയ കേസുകളിൽ നികുതി ചുമത്തുന്നതിലേക്കും മൂല്യം കുറച്ച് നികുതി ചുമത്തിയ കേസുകൾ പുനഃപരിശോധിക്കുന്നതിലേക്കും സെക്രട്ടറിക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

(2) മുനിസിപ്പാലിററികളുടെ സ്ററാൻഡിംഗ് കമ്മിററികൾക്ക് (1)-ാം ഉപവകുപ്പ് പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾക്കും കർത്തവ്യങ്ങൾക്കും പുറമെ കൗൺസിൽ അതാതു വിഷയങ്ങളിൽ നൽകുന്ന മററ് അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കാവുന്നതാണ്.

(3) സ്ററാൻഡിംഗ് കമ്മിററി പാസ്സാക്കുന്ന ഏതൊരു പ്രമേയവും കൗൺസിലിന്റെ തൊട്ടടുത്ത യോഗത്തിൽ വയ്ക്കേണ്ടതും, ആവശ്യമുള്ള പക്ഷം കൗൺസിലിന് അതിൽ വേണ്ട മാററം വരുത്തുവാൻ അധികാരമുണ്ടായിരിക്കുന്നതുമാണ്.''.

16. 23-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്ടിലെ 23-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(1) ഓരോ മുനിസിപ്പാലിററിയിലും ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ, സ്ററാൻറിംഗ് കമ്മിററികളുടെ ചെയർമാൻമാർ എന്നിവർ അടങ്ങിയ ഒരു സ്ററിയറിംഗ് കമ്മിററി ഉണ്ടായിരിക്കേണ്ടതും, ചെയർപേഴ്സൺ പ്രസ്തുത കമ്മിററിയുടെ ചെയർമാൻ ആയിരിക്കേണ്ടതുമാണ്.'';

(2) (2)-ാം ഉപവകുപ്പിൽ (ബി) ഖണ്ഡം വിട്ടുകളയേണ്ടതാണ്.

17. 24-ാം വകുപ്പ് വിട്ടുകളയൽ.— പ്രധാന ആക്ടിലെ 24-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

18. 26-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്ടിലെ 26-ാം വകുപ്പിൽ,—

(1) മാർജിനൽ ശീർഷകത്തിനുപകരം ''സ്ററാൻറിംഗ് കമ്മിററി ചെയർമാന്റെ ചുമതലകൾ'' എന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(2) (1)ഉം (2)ഉം ഉപവകുപ്പുകൾ വിട്ടുകളയേണ്ടതും (3), (4), (5) എന്നീ ഉപവകുപ്പുകൾ യഥാക്രമം ആ വകുപ്പിന്റെ (1), (2), (3) എന്നീ ഉപവകുപ്പുകളായി അക്കമിടേണ്ടതും ആകുന്നു.

19. 27—ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 27—ാം വകുപ്പിൽ,—

(1) (1)—ാം ഉപവകുപ്പിൽ ''നികുതി ചുമത്തലിന്റെയും ധനകാര്യത്തിന്റെയും അക്കൗണ്ടുകളുടെയും സ്റ്റാന്റിംഗ് കമ്മിററിയല്ലാത്ത'' എന്ന വാക്കുകൾക്കുപകരം ''ധനകാര്യ സ്റ്റാന്റിംഗ് കമ്മിററിയല്ലാത്ത'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (4)—ാം ഉപവകുപ്പിൽ ''നികുതി ചുമത്തലിനും ധനകാര്യത്തിനും അക്കൗണ്ടുകൾക്കും വേണ്ടിയുള്ള ഒരു സ്റ്റാന്റിംഗ് കമ്മിററിയിലെ'' എന്ന വാക്കുകൾക്കു പകരം ''ധനകാര്യ സ്റ്റാന്റിംഗ് കമ്മിററിയിലെ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

20. 28—ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 28—ാം വകുപ്പിനുപകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''28. രാജിവയ്ക്കാനുള്ള അധികാരം.—(1) ഒരു സ്റ്റാന്റിംഗ് കമ്മിററിയിലെ എക്സ് ഒഫീഷ്യോ അംഗമല്ലാത്ത ഒരംഗത്തിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിററി ഒഴിച്ചുള്ള ഒരു സ്റ്റാന്റിംഗ് കമ്മിററിയുടെ ചെയർമാനും നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ സെക്രട്ടറിക്ക് രാജി നൽകിക്കൊണ്ട്, അതതു സംഗതിപോലെ, സ്റ്റാന്റിംഗ് കമ്മിററി അംഗത്വമോ ചെയർമാൻ സ്ഥാനമോ രാജി വയ്ക്കാവുന്നതും സെക്രട്ടറിക്ക് അത് ലഭിക്കുന്ന തീയതി മുതൽ രാജി പ്രാബല്യത്തിൽ വരുന്നതും സെക്രട്ടറി അക്കാര്യം ഉടൻതന്നെ ചെയർപേഴ്സനെയും കൗൺസിലിനെയും അറിയിക്കേണ്ടതുമാണ്.

(2) സ്റ്റാന്റിംഗ് കമ്മിററിയിലെ അംഗത്വമോ ചെയർമാൻ സ്ഥാനമോ രാജി വയ്ക്കുന്ന ആൾ തന്റെ രാജി നേരിട്ടോ അല്ലെങ്കിൽ ഒരു ഗസററഡ് ഉദ്യോഗസ്ഥൻ അങ്ങനെയുള്ള രാജിക്കത്ത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിൽ രജിസ്റേറർഡ് പോസ്ററായോ സെക്രട്ടറിക്ക്, അതതു സംഗതിപോലെ നൽകുകയോ, അയച്ചുകൊടുക്കുകയോ ചെയ്യേണ്ടതും അതു കിട്ടിയതിന് സെക്രട്ടറി അക്നോളഡ്ജ്മെന്റ് നൽകേണ്ടതുമാണ്.

(3) ഒരു സ്റ്റാന്റിംഗ് കമ്മിററിയിലെ ഭൂരിപക്ഷം അംഗങ്ങളുടെ രാജിമൂലമോ മററ് ഏതെങ്കിലും കാരണത്താലോ അതിന് ശരിയായി പ്രവർത്തിക്കാൻ സാധിക്കാത്തപക്ഷം ആ സ്റ്റാന്റിംഗ് കമ്മിററി പുനർ രൂപീകരിക്കുന്നതുവരെ അതിന്റെ അധികാരങ്ങളും ചുമതലകളും സ്റ്റീയറിംഗ് കമ്മിററിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.''.

LIBRARY ARCHIVES Kerala Legislative Assembly

21. 30-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 30-ാം വകുപ്പിൽ,—

(1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(1) ഒന്നാം പട്ടികയിൽ വിവരിച്ചിട്ടുള്ള സംഗതികളെ സംബന്ധിച്ച് ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ ഭരണം, ഈ ആക്ടിലെ വ്യവസ്ഥകൾക്കും ഇതിലേക്കായി നിർണ്ണയിക്കപ്പെടുന്ന മററ് വ്യവസ്ഥകൾക്കും മററ് നിയമങ്ങളിലെയും അവയ്ക്ക് കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും വിധേയമായി മുനിസിപ്പാലിററിയിൽ നിക്ഷിപ്തമായിരിക്കുന്നതും ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കുമുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനും അതിന് അധികാരവും ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതുമാണ്:

എന്നാൽ, ഒന്നാം പട്ടികയിൽ അനിവാര്യ ചുമതലകളായി ഇനം തിരിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് മുനിസിപ്പൽ പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനം ലഭ്യമാക്കേണ്ടത് മുനിസിപ്പാലിററിയുടെ കർത്തവ്യമായിരിക്കുന്നതാണ്.'';

(2) (2)-ാം ഉപവകുപ്പിൽ ''ആവശ്യമായേക്കാവുന്ന'' എന്ന വാക്കിനു പകരം ''നിർണ്ണയിക്കപ്പെട്ട പ്രകാരം'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(3) (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

''(5) മുനിസിപ്പാലിററി അതിന് കൈമാറുന്ന സ്ഥാപനങ്ങളുടെ ഭരണവും, പദ്ധതികളുടെ നിർവ്വഹണവും സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും സാങ്കേതിക നിർദ്ദേശങ്ങൾക്കും വിധേയമായും, സംസ്ഥാന ദേശീയ നയങ്ങൾക്ക് അനുസരണമായും നടത്തേണ്ടതാണ്.

(6) സർക്കാർ മുനിസിപ്പാലിററിക്ക് കൈമാറുന്ന ഓരോ സ്ഥാപനവും ആ മുനിസിപ്പാലിററിയുടെ പേരിലുള്ള സ്ഥാപനമായിരിക്കുന്നതും ആ പേരിനാൽ അത് അറിയപ്പെടുന്നതുമാണ്.

(7) (3)-ാം ഉപവകുപ്പ് പ്രകാരം മുനിസിപ്പാലിററിക്ക് കൈമാറുന്ന വസ്തുവകകൾ വിൽക്കാനോ കൈമാററം ചെയ്യാനോ അന്യാധീനപ്പെടുത്താനോ കടപ്പെടുത്താനോ മുനിസിപ്പാലിററിക്ക് അധികാരമുണ്ടായിരിക്കുന്നതല്ല.

(8) മുനിസിപ്പാലിററിക്ക് കൈമാറിയ ഏതെങ്കിലും വസ്തുക്കൾ അത് മുനിസിപ്പാലിററിക്ക് നൽകിയ ഉദ്ദേശത്തിന് മേലിൽ ആവശ്യമില്ലെന്ന് കാണുന്നപക്ഷം, സർക്കാരിന്, ആ വസ്തുക്കൾ തിരികെ എടുക്കാവുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

(9) മുനിസിപ്പാലിററിക്ക് കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർമാനുൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിററി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

(10) ഏതെങ്കിലും പദ്ധതിയോ പ്രോജക്ടോ, പ്ലാനോ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടിവരുമ്പോൾ അതിനുള്ള അർഹതയുടെയും മുൻഗണനാക്രമത്തിന്റെയും മാനദണ്ഡം, പദ്ധതിയിലോ, പ്രോജക്ടിലോ, പ്ലാനിലോ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, മുനിസിപ്പാലിററി നിശ്ചയിക്കേണ്ടതും അങ്ങനെയുള്ള മാനദണ്ഡങ്ങൾ നിർണ്ണയിക്കപ്പെട്ടപ്രകാരം പരസ്യപ്പെടുത്തേണ്ടതും ബന്ധപ്പെട്ട വാർഡ് കമ്മിററിയെ അഥവാ വാർഡ് സഭയെ അറിയിക്കേണ്ടതുമാണ്.

(11) മുനിസിപ്പാലിററി, ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കേണ്ടതും ഇതിലേക്ക് ലഭിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തിയതിനുശേഷം കരട് മുൻഗണനാ ലിസ്ററ് തയ്യാറാക്കേണ്ടതും അത് ബന്ധപ്പെട്ട വാർഡ് കമ്മിററിയുടെയോ വാർഡ് സഭയുടെയോ പരിഗണനയ്ക്ക് അയയ്ക്കേണ്ടതുമാണ്.

(12) വാർഡ് കമ്മിററിയോ വാർഡ് സഭയോ അപേക്ഷകരെ കൂടി ക്ഷണിച്ച് അതിന്റെ യോഗത്തിൽ വച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള മുൻഗണനാക്രമത്തിലുള്ള കരട് ലിസ്ററ് സൂക്ഷ്മ പരിശോധന നടത്തേണ്ടതും അന്തിമലിസ്ററ് തയ്യാറാക്കി കൗൺസിലിന്റെ അംഗീകാരത്തിന അയയ്ക്കേണ്ടതുമാണ്.

(13) വാർഡ് കമ്മിററിയോ വാർഡ് സഭയോ തയ്യാറാക്കിയ ലിസ്ററിലെ മുൻഗണനാക്രമത്തിന് കൗൺസിൽ മാററം വരുത്താൻ പാടില്ലാത്തതാണ്.''.

22. 31-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിലെ 31-ാം വകുപ്പിൽ (എ) ഖണ്ഡത്തിൽ ''ശ്രദ്ധ ക്ഷണിക്കുകയും'' എന്ന വാക്കിനു പകരം ''ശ്രദ്ധ ക്ഷണിക്കുകയും മുനിസിപ്പാലിററി നടത്തുന്ന ജോലികളോ പദ്ധതികളോ പരിശോധന നടത്തുകയും'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

23. 36-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിലെ 36-ാം വകുപ്പിൽ (4)-ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

''(4) യോഗത്തിൽ സന്നിഹിതനായിരുന്ന ഏതൊരു കൗൺസിലർക്കും കൗൺസിൽ പാസ്സാക്കിയ പ്രമേയത്തിന് എതിരായി താൻ വോട്ടു ചെയ്തിട്ടുണ്ടെങ്കിൽ, അപ്രകാരമുള്ള പ്രമേയത്തെ സംബന്ധിച്ച തന്റെ ഭിന്നാഭിപ്രായക്കുറിപ്പ് യോഗം അവസാനിച്ച് നാല്പത്തിയെട്ട് മണിക്കൂറിനുള്ളിൽ സെക്രട്ടറിക്ക് നൽകുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(5) മുനിസിപ്പാലിററിയുടെ ഓരോ യോഗത്തിലെയും നടപടി ക്കുറിപ്പുകളുടെ ഒരു പകർപ്പും (4)–ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ഭിന്നാഭിപ്രായക്കുറിപ്പ് കിട്ടിയിട്ടുണ്ടെങ്കിൽ അതിന്റെ ഒരു പകർപ്പും യോഗദിവസം കഴിഞ്ഞ് പത്ത് ദിവസത്തിനകം, സെക്രട്ടറി, സർക്കാരിലേക്കോ സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അയച്ചു കൊടുക്കേണ്ടതാണ്.''.

24. <u>37–ാം വകുപ്പിനുള്ള ഭേദഗതി</u>.—പ്രധാന ആക്ടിലെ 37–ാം വകുപ്പിൽ,—

(1) (1)–ാം ഉപവകുപ്പിൽ,—

(എ) ''മറേറതെങ്കിലും മുനിസിപ്പാലിററിയുടെ കൗൺസിലുമായി കൂട്ടുചേർന്ന്'' എന്ന വാക്കുകൾക്കു പകരം ''മറേറതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കൂട്ടുചേർന്ന്'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) ''സർക്കാർ അങ്ങനെ ആവശ്യപ്പെടുന്നപക്ഷം'' എന്ന വാക്കുകൾക്കുപകരം ''തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അങ്ങനെ തീരുമാനിക്കുകയോ സർക്കാർ അങ്ങനെ ആവശ്യപ്പെടുകയോ ചെയ്യുന്നപക്ഷം'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (2)–ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(2) ജോയിന്റ് കമ്മിററിയിൽ കൗൺസിലർമാരോ, പഞ്ചായത്ത് അംഗമോ അല്ലാത്ത യാതൊരാളെയും അംഗമായി ഉൾപ്പെടുത്താൻ പാടില്ലാത്തതും എന്നാൽ ആ കമ്മിററിയിൽ സേവനം അനുഷ്ഠിക്കുന്നതിന് പ്രത്യേക യോഗ്യതകൾ ഉള്ളവരാണെന്ന് കമ്മിററിക്ക് അഭിപ്രായമുള്ളവരായ ആളുകളെ കമ്മിററി യോഗങ്ങളിൽ പ്രത്യേക ക്ഷണിതാക്കളായി പങ്കെടുപ്പിക്കാവുന്നതുമാണ്.'';

(3) (3)–ാം ഉപവകുപ്പിൽ,—

(എ) തുടക്ക ഖണ്ഡികയിൽ ''സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ ബന്ധപ്പെട്ട മുനിസിപ്പാലിററികൾക്ക്'' എന്ന വാക്കുകൾക്ക് പകരം ''ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ കൂട്ടായ സമ്മതത്തോടെ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (എഫ്) ഖണ്ഡത്തിൽ ''ബന്ധപ്പെട്ട മുനിസിപ്പാലിററികളുടെ'' എന്ന വാക്കുകൾക്ക് പകരം ''ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(4) (4)–ാം ഉപവകുപ്പിൽ ''ബന്ധപ്പെട്ട മുനിസിപ്പാലിററികൾക്ക്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ'' എന്ന വാക്കുകൾക്കു പകരം ''ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ കൂട്ടായ സമ്മതത്തോടെ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(5) (6)-ാം ഉപവകുപ്പിൽ ''മുനിസിപ്പാലിററികൾ'' എന്ന വാക്കിനു പകരം ''തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

25. 40-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 40-ാം വകുപ്പിനു പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''40. ചെയർ പേഴ്സന്റെയോ ഡെപ്യൂട്ടി ചെയർ പേഴ്സന്റെയോ കൗൺസിലറുടെയോ രാജി.—(1) ഒരു മുനിസിപ്പാലിററിയുടെ ചെയർ പേഴ്സണോ, ഡെപ്യൂട്ടി ചെയർ പേഴ്സണോ, മറേറതെങ്കിലും കൗൺസിലർക്കോ നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ആ മുനിസിപ്പാലിററിയിലെ സെക്രട്ടറിക്ക് രാജി നൽകിക്കൊണ്ട് തന്റെ സ്ഥാനം രാജിവയ്ക്കാവുന്നതും സെക്രട്ടറിക്ക് അത് കിട്ടുന്ന തീയതി മുതൽ രാജി പ്രാബല്യത്തിൽ വരുന്നതും അക്കാര്യം ഉടൻതന്നെ സെക്രട്ടറി കൗൺസിലിനേയും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനേയും അറിയിക്കേണ്ടതുമാണ്.

(2) രാജിവയ്ക്കുന്ന ചെയർപേഴ്സണോ, ഡെപ്യൂട്ടി ചെയർപേഴ്സണോ, കൗൺസിലറോ തന്റെ രാജി നേരിട്ടോ അല്ലെങ്കിൽ ഒരു ഗസററഡ് ഉദ്യോഗസ്ഥൻ അങ്ങനെയുള്ള രാജിക്കത്ത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിൽ രജിസ്ട്രേർഡ് പോസ്ററായോ സെക്രട്ടറിക്ക്, അതതു സംഗതിപോലെ, നൽകുകയോ, അയച്ചുകൊടുക്കുകയോ ചെയ്യേണ്ടതും, അത് കിട്ടിയതിന് സെക്രട്ടറി അക്നോളജ്മെന്റ് നൽകേണ്ടതുമാണ്.

(3) ഏതൊരു രാജിയേയും സംബന്ധിച്ച എന്തെങ്കിലും തർക്കം ഉണ്ടാകുന്നപക്ഷം, സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷന്റെ തീർപ്പിനായി റഫർ ചെയ്യേണ്ടതും അതിൻമേലുള്ള അതിന്റെ തീർപ്പ് അന്തിമമായിരിക്കുന്നതുമാണ്:

എന്നാൽ, രാജി പ്രാബല്യത്തിൽ വന്ന തീയതി മുതൽ പതിനഞ്ച് ദിവസം കഴിഞ്ഞതിനുശേഷം റഫർ ചെയ്യുന്ന യാതൊരു തർക്കവും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പരിഗണിക്കേണ്ടതില്ല.''.

26. 42-ാം വകുപ്പിനുപകരം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്ടിലെ 42-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

''42. വാർഡ് കമ്മിററികളുടെ രൂപീകരണം.—ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള ഏതൊരു മുനിസിപ്പാലിററിയിലും അത് രൂപീകരിച്ച് മൂന്ന് മാസത്തിനകം ആ മുനിസിപ്പാലിററിയിലെ ഓരോ വാർഡിനും 43-ാം വകുപ്പ് പ്രകാരമുള്ള ഒരു വാർഡ് കമ്മിററി രൂപീകരിക്കേണ്ടതാണ്.

42 എ. വാർഡ് സഭകളുടെ രൂപീകരണം.—(1) ഒരു ലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള ഏതൊരു മുനിസിപ്പാലിററിയിലും അതിന്റെ ഓരോ വാർഡിനും ഒരു വാർഡുസഭ ഉണ്ടായിരിക്കുന്നതും ആ വാർഡിനെ സംബന്ധിച്ച വോട്ടർ പട്ടികയിൽ പേര് ചേർത്തിട്ടുള്ള എല്ലാ ആളുകളും ആ വാർഡ് സഭയിൽ അംഗങ്ങളായിരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) ഒരു വാർഡിനെ പ്രതിനിധീകരിക്കുന്ന കൗൺസിലർ ആ വാർഡ് സഭയുടെ കൺവീനറായിരിക്കുന്നതും, എന്നാൽ ഏതെങ്കിലും കാരണവശാൽ കൺവീനർക്ക് തന്റെ കടമകൾ നിർവ്വഹിക്കുന്നതിന് ശാരീരികമായോ മററ് തരത്തിലോ സാധിക്കാതെ വന്നാൽ ചെയർപേഴ്സൺ തൊട്ടടുത്തുള്ള ഏതെങ്കിലും വാർഡിനെ പ്രതിനിധീകരിക്കുന്ന കൗൺസിലറെ കൺവീനറായി നിയമിക്കാവുന്നതാണ്.

(3) വാർഡ് സഭ, കുറഞ്ഞപക്ഷം മൂന്നു മാസത്തിലൊരിക്കൽ, നിശ്ചയിക്കുന്ന സ്ഥലത്ത് യോഗം ചേരേണ്ടതും വാർഡ് സഭയുടെ ഏതൊരു യോഗത്തിലും ചെയർപേഴ്സണോ അഥവാ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ഡെപ്യൂട്ടി ചെയർപേഴ്സണോ അല്ലെങ്കിൽ ചെയർപേഴ്സൺ നിർദ്ദേശിക്കുന്ന ഏതെങ്കിലും സ്ററാൻറിംഗ് കമ്മിററി ചെയർമാനോ അവരുടെ അസാന്നിദ്ധ്യത്തിൽ കൺവീനറോ ആദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്.

(4) ഒരു വാർഡിലെ വോട്ടർമാരിൽ പത്തു ശതമാനത്തിൽ കുറയാത്ത എണ്ണം വരുന്ന വോട്ടർമാർ രേഖാമൂലം ആവശ്യപ്പെട്ടാൽ അതിൽ ഉന്നയിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിലേക്കായി വാർഡ് സഭയുടെ ഒരു അസാധാരണ യോഗം അപ്രകാരം ആവശ്യപ്പെട്ടതിനുശേഷം പതിനഞ്ച് ദിവസത്തിനകം കൺവീനർ വിളിച്ചുകൂട്ടേണ്ടതാണ്:

എന്നാൽ, അപ്രകാരമുള്ള പ്രത്യേക യോഗം വിളിച്ചു കൂട്ടുന്നത് രണ്ട് സാധാരണ യോഗങ്ങൾക്കിടയിലുള്ള കാലയളവിൽ ഒരിക്കൽ മാത്രം ആയിരിക്കേണ്ടതാണ്.

(5) ഒരു വാർഡ് സഭയുടെ ക്വാറം ആകെ അംഗങ്ങളുടെ പത്ത് ശതമാനം ആയിരിക്കുന്നതാണ്:

എന്നാൽ ക്വാറം തികയാതെ മാററിവയ്ക്കുന്ന വാർഡ് സഭയുടെ ഒരു യോഗം വീണ്ടും കൂടുമ്പോൾ അപ്രകാരമുള്ള യോഗത്തിന്റെ ക്വാറം അൻപത് ആയിരിക്കുന്നതാണ്.

(6) ഒരു വാർഡിനെ സംബന്ധിച്ച മുൻ വർഷത്തെ വികസന പരിപാടികളും, നടപ്പു വർഷത്തിൽ ഏറെറടുക്കാനുദ്ദേശിക്കുന്ന വികസന പരിപാടികളും, അതിന് വേണ്ടിവരുന്ന ചെലവും സംബന്ധിച്ച ഒരു റിപ്പോർട്ടും മുൻ വർഷത്തെ വാർഷിക കണക്കുകളുടെ ഒരു സ്റേറററ്മെൻറും ഭരണ നിർവ്വഹണത്തിന്റെ ഒരു റിപ്പോർട്ടും വാർഡ് സഭ മുമ്പാകെ കൺവീനർ വയ്ക്കേണ്ടതാണ്.

(7) ചെയർപേഴ്സൺ ആവശ്യപ്പെടുന്നതനുസരിച്ച് മുനിസിപ്പാലിററിയിലെ ഉദ്യോഗസ്ഥൻമാർ വാർഡ് സഭയുടെ യോഗത്തിൽ പങ്കെടുക്കേണ്ടതും വാർഡ് സഭയുടെ കോ—ഓർഡിനേററായി കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ വാർഡ് സഭ വിളിച്ചുകൂട്ടുന്നതിനും മിനിററ്സ് ബുക്കിൽ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിനും തുടർനടപടികൾ എടുക്കുന്നതിനും കൺവീനറെ സഹായിക്കേണ്ടതുമാണ്.

(8) വാർഡ് സഭയുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(9) വാർഡ് സഭയുടെ ഏതെങ്കിലും പദ്ധതിയോ, നയമോ, തീരുമാനമോ പൊതുവായോ പ്രത്യേകമായോ നടപ്പാക്കുന്നതിൽ അതിനെ സഹായിക്കുന്നതിലേക്കും, അതിന്റെ അവകാശങ്ങളും ചുമതലകളും അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കും വാർഡ് സഭയ്ക്ക് പത്തിൽ കുറയാത്ത അംഗങ്ങളുള്ള ഒരു സബ്കമ്മിററി രൂപീകരിക്കാവുന്നതാണ്.

(10) വാർഡ് സഭയുടെ അധികാര പരിധിയിൽപ്പെട്ട ഏത് പ്രശ്നത്തെക്കുറിച്ചും അതിന്റെ യോഗത്തിൽ ഭൂരിപക്ഷാടിസ്ഥാനത്തിൽ പ്രമേയം പാസ്സാക്കാവുന്നതും എന്നാൽ, കഴിയുന്നിടത്തോളം പൊതു സമ്മതത്തോടു കൂടിയ തീരുമാനം എടുക്കാൻ ശ്രമിക്കേണ്ടതുമാണ്.

42 ബി. വോട്ടർമാരുടെ യോഗങ്ങൾ ചേരൽ.—ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള ഏതൊരു മുനിസിപ്പാലിററിയിലും വികസന പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച് മുനിസിപ്പാലിററിക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനായി ഓരോ വാർഡിലേയും വോട്ടർ പട്ടികയിൽ പേരുള്ള വോട്ടർമാരുടെ യോഗം ആ വാർഡിനെ പ്രതിനിധീകരിക്കുന്ന കൗൺസിലർക്ക് വിളിച്ചു കൂട്ടാവുന്നതാണ്.''.

27. 43-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 43-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''43. വാർഡ് കമ്മിററിയുടെ ഘടന.—ഒരു വാർഡ് കമ്മിററിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ആ വാർഡിലെ കൗൺസിലർ, അദ്ദേഹം അതിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) മുനിസിപ്പാലിററിയിൽ രജിസ്ററർ ചെയ്തിട്ടുള്ള ആ വാർഡിലെ താമസക്കാരുടെ സംഘടനകളിൽ അംഗങ്ങളായിട്ടുള്ളവരിൽനിന്നും നിർണ്ണയിക്കപ്പെട്ട രീതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന പതിനഞ്ചുപേർ;

(സി) മുനിസിപ്പാലിററിയിൽ രജിസ്ററർ ചെയ്തിട്ടുള്ള ആ വാർഡിലെ അയൽകൂട്ടത്തിൽ അംഗങ്ങളായിട്ടുള്ളവരിൽ നിന്നും നിർണ്ണയിക്കപ്പെട്ട രീതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന ഇരുപത് പേർ;

(ഡി) മുനിസിപ്പാലിററിയിൽ പ്രാതിനിധ്യമുള്ള ഓരോ രാഷ്ട്രീയ കക്ഷിയും നിർദ്ദേശിക്കുന്ന ഓരോ വീതം;

(ഇ) ആ വാർഡിൽ പ്രവർത്തിക്കുന്ന എല്ലാ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേധാവികൾ;

(എഫ്) ചെയർ പേഴ്സനും വാർഡിലെ കൗൺസിലറും കൂട്ടായി നാമനിർദ്ദേശം ചെയ്യുന്ന ഇരുപത് പേർ, അവരിൽ,

(i) ആ വാർഡിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സംഘടനകളെയും, സന്നദ്ധ സംഘടനകളെയും, വിദ്യാഭ്യാസ സ്ഥാപനങ്ങളെയും വ്യവസായ വാണിജ്യ സ്ഥാപനങ്ങളെയും പ്രതിനിധീകരിക്കുന്ന പത്തുപേരും;

LIBRARY ARCHIVES Kerala Legislative Assembly

(ii) ആ വാർഡിൽ തൊഴിൽപരമായി പ്രവർത്തിക്കുന്ന ആളുകളെ (കൃഷി, വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം, എഞ്ചിനീയറിംഗ് എന്നിവയിൽ വൈദഗ്ദ്ധ്യമുള്ളവർ) പ്രതിനിധീകരിക്കുന്ന അഞ്ചുപേരും;

(iii) രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകളിൽപ്പെട്ട അഞ്ചുപേരും; അടങ്ങിയിരിക്കേണ്ടതാണ്:

എന്നാൽ, (i)—ഉം (ii)—ഉം ഇനങ്ങൾ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ ആ വാർഡിലെ താമസക്കാരായിരിക്കണമെന്നില്ല.''.

28. 45—ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 45—ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''45. വാർഡ് കമ്മിററികളുടെയും വാർഡ് സഭകളുടെയും ചുമതലകൾ.—(1) വാർഡ് കമ്മിററിയോ വാർഡ് സഭയോ നിർണ്ണയിക്കപ്പെടാവുന്ന വിധവും, അങ്ങിനെയുള്ള നടപടിക്രമത്തിന് വിധേയമായും താഴെപ്പറയുന്ന അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്, അതായത്:—

(എ) മുനിസിപ്പാലിററിയുടെ വികസന പദ്ധതികൾ രൂപീകരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കുക;

(ബി) മുനിസിപ്പൽ പ്രദേശത്ത് നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും, മുൻഗണന നിശ്ചയിക്കുകയും അടുത്ത മൂന്നുമാസത്തേക്കുള്ള പ്രവർത്തന പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യുക;

(സി) ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് വാർഡ് പ്രദേശത്തുനിന്നും അർഹരായ അപേക്ഷകരെ കണ്ടെത്തി മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്ററ് അന്തിമമായി തയ്യാറാക്കി മുനിസിപ്പാലിററിക്ക് നൽകുക;

(ഡി) പ്രാദേശികമായി ആവശ്യമായ സൗകര്യങ്ങൾ നൽകിക്കൊണ്ട് വികസന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുക;

(ഇ) വാർഡിൽ നടപ്പാക്കുന്ന വികസന പരിപാടികളെ സംബന്ധിച്ച് വിശദമായ വിവരങ്ങൾ ആവശ്യപ്പെടുകയും നേടുകയും, നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പാക്കുന്നത് നിരീക്ഷിക്കുകയും ചെയ്യുക;

(എഫ്) സാമൂഹ്യക്ഷേമ പരിപാടികൾക്കായി സന്നദ്ധ സേവനവും പണമായോ സാധനമായോ ഉള്ള സഹായങ്ങളും നൽകുകയും സമാഹരിക്കുകയും ചെയ്യുക;

(ജി) തെരുവു വിളക്കുകൾ, വാട്ടർ ടാപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള സ്ഥലം, തെരുവിലേയോ മററ് പൊതു സ്ഥലങ്ങളിലേയോ പൊതു ശുചീകരണ ഘടകങ്ങൾ, ജലസേചന സൗകര്യങ്ങൾ, മററ് പൊതു ആവശ്യ പദ്ധതികൾ ഇവയുടെ മുൻഗണനാക്രമം തയ്യാറാക്കുക;

(എച്ച്) വാർഡ് പ്രദേശത്തിനാവശ്യമായ സാക്ഷരതാ പരിപാടികൾ പർച്ച ചെയ്യുകയും ആവിഷ്ക്കരിക്കുകയും ചെയ്യുക, ശുചിത്വം, പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം തുടങ്ങിയ പൊതു താല്പര്യമുള്ള സംഗതികളെ സംബന്ധിച്ച അറിവുകൾ പകരുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുക, അഴിമതി, വ്യാജവും കൃത്രിമവുമായ ഇടപാടുകൾ തുടങ്ങിയ സാമൂഹ്യ തിൻമകളിൽനിന്ന് സംരക്ഷണം നൽകുക;

(ഐ) വാർഡ് പ്രദേശത്ത് വിവിധ വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്കിടയിൽ സൗഹാർദ്ദവും ഐക്യവും വളർത്തുകയും ആ പ്രദേശത്തെ ആളുകളിൽ സൻമനോഭാവം വളർത്തുന്നതിനായി കലാകായിക മേളകൾ സംഘടിപ്പിക്കുകയും ചെയ്യുക;

(ജെ) വാർഡ് പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃ കമ്മിററികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക;

(കെ) സർക്കാരിൽനിന്ന് ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവപോലുള്ള വിവിധതരം ക്ഷേമസഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കുക;

(എൽ) നികുതികളും ഫീസുകളും വാടകകളും മുനിസിപ്പാലിററിക്ക് ലഭിക്കേണ്ടതായ മററ് തുകകളും യഥാസമയം നൽകുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കുക;

(എം) വാർഡ് പ്രദേശത്തെ ശുചീകരണ പ്രക്രിയകളിൽ അതിലെ ജീവനക്കാരുമായി സഹകരിക്കുകയും, ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിന് സന്നദ്ധ സേവനം നൽകുകയും ചെയ്യുക;

(എൻ) വാർഡ് പ്രദേശത്ത് താമസിക്കുന്നവരെ അടുക്കളത്തോട്ടം വച്ചുപിടിപ്പിക്കാനും, ഉദ്യാനകൃഷിയിൽ ഏർപ്പെടാനും പ്രോത്സാഹിപ്പിക്കുക;

(ഒ) വാർഡ് പ്രദേശത്തെ ജലവിതരണം, തെരുവു വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക;

(പി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതിലും സ്പെഷ്യൽ പ്ലാനിംഗ് നടപ്പാക്കുന്നതിലുമുണ്ടാകുന്ന പഴുതുകളും വീഴ്ചകളും കണ്ടെത്തുക;

(ക്യു) വാർഡ് പ്രദേശത്തെ സ്കൂളുകളിലെ അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനകളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുക;

LIBRARY ARCHIVES Kerala Legislative Assembly

(ആർ) വാർഡ് പ്രദേശത്തെ പൊതുജനാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുക;

(എസ്) നിർണ്ണയിക്കപ്പെടാവുന്ന മററ് ചുമതലകൾ നിർവ്വഹിക്കുക.

(2) വാർഡ് കമ്മിററിക്കോ വാർഡ് സഭയ്ക്കോ അതതു സംഗതി പോലെ, അതിന്റെ സാധാരണ യോഗത്തിലോ അല്ലെങ്കിൽ ഈ ആവശ്യത്തിനു വേണ്ടി വിളിച്ചുകൂട്ടുന്ന പ്രത്യേകം യോഗത്തിലോവച്ച് മുൻ വർഷത്തെ വികസന പരിപാടികൾ ചർച്ച ചെയ്യാവുന്നതും ബഡ്ജററിൽ വകയിരുത്തിയിട്ടുള്ള തുകയെക്കുറിച്ചും പദ്ധതി വിഹിതത്തിന്റെ വിശദാംശത്തെക്കുറിച്ചും ഇനം തിരിച്ചിട്ടുള്ള ഫണ്ടിന്റെ വിഹിതത്തെക്കുറിച്ചും വാർഡിൽ നടപ്പാക്കിയതോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതോ ആയ പണികളുടെ എസ്ററിമേററിന്റെയും അതിന്റെ സാമഗ്രികളുടെ ചെലവിന്റെ വിശദാംശങ്ങളെക്കുറിച്ചും അറിയാൻ അതിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

(3) വാർഡ് കമ്മിററിയുടെ അല്ലെങ്കിൽ വാർഡ് സഭയുടെ പരിഗണനയ്ക്ക് വരുന്ന ആഡിററ് റിപ്പോർട്ടിനെ അല്ലെങ്കിൽ പേർഫോർമൻസ് ആഡിററ് റിപ്പോർട്ടിനെക്കുറിച്ച് യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട കൗൺസിലിനെ അറിയിക്കേണ്ടതുമാണ്.".

29. 46-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 46-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"46. വാർഡ് കമ്മിററികളുടെയും വാർഡ് സഭകളുടെയും കർത്തവ്യങ്ങളും അവകാശങ്ങളും.—(1) വാർഡ് കമ്മിററിക്കും വാർഡ് സഭയ്ക്കും താഴെപ്പറയുന്ന കർത്തവ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) വികസനവും ക്ഷേമവും സംബന്ധിച്ച പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കുക;

(ii) ആരോഗ്യവും സാക്ഷരതയും സംബന്ധിച്ചതും അതുപോലുള്ള വികസനപരമായ മററ് സമയബന്ധിത പരിപാടികളിലും പങ്കെടുക്കുകയും അതിനായി പ്രചരണം നടത്തുകയും ചെയ്യുക;

(iii) അവശ്യ സാമൂഹ്യ—സാമ്പത്തിക അടിസ്ഥാന രേഖകൾ ശേഖരിക്കുക;

(iv) വികസന പ്രവർത്തനങ്ങളുടെ പുരോഗതിയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നല്കുക;



LIBRARY ARCHIVES Kerala Legislative Assembly

(v) നികുതികൾ നൽകുന്നതിനും വായ്പ തിരിച്ചടയ്ക്കുന്നതിനും പരിസ്ഥിതി ശുചീകരണം മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിൽ ഐക്യം നിലനിർത്തുന്നതിനുമായി ധാർമ്മികമായ മാർഗ്ഗങ്ങൾ അവലംബിക്കുക;

(vi) മുനിസിപ്പാലിററിയുടെ ധനാഗമ മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പ്രാദേശികമായി വിഭവ സമാഹരണം നടത്തുക;

(vii) സന്നദ്ധ സംഘങ്ങളെന്ന നിലയിൽ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക;

(viii) സാംക്രമിക രോഗങ്ങൾ, പ്രകൃതിക്ഷോഭ ദുരന്തങ്ങൾ മുതലായവ ഉണ്ടായാൽ പെട്ടെന്ന് വിവരം നല്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക;

(ix) പരിസ്ഥിതി പ്രശ്നങ്ങളെ സംബന്ധിച്ച് ജനങ്ങൾക്ക് അറിവ് നൽകുന്നതിന്, പ്രകൃതി സംരക്ഷണത്തിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുക.

(2) വാർഡ് കമ്മിററിക്കും വാർഡ് സഭയ്ക്കും താഴെപ്പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) അടുത്ത മൂന്നുമാസങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അനുഷ്ഠിക്കേണ്ട സേവനങ്ങളും, ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളും സംബന്ധിച്ച വിവരം ലഭിക്കുക;

(ii) ഏറെറടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദമായ കണക്കുകൾ സംബന്ധിച്ച വിവരം ലഭിക്കുക;

(iii) വാർഡ് പ്രദേശത്തെ സംബന്ധിച്ചുള്ള കൗൺസിലിന്റെ ഓരോ തീരുമാനവും യുക്തിപൂർവ്വമാണോ എന്നറിയുക;

(iv) അതതു സംഗതിപോലെ, വാർഡ് സഭയുടെയും, വാർഡ് കമ്മിററിയുടെയും തീരുമാനത്തിൻമേൽ എടുത്ത തുടർ നടപടികളെ പററിയും ഏതെങ്കിലും തീരുമാനങ്ങൾ നടപ്പാക്കാതിരുന്നതിനുള്ള വിശദമായ കാരണങ്ങളെപ്പററിയും അറിയുക;

(v) വാർഡിലെ വിശദമായ നഗരാസൂത്രണ പദ്ധതികൾ, കെട്ടിട നിർമ്മാണ പെർമിററുകൾ മുതലായവയെ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുക.''.

30. <u>48-ാം വകുപ്പിനുള്ള ഭേദഗതി</u>.—പ്രധാന ആക്ററിലെ 48-ാം വകുപ്പിൽ,—

(i) (6)-ാം ഉപവകുപ്പിൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

LIBRARY ARCHIVES Kerala Legislative Assembly

"എന്നാൽ, കൗൺസിൽ അപ്രകാരമുള്ള ഒരു പ്രമേയം പരിഗണിക്കുന്നതിനുമുമ്പ് ഒരു നിവേദനം നല്കുന്നതിനും ആവശ്യപ്പെടുന്നപക്ഷം, കൗൺസിലിൻേറയോ ചെയർപേഴ്സൻെറയോ മുമ്പാകെ പറയാനുള്ളത് പറയുന്നതിനും ഒരവസരം സെക്രട്ടറിക്ക് നല്കേണ്ടതാണ്.";

(2) (11)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(12) സെക്രട്ടറിയുടെ പേരിൽ അച്ചടക്ക നടപടികൾ എടുക്കേണ്ടിവരുമ്പോൾ ചെയർപേഴ്സണ് സെക്രട്ടറിക്ക് എതിരായി അന്വേഷണം നടത്താനും വലിയ ശിക്ഷ നൽകേണ്ടിവരുന്ന സംഗതിയിൽ കൗൺസിലിൻെറ അംഗീകാരത്തോടുകൂടി സെക്രട്ടറിക്ക് ബാധകമാകുന്ന ചട്ടങ്ങളിൻകീഴിൽ മേൽ നടപടി നടത്തുന്നതിന് സർക്കാരിന് റിപ്പോർട്ട് ചെയ്യുന്നതിനും അധികാരമുണ്ടായിരിക്കുന്നതും സർക്കാർ, അപ്രകാരമുള്ള റിപ്പോർട്ട് കിട്ടിയാലുടൻതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അതിൻമേൽ എടുത്ത അന്തിമ തീരുമാനം ചേയർപേഴ്സണെ രേഖാമൂലം അറിയിക്കേണ്ടതും ആകുന്നു.

(13) സർക്കാരിന് പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുമൂലം, മുനിസിപ്പാലിററിയുടെ അധീനതയിൽ വിട്ടുകൊടുത്ത സർക്കാർ ഉദ്യോഗസ്ഥരെ എക്സ്-ഒഫീഷ്യോ സെക്രട്ടറിമാരായി നിയമിക്കാവുന്നതും അപ്രകാരം നിയമിക്കപ്പെടുന്നവർക്ക് അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ സെക്രട്ടറിയുടെ എല്ലാ അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതും ആകുന്നു.".

31. <u>49-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്ടിലെ 49-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഈ ആക്ടിലെയും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കു വിധേയമായി, സെക്രട്ടറി,—

(എ) അദ്ദേഹവുമായി ബന്ധപ്പെട്ടിരിക്കുന്നതും ചെയർപേഴ്സൻെറയോ കൺസിലിൻെറയോ സ്ററാൻഡിംഗ് കമ്മിററിയുടെയോ തീരുമാനം ആവശ്യമായിട്ടുള്ളതുമായ എല്ലാ സംഗതികളിലും തൻെറ അഭിപ്രായങ്ങൾ എഴുതി രേഖപ്പെടുത്തേണ്ടതും;

(ബി) കൗൺസിലിൻെറയും സ്ററാൻഡിംഗ് കമ്മിററിയുടെയും പ്രമേയങ്ങൾ നടപ്പാക്കേണ്ടതും:

എന്നാൽ, ഏതെങ്കിലും പ്രമേയം നിയമപരമായി പാസ്സാക്കിയതല്ലെന്നോ അഥവാ ഈ ആക്ട് മൂലമോ മറേറതെങ്കിലും നിയമം മൂലമോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ മൂലമോ നൽകിയിട്ടുള്ള അധികാരസീമ ലംഘിച്ചിട്ടുണ്ടെന്നോ അല്ലെങ്കിൽ നടപ്പിലാക്കിയാൽ സാമുദായിക ഐക്യത്തിനോ പൊതു-സുരക്ഷയ്ക്കോ ഭീഷണിയാകുമെന്നോ

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ കേന്ദ്ര—സംസ്ഥാന നയങ്ങൾക്ക് വിരുദ്ധമാണെന്നോ സെക്രട്ടറിക്ക് അഭിപ്രായമുള്ളപക്ഷം അദ്ദേഹത്തിന് ആ സംഗതി പുനരവലോകനം ചെയ്യാൻ രേഖാമൂലം കൗൺസിലിനോട് ആവശ്യപ്പെടാവുന്നതും കൗൺസിൽ പുനരവലോകനം ചെയ്യുന്ന സമയത്ത് തന്റെ അഭിപ്രായങ്ങൾ പറയാവുന്നതും കൗൺസിൽ അതിന്റെ ആദ്യ തീരുമാനത്തിൽ ഉറച്ചു നിൽക്കുകയാണെങ്കിൽ, അദ്ദേഹത്തിന്, ആ സംഗതി ചെയർ പേഴ്സണെ അറിയിച്ച ശേഷം ഉചിതമായ നടപടിക്കും തീരുമാനത്തിനുമായി സർക്കാരിലേക്ക് റഫർ ചെയ്യാവുന്നതുമാണ്:

എന്നിരുന്നാലും, പ്രമേയം പുനരവലോകനം ചെയ്തതിൽ, അത് നടപ്പാക്കുവാൻ തന്നെ കൗൺസിൽ തീരുമാനിക്കുകയും സർക്കാരിന് റഫർ ചെയ്ത് പതിനഞ്ചു ദിവസത്തിനകം സർക്കാരിന്റെ തീരുമാനം അറിയിക്കാതിരിക്കുകയും ചെയ്യുന്ന സംഗതിയിൽ സെക്രട്ടറി പ്രസ്തുത പ്രമേയം നടപ്പാക്കേണ്ടതും വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്:

എന്നുമാത്രമല്ല, മേൽപ്പറഞ്ഞ പ്രകാരം കൗൺസിലിലേക്കോ സർക്കാരിലേക്കോ പരിഗണനയ്ക്കായി അയയ്ക്കുന്നതിന് സെക്രട്ടറിക്ക് ചെയർ പേഴ്സന്റെ അനുമതി ആവശ്യമില്ലാത്തതും, എന്നാൽ, അദ്ദേഹം സർക്കാരിനയച്ച റിപ്പോർട്ടിന്റെ ഒരു പകർപ്പ് ചെയർപേഴ്സണ് നൽകേണ്ടതുമാണ്;

(സി) കൗൺസിലിന്റെയോ സ്റ്റാൻഡിംഗ് കമ്മിററിയുടെയോ പ്രമേയങ്ങൾ നടപ്പാക്കുന്നതിനായി എടുത്ത നടപടിയെ സംബന്ധിച്ചോ അതിന്റെ പുരോഗതിയെ സംബന്ധിച്ചോ ആനുകാലിക റിപ്പോർട്ടുകൾ, അതതു സംഗതിപോലെ, കൗൺസിലിനും സ്റ്റാൻഡിംഗ് കമ്മിററിക്കും നൽകേണ്ടതും;

(ഡി) ചെയർപേഴ്സന്റെ നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടതും:

എന്നാൽ, ചെയർപേഴ്സൺ നൽകിയ ഏതെങ്കിലും നിർദ്ദേശം ഈ ആക്ടിലേയോ മറേറതെങ്കിലും നിയമത്തിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ വ്യവസ്ഥകളിലെ അധികാര പരിധിക്ക് പുറത്താണെന്ന് സെക്രട്ടറിക്ക് തോന്നുന്നപക്ഷം, അദ്ദേഹത്തിന് ആ സംഗതി ആദ്യം ചെയർപേഴ്സന്റെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതും, ചെയർപേഴ്സൺ തന്റെ നിർദ്ദേശം ആവർത്തിക്കുകയും സെക്രട്ടറി തന്റെ അഭിപ്രായത്തിൽ ഉറച്ചു നിൽക്കുകയും ആണെങ്കിൽ, അദ്ദേഹം ആ സംഗതി, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതും;

(ഇ) ഈ ആക്ററ് പ്രകാരമോ അല്ലെങ്കിൽ അതിൻ കീഴിലോ പ്രത്യേകമായി നൽകപ്പെട്ടതോ ഏൽപ്പിച്ചുകൊടുത്തതോ ആയ അധികാരങ്ങൾ വിനിയോഗിക്കേണ്ടതും, കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും;

(എഫ്) കൗൺസിലോ, ചെയർപേഴ്സണോ അധികാരപ്പെടുത്തിയ ചെലവുകൾ ബഡ്ജററ് വ്യവസ്ഥയ്ക്ക് വിധേയമായി ചെയ്യേണ്ടതും;

LIBRARY ARCHIVES Kerala Legislative Assembly

(ജി) മുനിസിപ്പാലിററി അധികാരപ്പെടുത്തുന്ന എല്ലാത്തരം ചെലവുകഠംക്കുമുള്ള തുകകഠം ചെക്കോ പണമോ ആയി നൽകേണ്ടതും;

(എച്ച്) മുനിസിപ്പാലിററിയുടെ വരവ് ചെലവുകളെപ്പററി കണക്കുകഠം വച്ചുപോരേണ്ടതും സൂക്ഷിക്കേണ്ടതും;

(ഐ) മുനിസിപ്പൽ ഫണ്ടിന്റെ സുരക്ഷിതമായ സൂക്ഷിപ്പിന് ഉത്തരവാദിയായിരിക്കുന്നതും;

(ജെ) കൗൺസിലിന്റെയും സ്ററാന്റിംഗ് കമ്മിററികളുടെയും മററ് കമ്മിററികളുടെയും യോഗങ്ങളെയും അതിന്റെ നടപടികളെയും സംബന്ധിച്ച് രേഖകഠം സൂക്ഷിക്കേണ്ടതും;

(കെ) ചെയർപേഴ്സന്റെ അറിവോടുകൂടി മുനിസിപ്പൽ ജീവനക്കാർക്കെതിരെ ശിക്ഷണ നടപടികഠം സ്വീകരിക്കേണ്ടതും;

(എൽ) മുനിസിപ്പാലിററിയിലേക്ക് കൈമാററം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയും സ്ഥാപനങ്ങളുടെയും ചുമതലകഠം ഏകോപിപ്പിക്കുന്നതിന് ചെയർപേഴ്സണേയും കൗൺസിലിനെയും സഹായിക്കേണ്ടതും,

ആകുന്നു.''.

32. <u>50–ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്ടിലെ 50–ാം വകുപ്പിൽ,—

(1) (4)–ാം ഉപവകുപ്പിൽ ''ഈ ആക്ടുമൂലമോ'' എന്ന വാക്കുകഠംക്കുപകരം ''ഈ ആക്ടുമൂലമോ മറേറതെങ്കിലും നിയമംമൂലമോ'' എന്ന വാക്കുകഠം ചേർക്കേണ്ടതാണ്;

(2) (4)–ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകഠം ചേർക്കേണ്ടതാണ്, അതായത്:—

''(5) സെക്രട്ടറി, സർക്കാരിനോ അത് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻമാർക്കോ ഏജൻസിക്കോ, മുനിസിപ്പാലിററിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ആവശ്യപ്പെടുന്ന വിവരം നൽകേണ്ടതാണ്.

(6) സെക്രട്ടറി, നിയമസഭാ കമ്മിററിക്കുവേണ്ടിയോ നിയമസഭ ചോദ്യങ്ങഠംക്ക് ഉത്തരം നൽകുന്നതിനുവേണ്ടിയോ ആവശ്യമായ വിവരങ്ങഠം നൽകുന്നതിന് ഉത്തരവാദി ആയിരിക്കുന്നതും കാലതാമസം ഒഴിവാക്കുന്നതിലേക്ക്, ആവശ്യമെങ്കിൽ അപ്രകാരമുള്ള വിവരങ്ങഠം നേരിട്ട് സർക്കാരിനോ അത് ഇതിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അയച്ചുകൊടുക്കാവുന്നതും അതിനുശേഷം അവ അറിവിലേക്കായി ചെയർപേഴ്സണ് സമർപ്പിക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(7) സെക്രട്ടറി, പെർഫോർമൻസ് ആഡിററ് റിപ്പോർട്ടിനെയും മററ് ആഡിററ് റിപ്പോർട്ടുകളേയും സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.''.

33. 51-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 51-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ ''ഓരോ വാർഡു കമ്മിററിയും'' എന്ന വാക്കുകൾക്കു പകരം ''വാർഡു കമ്മിററിയോ വാർഡുസഭയോ, അതതു സംഗതിപോലെ,'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (2)-ാം ഉപവകുപ്പിൽ,—

(എ) വിശദീകരണം ഒഴികെ, നിലവിലുള്ള (2)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(2) ഓരോ മുനിസിപ്പാലിററിയും ഓരോ വർഷവും നിർണ്ണയിക്കപ്പെട്ട രീതിയിൽ ആ മുനിസിപ്പൽ പ്രദേശത്തിനുവേണ്ടി അടുത്ത വർഷത്തേക്കുള്ള ഒരു വികസന പദ്ധതി മുനിസിപ്പാലിററിയിലെ വാർഡ് കമ്മിററികളോ വാർഡ് സഭകളോ അതിന് സമർപ്പിച്ച വികസന പദ്ധതികൾ പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് നിർണ്ണയിക്കപ്പെടുന്ന തീയതിക്ക് മുമ്പായി ജില്ലാ ആസൂത്രണ കമ്മിററിക്ക് സമർപ്പിക്കേണ്ടതുമാണ്.''.

(ബി) വിശദീകരണത്തിൽ ''ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും'' എന്ന വാക്കുകൾക്കു പകരം ''ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനും ഉല്പാദന ശക്തി വർദ്ധിപ്പിക്കുന്നതിനും'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(3) (3)-ാം ഉപവകുപ്പിനും (4)-ാം ഉപവകുപ്പിനും പകരം താഴെ പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

''(3) ഓരോ മുനിസിപ്പാലിററിയും അതിന്റെ വിഭവശേഷി കണക്കിലെടുത്തും ധനനിക്ഷേപം അനുസരിച്ചും ശാസ്ത്രീയമായി സ്പേഷ്യൽ പ്ലാനിംഗിന് പ്രാധാന്യം നൽകിക്കൊണ്ട് അതിന്റെ വികസനത്തിന് നിർണ്ണയിക്കപ്പെട്ട രീതിയിൽ ഒരു മാസ്ററർ പ്ലാൻ തയ്യാറാക്കേണ്ടതും അത് ജില്ലാ ആസൂത്രണ കമ്മിററിക്ക് നൽകേണ്ടതുമാണ്.

(4) മുനിസിപ്പാലിററിക്ക്, തത്സമയം പ്രാബല്യത്തിലിരിക്കുന്ന നഗരസംവിധാന നിയമങ്ങൾ പ്രകാരം സർക്കാർ അംഗീകരിച്ച മാസ്ററർ പ്ലാനിനു വിധേയമായി, വിശദ നഗരസംവിധാന പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.''.

34. 52-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 52-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

LIBRARY ARCHIVES Kerala Legislative Assembly

''52 എ. മുനിസിപ്പൽ വൈദ്യുത സംരംഭങ്ങളിൻമേലുള്ള നിയന്ത്രണം.—വൈദ്യുത ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനോ പ്രസരണം ചെയ്യുന്നതിനോ വിതരണം ചെയ്യുന്നതിനോ ഉപയോഗിക്കുന്നതിനോ വേണ്ടിയുള്ള ഏതെങ്കിലും സംരംഭത്തിൻെറമേൽ മുനിസിപ്പാലിററിയുടെ ഭരണം, 1910-ലെ ഇൻഡ്യൻ വിദ്യുച്ഛക്തി ആക്ടിനോ (1910-ലെ 9-ാം കേന്ദ്ര ആക്ട്) 1948-ലെ വിദ്യുച്ഛക്തി (വിതരണ) ആക്ടിനോ (1948-ലെ 54-ാം കേന്ദ്ര ആക്ട്) ആ ആക്ടുകൾ പ്രകാരമുണ്ടാക്കിയ ചട്ടങ്ങൾക്കോ മുനിസിപ്പാലിററിക്ക് നൽകിയിട്ടുള്ള ലൈസൻസിലെ നിബന്ധനകൾക്കോ വിരുദ്ധമല്ലാത്തവിധം, നിർണ്ണയിക്കപ്പെടുന്ന നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കേണ്ടതാണ്.''.

35. 53-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 53-ാം വകുപ്പിൽ,—

(11)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

''(11എ) സർക്കാർ, ജില്ലാ ആസൂത്രണ കമ്മിററി അതതു ജില്ലകൾക്കു വേണ്ടി തയ്യാറാക്കിയിട്ടുള്ള കരട് വികസന പദ്ധതികളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിർദ്ദേശങ്ങളും മുൻഗണനകളും സംസ്ഥാന പദ്ധതി തയ്യാറാക്കുമ്പോൾ പരിഗണിക്കേണ്ടതാണ്.

(11ബി) അംഗീകൃത ജില്ലാ ആസൂത്രണ പദ്ധതികളുടെയും ജില്ലയെ സംബന്ധിക്കുന്ന സംസ്ഥാന പദ്ധതികളുടെയും നടത്തിപ്പിൻെറ അളവിലും ഗുണനിലവാരത്തിലുമുള്ള പുരോഗതിയേയും, പ്രത്യേകിച്ച് അതിൻെറ ഭൗതികവും സാമ്പത്തികവുമായ ലക്ഷ്യം നേടിയതിനെയും സംബന്ധിച്ച് ജില്ലാ ആസൂത്രണ കമ്മിററി മോണിററർ ചെയ്യേണ്ടതും പൂർത്തീകരിച്ച കർമ്മ പരിപാടികൾ അത് വിലയിരുത്തേണ്ടതുമാണ്.''.

36. 55-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 55-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''55. സംസ്ഥാന വികസന കൗൺസിൽ.—(1) സർക്കാർ ഗസററ് വിജ്ഞാപനം വഴി ഒരു സംസ്ഥാന വികസന കൗൺസിൽ രൂപീകരിക്കേണ്ടതും അതിൽ,—

(എ) മുഖ്യമന്ത്രി, അദ്ദേഹം അതിൻെറ ചെയർമാനായിരിക്കുന്നതാണ്;

(ബി) സംസ്ഥാന മന്ത്രിസഭാംഗങ്ങൾ, സംസ്ഥാന നിയമസഭയിലെ പ്രതിപക്ഷനേതാവ്, അവർ അതിൻെറ വൈസ് ചെയർമാൻമാരായിരിക്കുന്നതാണ്;

(സി) ജില്ലാ ആസൂത്രണ കമ്മിററികളുടെ ചെയർമാൻമാർ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുനിസിപ്പൽ കോർപ്പറേഷനുകളുടെ മേയർമാർ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് മുനിസിപ്പൽ കൗൺസിൽ ചെയർമാൻമാർ, രണ്ട് ടൗൺ പഞ്ചായത്ത് ചെയർമാൻമാർ, രണ്ട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, രണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ;

(എഫ്) സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാൻ;

(ജി) ചീഫ് സെക്രട്ടറി, അദ്ദേഹം അതിന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്;

എന്നിവർ അംഗങ്ങളായിരിക്കേണ്ടതുമാണ്.

(2) സംസ്ഥാന വികസന കൗൺസിൽ,—

(എ) തദ്ദേശ വികസനത്തിനും മേഖലാതല വികസനത്തിനുമുള്ള നയം രൂപീകരിക്കേണ്ടതും;

(ബി) ജില്ലാ പദ്ധതികളും സംസ്ഥാന പദ്ധതികളും ഏകോപിപ്പിക്കേണ്ടതും;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രബലപ്പെടുത്തുന്നതിന് ആവശ്യമായ നയം രൂപീകരിക്കേണ്ടതും;

(ഡി) വികസന സംബന്ധമായി ജില്ലകൾ തമ്മിലുള്ള പൊതു പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടതും,

ആകുന്നു.

(3) സംസ്ഥാന വികസന കൗൺസിൽ കുറഞ്ഞപക്ഷം ആറു മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.".

37. <u>അദ്ധ്യായം V-ന്റെ ശീർഷകത്തിനുള്ള ഭേദഗതി</u>.—പ്രധാന ആക്ടിലെ അദ്ധ്യായം V-ന്റെ ശീർഷകത്തിനു പകരം "സർക്കാരിന്റെ ചുമതലകൾ" എന്ന ശീർഷകം ചേർക്കേണ്ടതാണ്.

38. <u>56-ാം വകുപ്പിനുള്ള ഭേദഗതി</u>.—പ്രധാന ആക്ടിലെ 56-ാം വകുപ്പിൽ,—

(1) (2)-ാം ഉപവകുപ്പിൽ,—

(എ) (ബി) ഖണ്ഡത്തിൽ "ചെയർപേഴ്സനോട്" എന്ന വാക്കിനു പകരം "ചെയർപേഴ്സനോടോ സെക്രട്ടറിയോടോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) (സി) ഖണ്ഡത്തിൽ ''ചെയർപേഴ്സനോട്'' എന്ന വാക്കിനു പകരം ''ചെയർപേഴ്സനോടോ സെക്രട്ടറിയോടോ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (3)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

''(3) (1)-ാം ഉപവകുപ്പു പ്രകാരമുള്ള അധികാരം വിനിയോഗിക്കുന്നതിനായി സൗകര്യം ചെയ്യുവാനും (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ആവശ്യങ്ങൾ നിറവേററാനും ചെയർപേഴ്സണും സെക്രട്ടറിയും മററ് ഉദ്യോഗസ്ഥൻമാരും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

(4) സർക്കാരോ (2)-ാം ഉപവകുപ്പു പ്രകാരം അവർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ മുനിസിപ്പാലിററിയിൽ നിന്നും ലഭിച്ച ഏതെങ്കിലും രേഖയോ രജിസ്ററോ റിക്കാർഡോ അത് കൈപ്പററി തൊണ്ണൂറ് ദിവസത്തിനകം മുനിസിപ്പാലിററിക്ക് തിരികെ നൽകേണ്ടതും, ആവശ്യമെങ്കിൽ, അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സർക്കാരിന് കൈവശം വയ്ക്കാവുന്നതുമാണ്.

(5) സർക്കാരിന് നിർണ്ണയിക്കപ്പെട്ട രീതിയിൽ മുനിസിപ്പാലിററിയുടെ ഭരണത്തെയും മുനിസിപ്പാലിററി നടത്തിയതോ നടത്തുന്നതോ ആയ വർക്കുകളെയും പദ്ധതികളെയും സംബന്ധിച്ചുള്ള ആനുകാലിക പെർഫോർമൻസ് ആഡിററ് നടത്തുന്നതിന് ഏർപ്പാട് ചെയ്യാവുന്നതാണ്.''.

39. 57-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 57-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''57. പ്രമേയങ്ങൾ മുതലായവ നിറുത്തിവയ്ക്കാനും റദ്ദാക്കാനുമുള്ള അധികാരം.—(1) സർക്കാരിന്, സ്വമേധയായോ, മുനിസിപ്പാലിററിയുടെ ചെയർപേഴ്സണോ, സെക്രട്ടറിയോ ഒരു കൗൺസിലറോ റഫർ ചെയ്യുകയാണെങ്കിലോ അല്ലെങ്കിൽ ഒരു പൗരനിൽനിന്നും ലഭിച്ച ഒരു ഹർജിയിൻമേലോ, കൗൺസിൽ പാസ്സാക്കിയ ഒരു പ്രമേയമോ എടുത്ത തീരുമാനമോ,

(എ) നിയമാനുസൃതം പാസ്സാക്കിയതല്ലെന്നോ എടുത്തതല്ലെന്നോ;

(ബി) ഈ ആക്ടു പ്രകാരമോ മറേറതെങ്കിലും നിയമ പ്രകാരമോ നൽകപ്പെട്ട അധികാരങ്ങൾക്ക് അതീതമാണെന്നോ അവയുടെ ദുർവിനിയോഗമാണെന്നോ;

(സി) മനുഷ്യജീവനോ ആരോഗ്യത്തിനോ സുരക്ഷയ്ക്കോ സാമുദായിക ഐക്യത്തിനോ പൊതു സമാധാനത്തിനോ അപകടം ഉണ്ടാക്കാൻ സാദ്ധ്യതയുണ്ടെന്നോ ലഹളയിലേക്കോ കലഹത്തിലേക്കോ നയിക്കുമെന്നോ;



LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്ലാനുകളോ പദ്ധതികളോ പരിപാടികളോ നടപ്പാക്കുന്ന കാര്യത്തിൽ സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളോ ഗ്രാന്റിന്റെ വ്യവസ്ഥകളോ ലംഘിച്ചുവെന്നോ;

അതിനു തോന്നുന്നപക്ഷം റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതാണ്.

(2) (1)–ാം ഉപവകുപ്പു പ്രകാരം ഒരു പ്രമേയമോ തീരുമാനമോ റദ്ദാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ മുമ്പായി, സർക്കാർ, ആ സംഗതി, 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994–ലെ 13) 271ജി വകുപ്പുപ്രകാരം രൂപീകരിച്ച ഓംബുഡ്സ്മാന്റെയോ പ്രസ്തുത ആക്റ്റിലെ 271എസ് വകുപ്പനുസരിച്ച് രൂപീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ട്രൈബ്യൂണലിന്റെയോ പരിഗണനയ്ക്കായി അയച്ചു കൊടുക്കേണ്ടതും, ട്രൈബ്യൂണൽ, മുനിസിപ്പാലിറ്റിക്ക് പറയാനുള്ളത് പറയാൻ 'അവസരം' നൽകിയശേഷം അതിന്റെ നിഗമനങ്ങളോടുകൂടിയ ഒരു റിപ്പോർട്ട് സർക്കാരിന് നൽകേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് ആ പ്രമേയമോ തീരുമാനമോ റദ്ദാക്കുകയോ ഭേദഗതി വരുത്തുകയോ ശരിവയ്ക്കുകയോ ചെയ്യാവുന്നതുമാണ്.

(3) 509–ാം വകുപ്പുപ്രകാരം ട്രൈബ്യൂണൽ മുഖാന്തിരം ഹർജിക്കാരന് പകരമൊരു പരിഹാരം ലഭ്യമാണെങ്കിൽ സർക്കാർ, കൗൺസിലിന്റെ ഏതെങ്കിലും പ്രമേയമോ തീരുമാനമോ റദ്ദാക്കുവാനോ ഭേദഗതി ചെയ്യുവാനോ ഉള്ള യാതൊരപേക്ഷയും പരിഗണിക്കാൻ പാടുള്ളതല്ല.

(4) കൗൺസിലിന്റെ ഒരു പ്രമേയമോ തീരുമാനമോ (1)–ാം ഉപവകുപ്പുപ്രകാരം റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യേണ്ടതാണെന്ന് സർക്കാർ കരുതുന്നപക്ഷം, അതിന് അപ്രകാരമുള്ള പ്രമേയമോ തീരുമാനമോ നടപ്പാക്കുന്നത തത്ക്കാലത്തേക്ക് നിർത്തിവയ്ക്കാവുന്നതും (2)–ാം ഉപവകുപ്പുപ്രകാരമുള്ള നടപടിക്രമം പൂർത്തിയാക്കി അവസാന തീർപ്പാക്കുന്നതുവരെ അതു നടപ്പാക്കുന്നതു മാറ്റി വയ്ക്കുവാൻ കൗൺസിലിനോട് നിർദ്ദേശിക്കാവുന്നതുമാണ്.''.

40. 58–ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 58–ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പു ചേർക്കേണ്ടതാണ്, അതായത്:—

''58. മുനിസിപ്പാലിറ്റിക്ക് നിർദ്ദേശങ്ങൾ നൽകുവാൻ സർക്കാരിനുള്ള അധികാരം.—(1) ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ധനകാര്യം, കണക്കുകൾ സൂക്ഷിക്കൽ, ഓഫീസ് മാനേജ്മെന്റ്, പദ്ധതികളുടെയും സ്ഥലങ്ങളുടെയും ഗുണഭോക്താക്കളുടെയും തെരഞ്ഞെടുപ്പ്, വാർഡ് സഭകൾ, വാർഡ് കമ്മിറ്റികൾ എന്നിവയുടെ ശരിയായ പ്രവർത്തനം, ക്ഷേമപരിപാടികൾ, പരിസ്ഥിതി നിയന്ത്രണം എന്നീ സംഗതികളിൽ ദേശീയ സംസ്ഥാന നയങ്ങൾക്കനുസൃതമായി മുനിസിപ്പാലിറ്റിക്ക് നിർദ്ദേശങ്ങൾ നൽകാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതും അത്തരം നിർദ്ദേശങ്ങൾ മുനിസിപ്പാലിറ്റി പാലിക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) പദ്ധതികൾ നടപ്പാക്കുന്നതിലോ കണക്കുകൾ സൂക്ഷിക്കുന്നതിലോ വീഴ്ചയോ അധികാര ദുർവിനിയോഗമോ റിപ്പോർട്ടു ചെയ്യപ്പെടുകയോ ആ സംഗതിയെ സംബന്ധിച്ച് പ്രത്യേകം പരാതി ലഭിക്കുകയോ ചെയ്താൽ സർക്കാരിന് യുക്തമെന്ന് അത് കരുതുന്ന അന്വേഷണം ഏർപ്പെടുത്താവുന്നതും മുനിസിപ്പാലിററി ആ അന്വേഷണത്തോട് സഹകരിക്കേണ്ടതുമാണ്.

(3) അപ്രകാരമുള്ള അന്വേഷണത്തിനുശേഷം സർക്കാരിന്, ഈ ആക്ടിൻ കീഴിൽ ആവശ്യമായിട്ടുള്ളതും അനുവദനീയമായിട്ടുള്ളതുമായ നടപടികൾ എടുക്കാവുന്നതാണ്.''.

41. 60-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്ടിലെ 60-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

42. 61-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 61-ാം വകുപ്പ് പ്രസ്തുത വകുപ്പിലെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതുമാണ്, അതായത്:—

''(2) (1)-ാം ഉപവകുപ്പിനു കീഴിൽ നിശ്ചയിച്ചിട്ടുള്ള കാലയളവിനുള്ളിൽ അപ്രകാരമുള്ള കർത്തവ്യം നിറവേററിയില്ലെങ്കിലോ ഉത്തരവ് നടപ്പാക്കിയില്ലെങ്കിലോ സർക്കാരിന്, അതതു സംഗതിപോലെ, മുനിസിപ്പാലിററിക്കോ അതിന്റെ ചെയർപേഴ്സണോ സെക്രട്ടറിക്കോ ഈ വകുപ്പിൻ കീഴിൽ അനന്തര നടപടികൾ എടുക്കാതിരിക്കാൻ കാരണം കാണിക്കാൻ ന്യായമായ അവസരം നൽകിക്കൊണ്ട്, കർത്തവ്യങ്ങൾ നിറവേററുവാനും ചുമതലകൾ നിർവ്വഹിക്കാനുമായി ഏതെങ്കിലും ഉദ്യോഗസ്ഥനേയോ അധികാരസ്ഥനെയോ നിയമിക്കാവുന്നതും അതിനു വേണ്ടി വരുന്ന ചെലവ് സർക്കാർ നിശ്ചയിക്കുന്ന സമയത്തിനുള്ളിൽ മുനിസിപ്പാലിററിയുടെ ഫണ്ടിൽനിന്നും നൽകേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ മുനിസിപ്പാലിററിയുടെ ഫണ്ടിൽ നിന്ന് കൊടുക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ചെലവുകൾ പറഞ്ഞിട്ടുള്ള പ്രകാരം നൽകുന്നില്ലെങ്കിൽ അധികൃത വായ്പയുടെ സർവ്വീസ് ചാർജുകൾ ഒഴികെയുള്ള ആ ഫണ്ടിൻമേലുള്ള മററതെങ്കിലും ചാർജ്ജിനേക്കാൾ മുൻഗണന നൽകി നൽകേണ്ടതാണെന്നോ അല്ലെങ്കിൽ മുനിസിപ്പാലിററിക്കു കിട്ടേണ്ടതായ നികുതിയുടെയോ ഏതെങ്കിലും ഗ്രാൻറിന്റെയോ മൊഹരിയിൽനിന്ന് ആ തുക കുറവു ചെയ്യേണ്ടതാണെന്നോ ആ ഫണ്ട് കൈവശംവയ്ക്കുന്ന ആളിന് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പാസ്സാക്കാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ആൾ, മുനിസിപ്പാലിററിയുടെ കണക്കിലുള്ള ഫണ്ട് അനുവദിക്കുന്നിടത്തോളം, ആ ഉപവകുപ്പിൻ കീഴിൽ സർക്കാർ പാസ്സാക്കിയ ഉത്തരവ് പാലിക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.''.

LIBRARY ARCHIVES Kerala Legislative Assembly

43. 63-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 63-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"63. വാർഷിക ഭരണ റിപ്പോർട്ട്.—(1) ഓരോ മുനിസിപ്പാലിറ്റിയും ഓരോ വർഷവും, സർക്കാർ നിർദ്ദേശിക്കുന്ന ഫാറത്തിൽ അപ്രകാരമുള്ള വിശദാംശങ്ങൾ സഹിതം, അതിന്റെ ഭരണത്തെ സംബന്ധിച്ച് ഒരു റിപ്പോർട്ട് ഈ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കി തുടർന്നുവരുന്ന വർഷം സെപ്റ്റംബർ മുപ്പതാം തീയതിക്കകം പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത സമയ പരിധിക്കുള്ളിൽ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്തപക്ഷം, അതിനുശേഷം മുനിസിപ്പാലിറ്റിക്ക് നൽകാനുള്ള ഗ്രാന്റുകൾ സർക്കാരിന് തടഞ്ഞുവയ്ക്കാവുന്നതുമാണ്.

(2) മുനിസിപ്പാലിറ്റിയുടെ ഭരണനിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളെയും ആഫീസുകളെയും ഉദ്യോഗസ്ഥൻമാരെയും സംബന്ധിച്ച് ഭരണ റിപ്പോർട്ടിന്റെ കരട് അപ്രകാരമുള്ള സ്ഥാപനങ്ങളുടെയും ആഫീസുകളുടെയും തലവൻമാർ തയ്യാറാക്കേണ്ടതും, മുനിസിപ്പാലിറ്റിയുടെ സെക്രട്ടറിക്കു നൽകേണ്ടതും, അപ്രകാരം അദ്ദേഹം ചെയർപേഴ്സണുമായി ആലോചിച്ചശേഷം ആ മുനിസിപ്പാലിറ്റിയുടെ ഭരണ റിപ്പോർട്ടിന്റെ കരട് തയ്യാറാക്കേണ്ടതും, അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മുമ്പാകെ സൂക്ഷ്മ പരിശോധനയ്ക്കായി വയ്ക്കേണ്ടതും പിന്നീട് അംഗീകാരത്തിനായി കൗൺസിലിൽ വയ്ക്കേണ്ടതുമാണ്.

(3) കൗൺസിൽ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയ മുനിസിപ്പാലിറ്റിയുടെ ഭരണ റിപ്പോർട്ട് സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന് അയച്ചുകൊടുക്കേണ്ടതും ആ ഉദ്യോഗസ്ഥൻ മുനിസിപ്പാലിറ്റികളുടെ ഭരണ റിപ്പോർട്ടുകളുടെ സാരാംശങ്ങൾ അടങ്ങുന്ന ഒരു സമാഹൃത റിപ്പോർട്ട് എല്ലാവർഷവും ഡിസംബർ 31-ാം തീയതിക്കു മുമ്പായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(4) സർക്കാർ, സമാഹൃത റിപ്പോർട്ട് കിട്ടിയശേഷം അത് കഴിയുന്നതും വേഗം, സർക്കാരിന്റെ ഒരു അവലോകന റിപ്പോർട്ടോടുകൂടി തൊട്ടടുത്ത സമ്മേളനത്തിൽ നിയമസഭ മുൻപാകെ വയ്ക്കേണ്ടതും, അപ്രകാരം വയ്ക്കുന്നത് സമ്മേളനത്തിന്റെ ആദ്യ ദിവസം മുതൽ നാൽപ്പത്തിയഞ്ച് ദിവസത്തിനകം ആയിരിക്കേണ്ടതുമാണ്.".

44. 64-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 64-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) ഒരു സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പ് തൊട്ടടുത്ത സാമ്പത്തിക വർഷത്തെ മുനിസിപ്പാലിറ്റിയുടെ ബഡ്ജറ്റ് അംഗീകരിക്കുന്നതിൽ കൗൺസിൽ പരാജയപ്പെടുകയും ആ കാരണത്താൽ

LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പാലിററിക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടാവുകയും ചെയ്യുകയോ അല്ലെങ്കിൽ ഭൂരിപക്ഷം കൗൺസിലർമാരും രാജിവയ്ക്കുകയോ അയോഗ്യരാക്കപ്പെടുകയോ ചെയ്യുകയാണെങ്കിൽ, സർക്കാരിന് ഗസററ് വിജ്ഞാപനംമൂലം അതിൽപ്പറയുന്ന തീയതി മുതൽ മുനിസിപ്പാലിററി പിരിച്ചുവിടാവുന്നതും അതിന്റെ ഒരു പകർപ്പ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് സർക്കാർ അയച്ചുകൊടുക്കേണ്ടതുമാണ്:

എന്നാൽ, അപ്രകാരം പിരിച്ചുവിടുന്നതിനു മുമ്പായി മുനിസിപ്പാലിററിക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകേണ്ടതാണ്.

(1എ) ഒരു മുനിസിപ്പാലിററി നിയമംമൂലം അതിൻമേൽ ചുമത്തപ്പെട്ടിരിക്കുന്ന കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിലോ അഥവാ സർക്കാർ നിയമാനുസൃതം പുറപ്പെടുവിച്ച ഉത്തരവുകളോ നിർദ്ദേശങ്ങളോ നടപ്പാക്കുന്നതിലോ നിരന്തരം വീഴ്ചവരുത്തുകയോ, അതിന്റെ അധികാരങ്ങൾക്ക് അതീതമായി പ്രവർത്തിക്കുകയോ അവ ദുർവിനിയോഗം ചെയ്യുകയോ ചെയ്തുവെന്ന് അഭിപ്രായമുള്ളപക്ഷം, സർക്കാരിന് ഗസററ്വിജ്ഞാപനം മൂലം പ്രസ്തുത മുനിസിപ്പാലിററി പിരിച്ചുവിടാവുന്നതും അതിന്റെ ഒരു പകർപ്പ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് സർക്കാർ അയച്ചുകൊടുക്കേണ്ടതുമാണ്:

എന്നാൽ അപ്രകാരം പിരിച്ചുവിടുന്നതിനു മുമ്പായി, സർക്കാർ പിരിച്ചുവിടാനുദ്ദേശിക്കുന്ന വിവരം അതിനുള്ള കാരണങ്ങൾ സഹിതം മുനിസിപ്പാലിററിയെ അറിയിക്കേണ്ടതും അതിനെതിരെ കാരണം കാണിക്കുവാൻ മുനിസിപ്പാലിററിക്ക് ന്യായമായ സമയം അനുവദിക്കേണ്ടതും അതിന് എന്തെങ്കിലും ആക്ഷേപമോ വിശദീകരണമോ ഉണ്ടെങ്കിൽ അത് പരിഗണിക്കേണ്ടതുമാണ്:

എന്നിരുന്നാലും, മുനിസിപ്പാലിററിയുടെ ആക്ഷേപമോ വിശദീകരണമോ പരിഗണിച്ചതിനുശേഷം മുനിസിപ്പാലിററി പിരിച്ചുവിടേണ്ടതാണെന്ന് കരുതുന്നുവെങ്കിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ററ് (1994-ലെ 13) 271 ജി വകുപ്പ് പ്രകാരം രൂപീകരിച്ച ഓംബുഡ്സ്മാന്റെ ഉപദേശം തേടേണ്ടതും, ആ ഉപദേശപ്രകാരം അന്തിമ തീരുമാനം എടുക്കേണ്ടതുമാണ്.''.

(2) (2)-ാം ഉപവകുപ്പിൽ ''(1)-ാം ഉപവകുപ്പിൻ കീഴിൽ'' എന്ന വാക്കുകൾക്കും അക്കത്തിനും ബ്രായ്ക്കററിനും പകരം ''(1)-ാം ഉപവകുപ്പോ (1എ) ഉപവകുപ്പോ പ്രകാരം'' എന്ന വാക്കുകളും അക്കങ്ങളും ബ്രായ്ക്കററുകളും ചേർക്കേണ്ടതാണ്.

(3) (3)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(4) (4)-ാം ഉപവകുപ്പിൽ ''(1)-ാം ഉപവകുപ്പിൻ കീഴിൽ'' എന്ന വാക്കുകൾക്കും അക്കത്തിനും ബ്രായ്ക്കററിനും പകരം ''(1)-ാം ഉപവകുപ്പോ (1എ) ഉപവകുപ്പോ പ്രകാരം'' എന്ന വാക്കുകളും അക്കങ്ങളും ബ്രായ്ക്കററുകളും ചേർക്കേണ്ടതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(5) (5)—ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(6) (7)—ാം ഉപവകുപ്പിൽ "(1)—ാം ഉപവകുപ്പിൻ പ്രകാരം" എന്ന വാക്കുകൾക്കും അക്കത്തിനും ബ്രാക്കററിനും പകരം "(1)—ാം ഉപവകുപ്പോ (1എ) ഉപവകുപ്പോ പ്രകാരം" എന്ന വാക്കുകളും അക്കങ്ങളും ബ്രായ്ക്കററുകളും ചേർക്കേണ്ടതാണ്.

45. <u>65—ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്ററിലെ 65—ാം വകുപ്പിൽ,—

(1) മാർജിനൽ ശീർഷകത്തിനു പകരം താഴെപ്പറയുന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്, അതായത്:—

"<u>മുനിസിപ്പാലിററിയുടെ ഭരണ നിർവ്വഹണത്തിന് സ്പെഷ്യൽ ആഫീസറെയോ ഭരണ നിർവ്വഹണ കമ്മിററിയെയോ നിയമിക്കൽ.</u>—"

(2) (1)—ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഒരു മുനിസിപ്പാലിററിയുടെ കാലാവധി കഴിയുകയും ഒരു പുതിയ മുനിസിപ്പാലിററി രൂപീകരിക്കപ്പെടാതിരിക്കുകയും ചെയ്യുമ്പോഴോ അല്ലെങ്കിൽ 64—ാം വകുപ്പ് പ്രകാരം ഒരു മുനിസിപ്പാലിററി പിരിച്ചുവിടുകയാണെങ്കിലോ, സർക്കാരിന്, ഗസററ് വിജ്ഞാപനം വഴി വിജ്ഞാപനത്തിൽ പറയാവുന്ന കാലയളവിൽ മുനിസിപ്പാലിററിയുടെ ഭരണ നിർവ്വഹണത്തിനായി ഒരു സ്പെഷ്യൽ ആഫീസറെയോ അല്ലെങ്കിൽ സർക്കാർ ഉദ്യോഗസ്ഥരായ മൂന്നിൽ കുറയാത്ത അംഗങ്ങളുള്ള ഒരു ഭരണ നിർവ്വഹണ കമ്മിററിയേയോ നിയമിക്കേണ്ടതാണ്:

എന്നാൽ, നിയമനത്തിന്റെ കാലാവധി യാതൊരു സംഗതിയിലും ആറുമാസത്തിൽ കവിയാൻ പാടുള്ളതല്ല.";

(3) (1എ) ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(4) (3)—ാം ഉപവകുപ്പിൽ "അതതു സംഗതിപോലെ, മുനിസിപ്പാലിററിയുടെ പുനർ രൂപീകരണത്തിന്റെ തീയതിയിലോ കൗൺസിലിന്റെ യോഗത്തിനുള്ള കോറം തികയത്തക്കവിധം ഒഴിവുകൾ നികത്തുമ്പോഴോ" എന്ന വാക്കുകൾക്കു പകരം "മുനിസിപ്പാലിററിയുടെ പുനർ രൂപീകരണ തീയതി മുതൽ പ്രാബല്യത്തോടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

46. <u>66—ാം വകുപ്പ് വിട്ടുകളയൽ.</u>—പ്രധാന ആക്ടിലെ 66—ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

47. 67–ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 67–ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

48. 69–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 69–ാം വകുപ്പിൽ (1)–ാം ഉപവകുപ്പിൽ,—

(എ) ''സർക്കാരോ, സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ'' എന്ന വാക്കുകൾക്കു പകരം ''സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) ''നിർണ്ണയിക്കേണ്ടതും പട്ടികജാതികൾക്കോ പട്ടികവർഗ്ഗങ്ങൾക്കോ സ്ത്രീകൾക്കോവേണ്ടി സംവരണം ചെയ്യേണ്ടതായ വാർഡുകൾ നിശ്ചയിക്കേണ്ടതുമാണ്'' എന്ന വാക്കുകൾക്കു പകരം ''നിർണ്ണയിക്കേണ്ടതുമാണ്'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

49. 84–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 84–ാം വകുപ്പിൽ, (ബി) ഖണ്ഡത്തിൽ ''രണ്ടായിരം രൂപ വരെ'' എന്ന വാക്കുകൾക്കു പകരം ''അയ്യായിരം രൂപവരെ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

50. 89–ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 89–ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''89. തെരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ചവരുത്തിയാലുള്ള അയോഗ്യത.—ഒരാൾ,—

(എ) നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിലും രീതിയിലും തെരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ടെന്നും വീഴ്ചവരുത്തിയതിന് മതിയായ കാരണമോ ന്യായീകരണമോ ഇല്ലെന്നും; അഥവാ

(ബി) ബോധിപ്പിച്ച കണക്കുകൾ കളവാണെന്നോ;

(സി) നിർണ്ണയിക്കപ്പെട്ട പരിധിയിൽ കൂടുതൽ തെരഞ്ഞെടുപ്പിലേക്ക് ചെലവ് ചെയ്തിട്ടുണ്ടെന്നോ;

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ അത് ഗസററിൽ പരസ്യപ്പെടുത്തുന്ന ഉത്തരവ് വഴി, അയാളെ അയോഗ്യനായി പ്രഖ്യാപിക്കേണ്ടതും, അങ്ങനെയുള്ള ഏതൊരാളും ഉത്തരവിന്റെ തീയതി മുതൽ തെരഞ്ഞെടുക്കപ്പെട്ടിരുന്ന കൗൺസിലിന്റെ കാലാവധി കഴിയുന്നതു വരെ കൗൺസിലറായി തെരഞ്ഞെടുക്കപ്പെടുന്നതിന് അയോഗ്യനായിരിക്കുന്നതുമാണ്''.

LIBRARY ARCHIVES Kerala Legislative Assembly

51. 90—ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 90—ാം വകുപ്പിൽ, (1)—ാം ഉപവകുപ്പിൽ,—

(1) (ബി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബി) (i) ഒരു കോടതിയിലോ ട്രൈബ്യൂണലിനാലോ സൻമാർഗ്ഗഭ്രംശം സംബന്ധിച്ച ഏതെങ്കിലും കുററത്തിന് മൂന്നുമാസത്തിൽ കുറയാത്ത കാലത്തേക്കുള്ള തടവുശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരിക്കുകയോ;

(ii) അഴിമതി കുററത്തിന് തൽസമയം പ്രാബല്യത്തിലുള്ള നിയമമനുസരിച്ച് തക്ക അധികാരസ്ഥാനത്താൽ കുററക്കാരനായി വിധിക്കപ്പെട്ടിരിക്കുകയോ;

(iii) ദുർഭരണത്തിന്, വ്യക്തിപരമായി കുററക്കാരനാണെന്ന് 1994—ലെ കേരള പഞ്ചായത്ത് രാജ് ആക്ററിൽ (1994—ലെ 13) കീഴിൽ രൂപീകരിച്ചിട്ടുള്ള ഓംബുഡ്സ്മാനാൽ, വിധിക്കപ്പെട്ടിരിക്കുകയോ; ആണെങ്കിൽ; അഥവാ;"

(2) (ഒ) ഖണ്ഡത്തിന്റെ അവസാനം "അഥവാ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(3) (ഒ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(പി) മുനിസിപ്പാലിററിയുടെ ധനമോ, വസ്തുക്കളോ നഷ്ടപ്പെടുത്തുകയോ പാഴാക്കുകയോ ദുർവിനിയോഗം ചെയ്യുകയോ ചെയ്തുവെന്ന് ഓംബുഡ്സ്മാൻ കണ്ടിട്ടുണ്ടെങ്കിൽ.".

52. 91—ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 91—ാം വകുപ്പിൽ,—

(1) "93—ാം വകുപ്പിലെ" എന്ന വാക്കിനും അക്കത്തിനും പകരം "92—ാം വകുപ്പിലെയോ 178—ാം വകുപ്പിലെയോ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(2) (എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എ) 90—ാം വകുപ്പ് (1)—ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വിവരിച്ച പ്രകാരം കുററക്കാരനാണെന്ന് കാണുകയോ അപ്രകാരമുള്ള കുററത്തിന് വിധിക്കപ്പെട്ടിരിക്കുകയോ; അഥവാ";

(3) (കെ) ഖണ്ഡത്തിൽ—

(എ) അതിന്റെയോ അതിന്റെ ഏതെങ്കിലും കമ്മിററിയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുകയും അല്ലെങ്കിൽ മേൽപ്പറഞ്ഞ കാലത്തിനുള്ളിൽ മൂന്നിൽ കുറയാത്ത യോഗങ്ങൾ കൂടിയിട്ടുള്ളപക്ഷം, പ്രസ്തുത തീയതിക്കുശേഷം നടത്തിയ തുടർച്ചയായ മൂന്നുയോഗങ്ങളിൽ ഹാജരാകാതിരി

ക്കുകയോ'' എന്ന വാക്കുകൾക്കു പകരം ''അതതു സംഗതിപോലെ, കൗൺസിലിന്റെയോ സ്റ്റാന്റിംഗ് കമ്മിററിയുടെയോ യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ അല്ലെങ്കിൽ മേൽപ്പറഞ്ഞ മൂന്നു മാസക്കാലത്തിനു ള്ളിൽ മൂന്നിൽ കുറവ് യോഗങ്ങൾ മാത്രം കൂടിയിട്ടുള്ളപക്ഷം, പ്രസ്തുത തീയതിക്കുശേഷം നടത്തിയ അതിന്റെ തുടർച്ചയായുള്ള മൂന്ന് യോഗ ങ്ങളിൽ ഹാജരാകാതിരിക്കുകയോ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) അവസാനം വരുന്ന ''അഥവാ'' എന്ന വാക്ക് വിട്ടു കളയേണ്ടതാണ്;

(സി) താഴെപ്പറയുന്ന ക്ലിപ്തനിബന്ധനകൂടി ചേർക്കേണ്ട താണ്, അതായത്:—

''എന്നിരുന്നാലും മുനിസിപ്പാലിററി യാതൊരു കാരണവശാലും തുടർച്ചയായി ആറുമാസത്തിൽ കൂടുതൽ കാലയളവിലേക്ക് കൗൺസിലിന്റെയോ; സ്റ്റാന്റിംഗ് കമ്മിററിയുടെയോ യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുന്ന തിന് ഒരു കൗൺസിലർക്ക് അനുവാദം നൽകാൻ പാടില്ലാത്തതാകുന്നു; അഥവാ

(4) (എം) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

''(എൻ) മുനിസിപ്പാലിററിയുടെ ധനത്തിന്റേയോ വസ്തുക്കളു ടെയോ നഷ്ടത്തിനോ പാഴാക്കലിനോ ദുർവിനിയോഗത്തിനോ ഉത്തരവാദി യാണെങ്കിൽ; അഥവാ

(ഒ) താൻ കൺവീനറായിരിക്കുന്ന വാർഡു കമ്മിററിയോ വാർഡു സഭയോ മൂന്നുമാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ തുടർച്ച യായി രണ്ടു തവണ വീഴ്ച വരുത്തുകയാണെങ്കിൽ; അഥവാ

(പി) 143എ വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധി ക്കുള്ളിൽ തന്റെ ആസ്തിയെ സംബന്ധിച്ചുള്ള പ്രസ്താവം നൽകു ന്നതിൽ പരാജയപ്പെടുകയാണെങ്കിൽ; അഥവാ

(ക്യൂ) 89-ാം വകുപ്പ് പ്രകാരം അയോഗ്യനായി പ്രഖ്യാപിക്ക പ്പെട്ടിരിക്കുകയാണെങ്കിൽ.''.

53. <u>91-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.</u>— പ്രധാന ആക്ടിലെ 91 വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''91എ. <u>അംഗത്വം ഇല്ലാതാക്കൽ.</u>—(1) ഒരു കൗൺസിലർ ഒരേ സമയം പാർലമെന്റിലേയോ അല്ലെങ്കിൽ സംസ്ഥാന നിയമസഭയിലേയോ അംഗമായിരിക്കാൻ പാടില്ലാത്തതും, അതനുസരിച്ച്—



LIBRARY ARCHIVES Kerala Legislative Assembly

(എ) കൗൺസിലറായി തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് അദ്ദേഹം പാർലമെന്റിലേയോ സംസ്ഥാന നിയമസഭയിലേയോ ഒരംഗമാണെങ്കിൽ അങ്ങനെയുള്ള അംഗത്വം രാജി വച്ചിട്ടില്ലാത്തപക്ഷം, അല്ലെങ്കിൽ

(ബി) പാർലമെന്റിലേയോ സംസ്ഥാന നിയമസഭയിലേയോ ഒരംഗമായി തെരഞ്ഞെടുക്കപ്പെടുകയോ നോമിനേററ് ചെയ്യപ്പെടുകയോ ചെയ്യുന്ന ഒരു കൗൺസിലർ അങ്ങനെയുള്ള ഉദ്യോഗത്തിൽ പ്രവേശിക്കുമ്പോൾ,

ആ ആൾക്കുള്ള കൗൺസിലർ സ്ഥാനം ഒഴിവാകുന്നതാണ്.''.

54. 92-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 92-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

''എന്നാൽ, സെക്രട്ടറിക്കോ സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അപ്രകാരമുള്ള ഒരു പ്രശ്നം തീരുമാനത്തിനായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് റഫർ ചെയ്യാവുന്നതാണ്.'';

(2) (2)-ാം ഉപവകുപ്പിൽ എന്നിരുന്നാൽത്തന്നെയും അങ്ങനെ തീരുമാനിക്കുന്നതുവരെ ആ കൗൺസിലർക്ക് താൻ അയോഗ്യനാക്കപ്പെട്ടാതിരുന്നാലെന്നപോലെ പ്രവർത്തിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്'' എന്ന വാക്കുകൾക്കു പകരം ''എന്നിരുന്നാൽത്തന്നെയും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഹർജിയോ റഫറൻസോ തീരുമാനിക്കുന്നതുവരെ ആ കൗൺസിലർ അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം തുടരണമോ വേണ്ടയോ എന്ന് ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(3) (3)-ാം ഉപവകുപ്പിൽ ''ഓരോ ഹർജിയും'' എന്ന വാക്കുകൾക്ക് പകരം ''ഹർജിയോ റഫറൻസോ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

55. 96-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 96-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''96എ. തെരഞ്ഞെടുപ്പ് നിരീക്ഷകർ.—(1) ഏതൊരു മുനിസിപ്പാലിററിയിലേയും തെരഞ്ഞെടുപ്പ് നിരീക്ഷിക്കുന്നതിനുവേണ്ടി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് സർക്കാരുമായി കൂടിയാലോചിച്ച് ഒരു ഉയർന്ന സർക്കാർ ഉദ്യോഗസ്ഥനെ നിരീക്ഷകനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം നാമനിർദ്ദേശം ചെയ്യുന്ന നിരീക്ഷകൻ നിഷ്പക്ഷവും നീതിപൂർവ്വകവുമായ തെരഞ്ഞെടുപ്പ് ഉറപ്പു വരുത്തുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെ സഹായിക്കേണ്ടതും കമ്മീഷൻ ഭരമേൽപ്പിക്കുന്ന മററ് ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.''.

LIBRARY ARCHIVES Kerala Legislative Assembly

56. 97–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 97–ാം വകുപ്പിൽ ''ഒരു ഉദ്യോഗസ്ഥനെ വരണാധികാരിയായി'' എന്ന വാക്കുകൾക്ക് പകരം 'ഒന്നോ അതിലധികമോ ഉദ്യോഗസ്ഥരെ വരണാധികാരികളായി'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

57. 104–ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 104–ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''104എ. വരണാധികാരി, പ്രിസൈഡിംഗ് ഓഫീസർ മുതലായവർ തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഡെപ്യൂട്ടേഷനിലായിരിക്കുന്നതായി കണക്കാക്കണമെന്ന്.—ഒരു പൊതു തെരഞ്ഞെടുപ്പോ ഉപതെരഞ്ഞെടുപ്പോ നടത്തുന്നതിനായി ഈ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് തൽസമയം നിയമിക്കുന്ന വരണാധികാരിയും അസിസ്റ്റന്റ് വരണാധികാരിയും പ്രിസൈഡിംഗ് ആഫീസറും പോളിംഗ് ആഫീസറും മറ്റേതെങ്കിലും ഉദ്യോഗസ്ഥനും തൽസമയം സ്ഥാന നിർദ്ദേശം ചെയ്യുന്ന ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനും തിരഞ്ഞെടുപ്പ് നിരീക്ഷകനും അങ്ങനെയുള്ള തെരഞ്ഞെടുപ്പ് ആവശ്യപ്പെട്ടുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ തീയതി മുതൽ അങ്ങനെയുള്ള തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപന തീയതി അവസാനിക്കുന്നതുവരെയുള്ള കാലയളവിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഡെപ്യൂട്ടേഷനിലായിരിക്കുന്നതായി കരുതപ്പെടേണ്ടതും അതിൻപ്രകാരം അങ്ങനെയുള്ള ഉദ്യോഗസ്ഥൻമാർ ആ കാലയളവിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിയന്ത്രണത്തിനും മേൽനോട്ടത്തിനും അനുശാസനത്തിനും വിധേയരായിരിക്കുന്നതുമാണ്.''.

58. 142–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 142–ാം വകുപ്പിൽ,—

(1) മാർജിനൽ ശീർഷകത്തിലും പ്രസ്തുത വകുപ്പിലും ''ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്'' എന്ന വാക്കുകൾക്കു പകരം ''സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്'' എന്ന വാക്കുകൾ യഥാക്രമം ചേർക്കേണ്ടതാണ്;

(2) ''ആകുന്നു'' എന്ന വാക്കിന് പകരം ''പ്രസ്തുത മുപ്പതു ദിവസ കാലാവധി അവസാനിച്ചാലുടൻ, കഴിയുന്നതുംവേഗം, പ്രസ്തുത ഉദ്യോഗസ്ഥൻ തനിക്ക് ലഭിച്ച തെരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കുകൾ, തെരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കുകൾ സമർപ്പിക്കാതിരുന്ന സ്ഥാനാർത്ഥികളുടെ ഒരു ലിസ്റ്റ് സഹിതം കമ്മീഷൻ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥന് എത്തിച്ചു കൊടുക്കേണ്ടതുമാണ്.'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

59. 143–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 143–ാം വകുപ്പിൽ,—

(1) (1)–ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

LIBRARY ARCHIVES Kerala Legislative Assembly

"(1) സർക്കാർ ഓരോ പൊതു തെരഞ്ഞെടുപ്പിനുശേഷവും മുനിസിപ്പാലിററിയുടെ ആദ്യയോഗം വിളിച്ചുകൂട്ടുന്നതിലേക്കായി, കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ട ഒരംഗത്തെ നാമനിർദ്ദേശം ചെയ്യേണ്ടതും അദ്ദേഹം അപ്രകാരമുള്ള യോഗം വിളിച്ചുകൂട്ടുന്നതിനു മുമ്പ്, സർക്കാർ ഈ ആവശ്യാർത്ഥം നാമനിർദ്ദേശം ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥന്റെ മുമ്പാകെ മൂന്നാം പട്ടികയിൽ ഈ ആവശ്യത്തിലേക്കായി കൊടുത്തിട്ടുള്ള ഫോറത്തിൽ ഒരു സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് ഒപ്പിട്ടു കൊടുക്കേണ്ടതുമാണ്;

എന്നാൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗം കഴിയുന്നതും ആ മുനിസിപ്പാലിററിയിൽ തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാരിൽ പ്രായം കൂടിയ ആറം ആയിരിക്കേണ്ടതാണ്.

(1എ) മറെറല്ലാ കൗൺസിലർമാരും, തന്റെ സ്ഥാനം ഏറെറടുക്കുന്നതിനു മുമ്പ്, 12-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ചെയർപേഴ്സന്റെ തെരഞ്ഞെടുപ്പ് നടത്തുന്നതിലേക്ക് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ച തീയതിക്കുമുമ്പ് സർക്കാർ നിർദ്ദേശിക്കുന്ന തീയതിയിൽ, (1)-ാം ഉപവകുപ്പുപ്രകാരം നാമനിർദ്ദേശം ചെയ്ത കൗൺസിലറുടെ മുമ്പാകെ, മൂന്നാം പട്ടികയിൽ ഈ ആവശ്യത്തിലേക്കായി കൊടുത്തിട്ടുള്ള ഫോറത്തിൽ ഒരു സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് ഒപ്പിട്ടു കൊടുക്കേണ്ടതാണ്.

(1ബി) (1എ) ഉപവകുപ്പ് പ്രകാരം സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യുന്നതിന് സാധിക്കാതെ വന്ന കൗൺസിലർക്ക് അല്ലെങ്കിൽ ഒരു ഇടക്കാല തെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർക്ക് അപ്രകാരമുള്ള സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയർപേഴ്സന്റെ മുമ്പാകെ ചെയ്യാവുന്നതാണ്.";

(2) (3)-ാം ഉപവകുപ്പിൽ "(1)-ാം ഉപവകുപ്പ് പ്രകാരമുള്ള" എന്ന വാക്കുകൾക്കും അക്കത്തിനും ബ്രായ്ക്കററിനും പകരം "(1എ) ഉപവകുപ്പ് പ്രകാരമോ (1ബി) ഉപവകുപ്പ് പ്രകാരമോ ഉള്ള" എന്ന വാക്കുകളും അക്കങ്ങളും ബ്രായ്ക്കററുകളും ചേർക്കേണ്ടതാണ്;

(3) (3)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ഒരാറം, താൻ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ട തീയതി മുതൽ ഏററവും കൂടിയത് മുപ്പത് ദിവസത്തിനുള്ളിൽ മതിയായ കാരണങ്ങളില്ലാതെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് സ്ഥാനം ഏറെറടുക്കാത്തപക്ഷം, അയാറം തന്റെ സ്ഥാനം സ്വമേധയാ ഒഴിഞ്ഞതായി സർക്കാരിന് ഗസററ് വിജ്ഞാപനംമൂലം പ്രഖ്യാപിക്കാവുന്നതാണ്.".

60. <u>143-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.</u>—പ്രധാന ആക്ടിലെ 143-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

LIBRARY ARCHIVES Kerala Legislative Assembly

"143എ. കൗൺസിലർമാർ സ്വത്തുവിവരം സംബന്ധിച്ച പ്രസ്താവം നൽകണമെന്ന്.—(1) ഒരു കൗൺസിലർ തന്റെ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മൂന്നുമാസത്തിനകം നിശ്ചിത ഫാറത്തിൽ അയാളുടേയും അയാളുടെ കുടുംബത്തിലെ മററംഗങ്ങളുടെയും സ്വത്തുക്കളുടെയും ബാദ്ധ്യതകളുടെയും സ്റേററുമെൻറ് സർക്കാർ ഇതിലേക്കായി വിജ്ഞാപനം മുഖേന അധികാരപ്പെടുത്തുന്ന കോംപിററൻറ് അതോറിററിക്ക് സമർപ്പിക്കേണ്ടതാണ്:

എന്നാൽ, ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന സമയം കൗൺസിലറായിരിക്കുന്ന ഒരാറം സർക്കാർ ഇതിലേക്കായി നിശ്ചയിക്കുന്ന തീയതിക്കുമുമ്പ് അപ്രകാരമുള്ള ഒരു സ്റേററുമെൻറ് കോംപിററൻറ് അതോറിററിക്ക് സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഒരു സ്റേററുമെൻറ് സമർപ്പിച്ച ഒരു കൗൺസിലർ അതിനുശേഷം അയാളുടേയോ അയാളുടെ കുടുംബത്തിലെ മററ് അംഗങ്ങളുടേയോ പേരിൽ കൂടുതലായി ഏതെങ്കിലും സ്വത്ത് ആർജ്ജിക്കുകയോ സ്റേററുമെൻറിൽ പറയുന്ന ഏതെങ്കിലും സ്വത്ത് കയ്യൊഴിയുകയോ ബാദ്ധ്യതപ്പെടുത്തുകയോ ചെയ്താൽ, അതതു സംഗതി പോലെ, അപ്രകാരം ആർജ്ജിക്കുകയോ കയ്യൊഴിയുകയോ ബാദ്ധ്യതപ്പെടുത്തുകയോ ചെയ്യുന്ന തീയതി മുതൽ മൂന്നുമാസത്തിനകം അതു സംബന്ധിച്ച സ്റേററുമെൻറ് കോംപിററൻറ് അതോറിററിക്ക് സമർപ്പിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പും (2)-ാം ഉപവകുപ്പും പ്രകാരം ഒരു കൗൺസിലർ കളവായതോ, കളവാണെന്ന് താനറിയുകയോ വിശ്വസിക്കുകയോ ചെയ്യുന്നതോ അല്ലെങ്കിൽ സത്യമാണെന്ന് താൻ വിശ്വസിക്കാത്തതോ ആയ ഒരു സ്റേററുമെൻറ് നൽകുന്നുവെങ്കിൽ അപ്രകാരം കളവായി വിവരം നൽകിയതിന് ആ കൗൺസിലർക്ക് എതിരെ നിയമാനുസൃതമായ നടപടികറം സ്വീകരിക്കേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പിലും (2)-ാം ഉപവകുപ്പിലും പറഞ്ഞിട്ടുള്ള തീയതിക്കുള്ളിൽ ഒരു കൗൺസിലർ അപ്രകാരമുള്ള സ്റേററുമെൻറ് കോംപിററൻറ് അതോറിററിക്ക് സമർപ്പിച്ചിട്ടില്ലാത്തപക്ഷം 91-ാം വകുപ്പു പ്രകാരം കൗൺസിലറായി തുടരുന്നതിന് അയോഗ്യത കൽപ്പിക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്.

വിശദീകരണം 1.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക് ഒരു കൗൺസിലറുടെ "കുടുംബം" എന്നാൽ കൗൺസിലറുടെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, അയാളെ ആശ്രയിച്ചു കഴിയുന്ന അയാളുടെ അച്ഛനമ്മമാരും അവിവാഹിതരായ സഹോദരിമാരും മക്കളും എന്നർത്ഥമാകുന്നു.".

വിശദീകരണം 2.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക്, 'സ്വത്ത്' എന്നാൽ എല്ലാ സ്ഥാവര വസ്തുക്കളും പതിനായിരം രൂപയിൽ കുറയാത്ത മൂല്യമുള്ള ജംഗമ വസ്തുക്കളും എന്നർത്ഥമാകുന്നു.".

61. 196-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 196-ാം വകുപ്പിൽ (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

LIBRARY ARCHIVES Kerala Legislative Assembly

"(5) ഈ ആക്ടിലോ മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്ടുപ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ മുമ്പാകെ ഏതെങ്കിലും ആംക്കെതിരായി നൽകപ്പെട്ട ഏതെങ്കിലും പരാതി നിസാരമാണെന്നോ അടിസ്ഥാനരഹിതമാണെന്നോ അല്ലെങ്കിൽ ഉത്തമ വിശ്വാസ പൂർവമുള്ളതല്ലെന്നോ അന്വേഷണത്തിൽ കമ്മീഷന് ബോദ്ധ്യമായിട്ടുള്ളിടത്ത് അങ്ങനെയുള്ള അന്വേഷണ വിചാരണയ്ക്ക് എതിർകക്ഷി വഹിച്ച ചെലവ് നൽകുവാൻ പരാതി നൽകിയ ആളോട് കമ്മീഷന് നിർദ്ദേശിക്കാവുന്നതാണ്."

62. 207—ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 207—ാം വകുപ്പിൽ,—

(1) (1)—ാം ഉപവകുപ്പിൽ "സർക്കാർ ദേശീയ പാതയായി തരംതിരിച്ചിട്ടുള്ള റോഡുകളോ സംസ്ഥാന ഹൈവേയായി തരംതിരിച്ചിട്ടുള്ള മററു റോഡുകളോ" എന്ന വാക്കുകൾക്കു പകരം "ദേശീയ പാതയോ സംസ്ഥാന പാതയോ മേജർ ജില്ലാ റോഡോ ആയി നിലകൊള്ളുന്നതും സർക്കാർ അപ്രകാരം തരംതിരിച്ചിട്ടുള്ളതുമായ റോഡുകളോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (2)—ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) (1)—ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന് ഏതൊരു സമയവും ഗസററ് വിജ്ഞാപനം വഴി മുനിസിപ്പാലിററിയുടെ അധീനതയിലുള്ള ഏതൊരു പൊതുവഴിയോ അല്ലെങ്കിൽ തെരുവോ ദേശീയ പാതയോ, സംസ്ഥാന പാതയോ, മേജർ ജില്ലാ റോഡോ ആക്കി തരം തിരിക്കുന്നതിന് അപ്രകാരമുള്ള പൊതു വഴിയോ, തെരുവോ, അതിനോട് ചേർന്ന അഴുക്കുചാലോ, ഓടയോ, ഡ്രെയിനേജ് പണിയോ, ടണലോ, കലുങ്കോ മുനിസിപ്പാലിററിയുടെ അധീനതയിൽ നിന്ന് ഒഴിവാക്കാവുന്നതും അപ്രകാരം ഒരു വിജ്ഞാപനം പുറപ്പെടുവിച്ചാൽ അവ സർക്കാരിലേക്ക് പുനർ നിക്ഷിപ്തമാകുന്നതുമാണ്:

എന്നാൽ, അപ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പായി, സർക്കാർ ബന്ധപ്പെട്ട മുനിസിപ്പാലിററിയുമായി ആലോചിക്കേണ്ടതും, ആക്ഷേപം എന്തെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് അർഹമായ പരിഗണന നൽകേണ്ടതുമാണ്.".

63. 209—ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്ടിലെ 209—ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

64. 214—ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 214—ാം വകുപ്പ് പ്രസ്തുത വകുപ്പിലെ (1)—ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)—ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(2) മുനിസിപ്പാലിററിക്ക് വേണ്ടി ഭൂമി വിലയ്ക്കെടുക്കുന്നതു സംബന്ധിച്ച് ഉണ്ടാകുന്ന എല്ലാ കോടതി നടപടികളിലും മുനിസിപ്പാലിററി കക്ഷിചേരേണ്ടതാണ്.".

LIBRARY ARCHIVES Kerala Legislative Assembly

65. 215-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 215-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഒരു മുനിസിപ്പാലിറ്റിക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ, മുനിസിപ്പൽ പ്രദേശത്തിനുള്ളിലോ അതിനു പുറത്തോ ഉള്ള ഭൂമിയോ കെട്ടിടമോ ആയ ഏതെങ്കിലും വസ്തു, ഒരു പൊതു ആവശ്യത്തിന് ഏതെങ്കിലും സംവിധാനമോ സൗകര്യമോ നൽകുന്നതിനുവേണ്ടി ആർജ്ജിക്കുകയോ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി അതിന്റെ വകയായ ഏതൊരു വസ്തുവും കയ്യൊഴിയുകയോ ചെയ്യാവുന്നതാണ്.";

(2) (2)-ാം ഉപവകുപ്പിൽ "ഇതിനായി സർക്കാർ നിർദ്ദേശിച്ചേക്കാവുന്ന നിയന്ത്രണങ്ങൾക്കും പരമിതികൾക്കും വിധേയമായി" എന്ന വാക്കുകൾക്കു പകരം "നിർണ്ണയിക്കപ്പെട്ട രീതിയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

66. 216-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 216-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) കൗൺസിലിന്, ഏതെങ്കിലും വിഭാഗം പണികളുടെ സംഗതിയിൽ പൊതുവായോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക പണിയുടെ സംഗതിയിൽ പ്രത്യേകമായോ, പണികൾ കരാറുകാരൻ മുഖാന്തിരമോ നേരിട്ടോ അല്ലെങ്കിൽ ഏതെങ്കിലും ഗുണഭോക്തൃ കമ്മിറ്റി മുഖാന്തിരമോ ആയിരിക്കണം നിർവ്വഹിക്കേണ്ടതെന്ന് തീരുമാനിക്കാവുന്നതാണ്:

എന്നാൽ, ഏതെങ്കിലും പണി ഒരു ഗുണഭോക്തൃ കമ്മിറ്റി മുഖാന്തിരമോ അല്ലെങ്കിൽ നേരിട്ടോ എന്ന വ്യാജേന ബിനാമി കോൺട്രാക്ടർ ചെയ്തിട്ടുള്ളപക്ഷം അപ്രകാരമുള്ള പണിക്ക് ചെലവായ തുക ഫണ്ട് ദുർവിനിയോഗമായി കണക്കാക്കേണ്ടതും ആ തുക അതിനുത്തരവാദികളിൽ നിന്നും തിരകെ പിടിക്കേണ്ടതുമാണ്.".

(2) (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും അത് ചെയ്യിക്കുന്നതും അതിന്റെ മേൽനോട്ടം വഹിക്കുന്നതും ചെലവ് ചെയ്യുന്നതും നിർണ്ണിയക്കപ്പെട്ട രീതിയിലായിരിക്കേണ്ടതാണ്.".

67. 217-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 217-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

LIBRARY ARCHIVES Kerala Legislative Assembly

"(1) വിഭവശേഷിക്കും ബഡ്ജററ് എസ്ററിമേററിൽ വകകൊള്ളിച്ചിരിക്കുന്നതിനും വിധേയമായി ഏതെങ്കിലും പണികളുടെയോ, പദ്ധതികളുടെയോ എസ്ററിമേററുകൾക്ക് ഭരണാനുമതി നൽകാൻ ക്ഷമതയുള്ള അധികാരസ്ഥാനവും അങ്ങനെയുള്ള അനുമതി ഏതു പരിധിവരെ നൽകാമെന്നുള്ളതും താഴെ കാണിക്കുന്ന പ്രകാരമായിരിക്കുന്നതാണ്, അതായത്:—

(എ) ടൗൺ പഞ്ചായത്ത്

| | | |
|---|---|---|
| (i) | സ്ററാൻഡിംഗ് കമ്മിററി | ഇരുപത്തി അയ്യായിരം രൂപ വരെ |
| (ii) | കൗൺസിൽ | ഇരുപത്തി അയ്യായിരം രൂപയിൽ കവിയുന്നത് |

(ബി) മുനിസിപ്പൽ കൗൺസിൽ

| | | |
|---|---|---|
| (i) | സ്ററാൻഡിംഗ് കമ്മിററി | അമ്പതിനായിരം രൂപ വരെ |
| (ii) | കൗൺസിൽ | അമ്പതിനായിരം രൂപയിൽ കവിയുന്നത് |

(സി) മുനിസിപ്പൽ കോർപ്പറേഷൻ

| | | |
|---|---|---|
| (i) | സ്ററാൻഡിംഗ് കമ്മിററി | ഒരു ലക്ഷം രൂപ വരെ |
| (ii) | കൗൺസിൽ | ഒരു ലക്ഷം രൂപയിൽ കവിയുന്നത്.". |

68. 218-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 218-ാം വകുപ്പിൽ,—

(1) (2)-ാം ഉപവകുപ്പിൽ (ഡി) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(2) (3)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

69. 220-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്ടിലെ 220-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

70. 222-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 222-ാം വകുപ്പിൽ, (7)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(8) മുനിസിപ്പാലിററിയുടെ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻമാരുടെയോ ജീവനക്കാരുടെയോ പേരിൽ ഏതെങ്കിലും അച്ചടക്ക നടപടികൾ എടുക്കേണ്ടിവരുമ്പോൾ വലിയ ശിക്ഷ നൽകേണ്ടിവരുന്ന സംഗതിയിൽ, ചെയർപേഴ്സണ് അങ്ങനെയുള്ള ഉദ്യോഗസ്ഥനോ, ജീവനക്കാരനോ ബാധകമായിട്ടുള്ള ചട്ടങ്ങളിൻകീഴിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥൻെറയോ ജീവനക്കാരൻെറയോമേൽ വലിയ ശിക്ഷ ചുമത്തുന്നതിന് അധികാരമുള്ള അധികാരസ്ഥാന് റിപ്പോർട്ട് ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതും ആ അധികാരസ്ഥാനം റിപ്പോർട്ട് പരിഗണിക്കേണ്ടതും അതിൻമേൽ എടുത്ത അന്തിമ തീരുമാനം ചെയർപേഴ്സണെ അറിയിക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(9) ഏതൊരു മുനിസിപ്പാലിററിയുടെ അതിന്റെ ഉദ്യോഗസ്ഥൻമാരുടെയും, ജീവനക്കാരുടെയും സേവനം, സർക്കാർ ഭരമേൽപ്പിച്ചതും ഏതെങ്കിലും പദ്ധതിയുടെയോ, പ്രോജക്ടിന്റെയോ പ്ലാനിന്റെയോ നടത്തിപ്പ് ഉൾപ്പെടുന്നതുമായ ചുമതലകൾ നിർവ്വഹിക്കുന്നതിന്, ലഭ്യമാക്കേണ്ടതാണ്.''.

71. 226–ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 226–ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''226. ഹെൽത്താഫീസറുടെ മേൽ ചെയർപേഴ്സണുള്ള നിയന്ത്രണം.—(1) 1955–ലെ തിരുവിതാംകൂർ–കൊച്ചി പൊതുജനാരോഗ്യ ആക്ടിലോ (1955–ലെ XVI) 1939–ലെ മദ്രാസ് പൊതുജനാരോഗ്യ ആക്ടിലോ (1939–ലെ III–ാം മദ്രാസ് ആക്ട്) എന്തുതന്നെ അടങ്ങിയിരുന്നാലും പൊതുജനാരോഗ്യപരമായ കാര്യങ്ങളെ സംബന്ധിച്ച് 1955–ലെ തിരുവിതാംകൂർ–കൊച്ചി പൊതുജനാരോഗ്യ ആക്ടിലെ (1955–ലെ XVI) 14–ാം വകുപ്പോ 1939–ലെ മദ്രാസ് പൊതുജനാരോഗ്യ ആക്ടിലെ (1939–ലെ III–ാം മദ്രാസ് ആക്ട്) 16–ാം വകുപ്പോ മൂലം ഹെൽത്താഫീസർക്ക് നൽകപ്പെട്ടിട്ടുള്ളവയും ഈ ആക്ട് പ്രകാരം സെക്രട്ടറിയിൽ നിക്ഷിപ്തമായിട്ടുള്ളതുമായ ചുമതലകളിൽ മുനിസിപ്പൽ ഫണ്ടിൽനിന്ന് ചെലവ് ചെയ്യേണ്ടിവരുന്നവ ഒഴികെ ചെയർപേഴ്സന്റെ നിയന്ത്രണത്തിനും മേലന്വേഷണത്തിനും വിധേയമായി ഹെൽത്താഫീസർ നിർവ്വഹിക്കേണ്ടതാണ്.

(2) ഏതെങ്കിലും മുനിസിപ്പാലിററിയിൽ ഹെൽത്താഫീസർ ഇല്ലാതിരിക്കുമ്പോൾ മുനിസിപ്പാലിററിയുടെ അധീനതയിലുള്ള ആശുപത്രികളിലേയോ പൊതു ഹെൽത്ത് സെൻററുകളിലെയോ ഡിസ്പെൻസറികളിലേയോ സീനിയറായ മെഡിക്കൽ ആഫീസർ എക്സ്–ഒഫിഷ്യോ ഹെൽത്ത് ആഫീസറായിരിക്കുന്നതാണ്.''.

72. 227–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 227–ാം വകുപ്പിൽ, (1)–ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

''(1) നിർണ്ണയിക്കപ്പെട്ട നിയന്ത്രണങ്ങൾക്കും, വ്യവസ്ഥകൾക്കും വിധേയമായി, ഈ ആക്ട് പ്രകാരം മുനിസിപ്പാലിററിയിൽ ഭരമേൽപ്പിച്ചതോ അർപ്പിതമായതോ ആയ പദ്ധതികളുടെയും പ്രോജക്ടുകളുടേയും, പ്ലാനുകളുടെയും നടത്തിപ്പിനുവേണ്ടി സർക്കാരിന് അവരുടെ ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും മുനിസിപ്പാലിററിയുടെ അധീനതയിൽ വിട്ടുകൊടുക്കാവുന്നതാണ്.

(1എ) (1)–ാം ഉപവകുപ്പുപ്രകാരം ഒരു മുനിസിപ്പാലിററിയിലേക്ക് വിട്ടുകൊടുത്ത സർക്കാർ ഉദ്യോഗസ്ഥൻമാരോ ജീവനക്കാരോ ആ മുനിസിപ്പാലിററിയിലെ ഉദ്യോഗസ്ഥൻമാരോ ജീവനക്കാരോ ആയിരുന്നാലെന്നപോലെ, അവരുടെ സാധാരണ ചുമതലകൾക്കു പുറമേ മുനിസിപ്പാലിററി അവർക്ക് ഏൽപ്പിച്ചുകൊടുക്കുന്ന ബന്ധപ്പെട്ട മററു ചുമതലകളും നിർവ്വഹിക്കേണ്ടതാണ്.



LIBRARY ARCHIVES Kerala Legislative Assembly

(1ബി) മുനിസിപ്പാലിററിയുടെ അധീനതയിൽ വിട്ടുകൊടുത്തിട്ടുള്ള ഉദ്യോഗസ്ഥൻമാരും ജീവനക്കാരും മുനിസിപ്പാലിററിയുടെ മേലന്വേഷണത്തിലും നിയന്ത്രണത്തിലുമായിരിക്കുന്നതും അച്ചടക്ക നടപടികൾ ഉൾപ്പെടെ അവരുടെ സേവനം സംബന്ധിച്ച നിബന്ധനകളും വ്യവസ്ഥകളും ഈ ആക്ടിലെ മററ് വ്യവസ്ഥകൾക്ക് വിധേയമായി സർക്കാരിന്റെ കീഴിൽ അവർക്ക് ബാധകമാകുന്ന അതേ തരത്തിലുള്ളതായി തുടരുന്നതുമാണ്.

(1സി) മുനിസിപ്പാലിററിയിലേക്ക് വിട്ടുകൊടുത്ത സർക്കാർ ജീവനക്കാരുടെ ശമ്പളം മുനിസിപ്പൽ ഫണ്ടിൽ നിന്ന് നൽകണമെന്ന് സർക്കാർ തീരുമാനിക്കുന്നതുവരെ സർക്കാർ നൽകേണ്ടതാണ്.".

73. 228-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 228-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"228. എസ്റ്റാബ്ലിഷ്മെന്റിനുമേൽ സെക്രട്ടറിക്കുള്ള നിയന്ത്രണം.—ആക്ടിലെ വ്യവസ്ഥകൾക്കും തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും ബൈലാകൾക്കും റെഗുലേഷനുകൾക്കും വിധേയമായി, മുനിസിപ്പൽ എസ്റ്റാബ്ലിഷ്മെന്റിലെ ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും കർത്തവ്യങ്ങൾ സെക്രട്ടറി നിർദ്ദേശിക്കേണ്ടതും അവരുടെമേൽ നിയന്ത്രണവും മേലന്വേഷണവും സെക്രട്ടറി വഹിക്കേണ്ടതുമാണ്.".

74. 229-ാം വകുപ്പിനു പകരം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്ടിലെ 229-ാം വകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"229. എസ്റ്റാബ്ലിഷ്മെന്റിന്റെ മേലുള്ള ചെയർപേഴ്സന്റെ അധികാരം.—ചെയർപേഴ്സൺ, 30-ാം വകുപ്പോ 52-ാം വകുപ്പോ 227-ാം വകുപ്പോ പ്രകാരം സർക്കാർ മുനിസിപ്പാലിററിക്ക് വിട്ടുകൊടുത്ത ഉദ്യോഗസ്ഥൻമാരും, ജീവനക്കാരും ഉൾപ്പെടെ മുനിസിപ്പാലിററിയുടെ കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥൻമാരുടെയും, ജീവനക്കാരുടെയും ജോലിയിൻമേലുള്ള മേൽനോട്ടവും നിയന്ത്രണവും വഹിക്കേണ്ടതും അതിന് അവരുടെ ജോലികളെ സംബന്ധിച്ച് ആവശ്യമായ എല്ലാ റിപ്പോർട്ടുകളും വിവരങ്ങളും ലഭ്യമാക്കുന്നതിന് സെക്രട്ടറിയോട് ആവശ്യപ്പെടാവുന്നതും കൗൺസിലിന്റെയോ അതിന്റെ ഏതെങ്കിലും കമ്മിററിയുടെയോ തീരുമാനങ്ങൾ ദ്രുതഗതിയിൽ നടപ്പാക്കുന്നതിന് ആവശ്യമായ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

229 എ. തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥൻമാരും തമ്മിലുള്ള ബന്ധം.—(1) മുനിസിപ്പാലിററിയുടെ നിയന്ത്രണത്തിൻ കീഴിലുള്ള ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും, അവർ കൈകാര്യം ചെയ്യുന്ന സംഗതികളിൽ ഉപദേശം നൽകുന്നതിനുള്ള അവകാശവും തൊഴിൽപരമായ സ്വാതന്ത്ര്യവും നിയമപരമായ അവകാശങ്ങളും സംരക്ഷിക്കുന്നതിലേക്കായി മുനിസിപ്പാലിററിയുടെ തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ജീവനക്കാരും തമ്മിലുള്ള ബന്ധത്തെ സംബന്ധിക്കുന്ന ഒരു പെരുമാററച്ചട്ടം, സർക്കാർ നിർണ്ണയിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) ചർച്ചകളുടെ മിനിററ്സിൽ ഉദ്യോഗസ്ഥൻമാർ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

(3) മുനിസിപ്പാലിററിയിലെ തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥൻമാരും ജീവനക്കാരും പരുഷമായ ഭാഷയും ആംഗ്യവും പ്രവൃത്തികളും പരിപൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് പരസ്പരം ബഹുമാനം പുലർത്തേണ്ടതാണ്.

(4) തെരഞ്ഞെടുക്കപ്പെട്ട അധികാരികൾ പെരുമാററച്ചട്ടം ലംഘിച്ചതായുള്ള ഏതൊരു പരാതിയും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ (1994-ലെ 13) 271 ജി വകുപ്പ് പ്രകാരം രൂപീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ പരിഗണിക്കേണ്ടതും അതിൻമേലുള്ള റിപ്പോർട്ട് ഉചിതമായ നടപടികൾക്കായി സർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്.

(5) തെരഞ്ഞെടുക്കപ്പെട്ട അധികാരികൾ ഉദ്യോഗസ്ഥൻമാർക്ക് വാക്കാൽ നൽകുന്ന നിർദ്ദേശങ്ങൾ, അവ നടപ്പാക്കുന്നതിനുമുമ്പ്, രേഖാമൂലം സ്ഥിരീകരിക്കേണ്ടതാണ്.

229ബി. ഉദ്യോഗസ്ഥൻമാരുടെ സ്ററാററ്യൂട്ടറി ചുമതലകൾ നിർവ്വഹിക്കൽ.—മുനിസിപ്പാലിററിയുടെ ഏതെങ്കിലും ഉദ്യോഗസ്ഥനിൽ, സ്വതന്ത്രമായും തനിച്ചും ചെയ്യേണ്ടതായ സ്ററാററ്യൂട്ടറി അധികാരങ്ങളോ ചുമതലകളോ നിക്ഷിപ്തമായിട്ടുണ്ടെങ്കിൽ, കൗൺസിലോ, ചെയർപേഴ്സണോ സ്ററാൻഡിംഗ് കമ്മിററി ചെയർമാനോ ഏതെങ്കിലും കൗൺസിലറോ അപ്രകാരമുള്ള കർത്തവ്യങ്ങളും ചുമതലകളും ആ ഉദ്യോഗസ്ഥൻ നിർവ്വഹിക്കുന്നതിൽ ഇടപെടുകയോ സ്വാധീനിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.''.

75. 233-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 233-ാം വകുപ്പിൽ,—

(1) (3)-ാം ഉപവകുപ്പിന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ,—

(എ) ''എട്ടു ശതമാനത്തിൽ'' ''പത്തു ശതമാനത്തിൽ'', പതിനഞ്ചു ശതമാനത്തിൽ എന്നീ വാക്കുകൾക്കുപകരം, ''ആറു ശതമാനത്തിൽ'', ''ഒൻപതു ശതമാനത്തിൽ'', ''പന്ത്രണ്ട് ശതമാനത്തിൽ'' എന്നീ വാക്കുകൾ യഥാക്രമം ചേർക്കേണ്ടതാണ്;

(ബി) പട്ടികയിൽ ''ടൗൺ പഞ്ചായത്ത്'' എന്ന ശീർഷകത്തിൻ കീഴിൽ, ''5'', ''2'' എന്നീ അക്കങ്ങൾക്കുപകരം ''4'', ''1'' എന്നീ അക്കങ്ങളും, ''മുനിസിപ്പൽ കൗൺസിൽ'' എന്ന ശീർഷകത്തിൻ കീഴിൽ ''3'' എന്ന അക്കത്തിനുപകരം ''2'' എന്ന അക്കവും, ''മുനിസിപ്പൽ കോർപ്പറേഷൻ'' എന്ന ശീർഷകത്തിൻ കീഴിൽ ''7'', ''3'' എന്നീ അക്കങ്ങൾക്കുപകരം ''6'', ''2'' എന്നീ അക്കങ്ങളും യഥാക്രമം ചേർക്കേണ്ടതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(2) (4)—ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) (3)—ാം ഉപവകുപ്പിലും (4)—ാം ഉപവകുപ്പിലും എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു അർദ്ധവർഷത്തേക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ വസ്തുനികുതി ഒരു ടൗൺ പഞ്ചായത്തിന്റെയോ, ഒരു മുനിസിപ്പൽ കൗൺസിലിന്റെയോ സംഗതിയിൽ ഇരുപത്തിയഞ്ചു രൂപയും മുനിസിപ്പൽ കോർപ്പറേഷന്റെ സംഗതിയിൽ അമ്പത് രൂപയും ആയിരിക്കേണ്ടതാണ്.".

76. 234—ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 234—ാം വകുപ്പിൽ (2)—ഉം (3)—ഉം ഉപവകുപ്പുകൾക്ക് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(2) 1965—ലെ കേരള പാട്ടവും വാടക നിയന്ത്രണവും ആക്ടിലോ (1965—ലെ 2) തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, വസ്തു നികുതി നിശ്ചയിക്കേണ്ട ആവശ്യത്തിലേക്കായി, ഏതൊരു കെട്ടിടത്തിന്റെയും അതിനോടു തൊട്ടുകിടക്കുന്ന സ്ഥലത്തിന്റെയും വാർഷിക മൂല്യം, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ പ്രാധാന്യം, കെട്ടിടത്തിന്റെ നിർമ്മാണത്തിന്റെ തരം, ഉപയോഗ രീതി, തറ വിസ്തീർണ്ണം, ന്യായമായ വാർഷിക സംരക്ഷണ ചെലവ് എന്നിവയുടെ അടിസ്ഥാനത്തിൽ, നിർണ്ണയിക്കപ്പെട്ട പ്രകാരം കണക്കാക്കേണ്ടതും അതിൻമേൽ 233—ാം വകുപ്പ് 3—ാം ഉപവകുപ്പു പ്രകാരം കൗൺസിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ, പ്രസ്തുത കെട്ടിടത്തിന്റെയും സ്ഥലത്തിന്റെയും നികുതി നിശ്ചയിക്കേണ്ടതുമാണ്:

എന്നാൽ, ഇപ്രകാരം നിശ്ചയിക്കുന്ന വസ്തു നികുതിയിൽനിന്നും, പത്തു വർഷത്തിനുമേൽ ഇരുപത് വർഷം വരെ പഴക്കമുള്ള കെട്ടിടത്തിന് പത്ത് ശതമാനവും, ഇരുപത് വർഷത്തിനുമേൽ അമ്പത് വർഷം വരെ പഴക്കമുള്ള കെട്ടിടത്തിന് ഇരുപത് ശതമാനവും അൻപത് വർഷത്തിനുമേൽ പഴക്കമുള്ള കെട്ടിടത്തിന് ഇരുപത്തിയഞ്ച് ശതമാനവും നിരക്കിൽ, കിഴിവ് അനുവദിച്ച് വസ്തു നികുതി നിശ്ചയിക്കേണ്ടതാണ്.

(3) ഉടമസ്ഥൻ വാടകയ്ക്കോ മറേറതെങ്കിലും വ്യവസ്ഥയിൻമേലോ മറ്റൊരാളുടെ ഉപയോഗത്തിന് വിട്ടുകൊടുത്തിട്ടുള്ള ഒരു കെട്ടിടത്തിന്റെ സംഗതിയിൽ (2)—ാം ഉപവകുപ്പുപ്രകാരം നിശ്ചയിക്കപ്പെട്ട നികുതിയുടെ ഇരുപത്തിയഞ്ചു ശതമാനം വരുന്ന തുക അതിന്റെ കൂടെ ചേർത്ത് വസ്തു നികുതി നിശ്ചയിക്കേണ്ടതാണ്.

(4) കെട്ടിടങ്ങളുടെ വാർഷിക മൂല്യം, നികുതിയിൽ വരുത്തേണ്ട കിഴിവ് അല്ലെങ്കിൽ കൂട്ടിച്ചേർക്കൽ എന്നിവ നിശ്ചയിക്കേണ്ടത് ഏത് ആളും ഏത് ഇടവേളകളിലുമാണെന്നതു സംബന്ധിച്ചും നികുതി തുക ഈടാക്കേണ്ട നടപടിക്രമം സംബന്ധിച്ചും സർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.".

LIBRARY ARCHIVES Kerala Legislative Assembly

77. 235–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 235–ാം വകുപ്പിൽ,—

(1) (1)–ാം ഉപവകുപ്പിൽ (ഐ) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

''(ജെ) മൺഭിത്തിയോടു കൂടിയതോ ഓലയോ ഏതെങ്കിലും ഓരം കുറഞ്ഞ ഷീറ്റോ മേഞ്ഞ മേൽക്കൂരയോടുകൂടിയതോ ആയതും തറ വിസ്തീർണ്ണം ഇരുപത് ചതുരശ്രമീറ്ററിൽ കുറവായതുമായ കെട്ടിടം;

(കെ) സാമ്പത്തികമായി ദുർബല വിഭാഗത്തിൽപ്പെട്ട ഒരാൾ സർക്കാർ സബ്സിഡി ഉപയോഗിച്ച് നിർമ്മിച്ചതും തറ വിസ്തീതീർണ്ണം ഇരുപത് ചതുരശ്ര മീററിൽ കുറവായതുമായ വാസഗൃഹം.'';

(2) (4)–ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(3) (5)–ാം ഉപവകുപ്പിൽ ''(1) ഉം (4) ഉം ഉപവകുപ്പുകൾ'' എന്ന വാക്കിനും അക്കങ്ങൾക്കും ബ്രാക്കററുകൾക്കും പകരം ''(1)–ാം ഉപവകുപ്പ്'' എന്ന വാക്കും അക്കവും ബ്രാക്കററും ചേർക്കേണ്ടതാണ്.

78. 238–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 238–ാം വകുപ്പിൽ,—

(1) ''ഓരോ അഞ്ചുവർഷത്തിലുമൊരിക്കൽ'' എന്ന വാക്കുകൾക്കു പകരം ''ഓരോ നാലുവർഷത്തിലുമൊരിക്കൽ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) താഴെപ്പറയുന്ന ക്ലിപ്ത നിബന്ധനകൂടി ചേർക്കേണ്ടതാണ്, അതായത്:—

''എന്നിരുന്നാലും, 1998 ഏപ്രിൽ 1–ാം തീയതിക്കുശേഷം വരുന്ന നികുതി പുതുക്കൽ സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.''.

79. 245–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 245–ാം വകുപ്പ് (4)–ാം ഉപവകുപ്പിന്റെ വിശദീകരണത്തിൽ ''ഡിയർനസ് അലവൻസോ'' എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

80. 269–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 269–ാം വകുപ്പിൽ (1)–ാം ഉപവകുപ്പിനുപകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(1) പ്രദർശന നികുതി ചുമത്തണമെന്ന് പ്രമേയംമൂലം കൗൺസിൽ തീരുമാനിക്കുന്നപക്ഷം അങ്ങനെയുള്ള നികുതി മുനിസിപ്പൽ പ്രദേശത്തുള്ള എല്ലാ പ്രദർശനങ്ങൾക്കും നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി താഴെക്കാണുന്ന ഏററവും കുറഞ്ഞ നിരക്കിൽ കണക്കാക്കി ചുമത്തേണ്ടതും ഓരോ രണ്ടുവർഷം കഴിയുമ്പോഴും കൗൺസിൽ ഒരു നിശ്ചിത ശതമാനം വർദ്ധനവ് വരുത്തി പ്രസ്തുത നികുതി ചുമത്തേണ്ടതുമാണ്, അതായത്:—

LIBRARY ARCHIVES Kerala Legislative Assembly

ഓരോ പ്രദർശനത്തിനുമുള്ള കുറഞ്ഞ നിരക്ക്

| | | |
|---|---|---|
| (i) | ലൈസൻസ് നൽകപ്പെട്ട തിയേററുകളിൽ പതിവു സിനിമാ പ്രദർശനം | പത്തു രൂപ |
| (ii) | മററു സിനിമാ പ്രദർശനങ്ങൾ | ഇരുപത് രൂപ |
| (iii) | സിനിമാ പ്രദർശനമൊഴികെ ഒരേ സ്ഥലത്ത് ദിവസംതോറും നടത്തുന്ന പ്രദർശനങ്ങൾ | ഇരുപത് രൂപ |
| (iv) | മററ് പ്രദർശനങ്ങൾ | അമ്പത് രൂപ |

വിശദീകരണം.—'പ്രദർശനം' എന്നതിൽ പണം വാങ്ങി പ്രവേശനം അനുവദിക്കുന്ന ഏതൊരു വിനോദവും, പ്രദർശനവും അഭിനയവും മനേരംപോക്കും കളിയും കായിക മത്സരവും അല്ലെങ്കിൽ ഓട്ടപ്പന്തയവും ഉൾപ്പെടുന്നതാകുന്നു''.

81. 271-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 271-ാം വകുപ്പിൽ ഒന്നാമത്തെ ക്ലിപ്ത നിബന്ധനയ്ക്ക് പകരം താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

''എന്നാൽ ആ നിരക്കുകൾ ഈ ആവശ്യാർത്ഥം സർക്കാർ നിർദ്ദേശിക്കുന്ന നിരക്കിൽ കുറയാൻ പാടില്ലാത്തതാണ്.''.

82. 283-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 283-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''283. മുനിസിപ്പൽ ഫണ്ട്.—(1) ഈ ആക്ടിൻ കീഴിലോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൻ കീഴിലോ ഒരു മുനിസിപ്പാലിററിക്ക് ലഭിക്കുന്ന എല്ലാ പണവും ചേർത്ത് ഒരു ഫണ്ട് രൂപീകരിക്കേണ്ടതും അതിന് മുനിസിപ്പൽ ഫണ്ട് എന്ന പേർ പറയേണ്ടതും, ഈ ആക്ടിലേയോ മററു നിയമങ്ങളിലേയോ വ്യവസ്ഥകൾക്ക് വിധേയമായി അത് ഉപയോഗിക്കുകയും കൈയൊഴിയുകയും ചെയ്യേണ്ടതുമാകുന്നു.

(2) മുനിസിപ്പൽ ഫണ്ടിലേക്ക് വരവുവയ്ക്കേണ്ട വരവിനങ്ങളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു, അതായത്:—

(എ) ഈ ആക്ടുപ്രകാരമോ മറേറതെങ്കിലും നിയമപ്രകാരമോ ചുമത്തപ്പെട്ട നികുതികളും, കരങ്ങളും, ഉപനികുതികളും, സർച്ചാർജ്ജും, വസ്തുക്കളിൽനിന്നുള്ള പാട്ടം, ലൈസൻസിൽ നിന്നും അനുവാദങ്ങളിൽ നിന്നുമുള്ള ഫീസ്, മററ് പലവകയിനത്തിലുള്ള അതിന്റെ വരുമാനം;

(ബി) സർക്കാർ ചുമത്തുന്നതും, മുനിസിപ്പാലിററിക്ക് കൈമാറുന്നതുമായ നികുതിയുടെ വിഹിതവും സർക്കാർ മുനിസിപ്പാലിററിക്ക് നൽകുന്ന ഗ്രാൻറുകളും;

LIBRARY ARCHIVES Kerala Legislative Assembly

(സി) മുനിസിപ്പാലിററി ആസൂത്രണം ചെയ്യുന്ന പദ്ധതികളും പ്രോജക്ടുകളും പ്ലാനുകളും നടപ്പാക്കുന്നതിന് സർക്കാർ നൽകുന്ന ഗ്രാൻറുകൾ;

(ഡി) ഈ ആക്ട് പ്രകാരം മുനിസിപ്പാലിററിയെ ഭരമേൽപ്പിക്കുന്നതും കൈമാറുന്നതുമായ പദ്ധതികളും പ്രോജക്ടുകളും പ്ലാനുകളും നടപ്പാക്കുന്നതിന് സർക്കാർ നൽകുന്ന ഗ്രാൻറുകൾ; കൂടാതെ

(ഇ) പൊതുജനങ്ങളിൽനിന്നും സർക്കാരേതര സ്ഥാപനങ്ങളിൽ നിന്നും പണമായി പിരിക്കുന്ന സംഭാവനകളും അംശദായവും.

(3) ഈ ആക്ടിൻെറയോ മറേറതെങ്കിലും നിയമത്തിൻെറയോ കീഴിൽ ലൈസൻസുകൾക്കും അനുവാദങ്ങൾക്കുംവേണ്ടി മുനിസിപ്പാലിററിക്ക് കിട്ടിയിട്ടുള്ള എല്ലാ ഫീസും പ്രത്യേകം വരവ് വയ്ക്കേണ്ടതും അത് ഏതാവശ്യത്തിനുവേണ്ടി ചുമത്തുന്നുവോ അതിനുവേണ്ടി വിനിയോഗിക്കേണ്ടതുമാണ്.

(4) പദ്ധതികളും പ്രോജക്ടുകളും പ്ലാനുകളും നടപ്പാക്കുന്നതിലേക്ക് സർക്കാർ മുനിസിപ്പാലിററിക്ക് നൽകുന്ന ഗ്രാൻറുകൾ ഏതാവശ്യത്തിനുവേണ്ടി നൽകിയോ ആ ആവശ്യത്തിനുവേണ്ടിമാത്രം ഉപയോഗിക്കേണ്ടതാണ്.

(5) സർക്കാർ ചുമത്തുന്നതും മുനിസിപ്പാലിററിക്ക് കൈമാറുന്നതുമായ നികുതിയുടെ വിഹിതവും സർക്കാർ മുനിസിപ്പാലിററിക്ക് നൽകുന്ന ഗ്രാൻറുകളും, ധനകാര്യകമ്മീഷൻെറ ശുപാർശയും വികസനാവശ്യങ്ങളും മുനിസിപ്പൽ ഭരണവും സേവനങ്ങളും സംബന്ധിച്ച ചെലവും യഥാർഹം പരിഗണിച്ചുകൊണ്ട്, സർക്കാർ നിശ്ചയിക്കേണ്ടതാണ്:

എന്നാൽ, മുനിസിപ്പാലിററിയിൽനിന്നും സർക്കാരിനു കിട്ടേണ്ടതായ ഏതെങ്കിലും തുകയോ, ഈ ആക്ടിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾ പ്രകാരം ഏർപ്പെടുത്തിയതോ പ്രവർത്തിച്ചതോ ഭരണനിർവ്വഹണം നടത്തിയതോ സർക്കാർ ഗ്യാരൻറിയിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ മററ് ഏജൻസികളിൽ നിന്നോ വാങ്ങിയതോ ആയ ഏതെങ്കിലും ഫണ്ടോ അപ്പോഴോ അതിനുശേഷമോ കൗൺസിലിനു കിട്ടേണ്ടതായ ഏതെങ്കിലും ഗ്രാൻറിൽ നിന്നോ തുകയിൽ നിന്നോ സർക്കാരിന് തട്ടിക്കിഴിക്കാവുന്നതാണ്.

(6) ഈ ആക്ടിലും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലും മററു നിയമങ്ങളിലും പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുള്ള മുനിസിപ്പാലിററിയുടെ ചുമതലകളുമായി നേരിട്ട് ബന്ധമില്ലാത്ത ഒരു ആവശ്യത്തിനായി ഏതെങ്കിലും ചെലവോ ധനസഹായമോ ഗ്രാൻേറാ സർക്കാർ നിശ്ചയിച്ചിട്ടുള്ള വാർഷിക പരിധിയിൽ കൂടുതലായി മുനിസിപ്പാലിററി ചെയ്യുവാൻ പാടില്ലാത്തതാണ്.

(7) ഈ വകുപ്പുപ്രകാരം മുനിസിപ്പൽ ഫണ്ടിലേക്ക് വരവ് വയ്ക്കുന്നതും അതിൽനിന്ന് നൽകുന്നതും ആയ എല്ലാ തുകകളും പൂർണ്ണ രൂപയിൽ ആയിരിക്കേണ്ടതാണ്.

വിശദീകരണം.—ഈ ആവശ്യത്തിലേക്കായി ഒരു രൂപയുടെ അംശത്തെ അടുത്ത ഉയർന്ന രൂപയുടെ മൊത്തം സംഖ്യയാക്കേണ്ടതാണ്.''.

LIBRARY ARCHIVES Kerala Legislative Assembly

83. 283-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 283-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"283എ. ഗ്രാന്റുകൾ സംബന്ധിച്ച വാർഷിക റിപ്പോർട്ട്.—(1) മുനിസിപ്പാലിറ്റികൾക്ക് ഏതെങ്കിലും നിയമപ്രകാരമോ അല്ലാതെയോ പ്രതിവർഷം നൽകേണ്ട ഗ്രാന്റുകളുടെ തുകയും, യഥാർത്ഥത്തിൽ മുനിസിപ്പാലിറ്റികൾക്ക് നൽകിയ തുകയും അങ്ങനെ നൽകുന്നതിന് സർക്കാർ അവലംബിച്ച മാനദണ്ഡവും സംബന്ധിച്ച ഒരു വാർഷിക റിപ്പോർട്ട് ഓരോ സാമ്പത്തികവർഷവും കഴിഞ്ഞാൽ ഉടനെ സംസ്ഥാന ചീഫ് സെക്രട്ടറി ഗവർണ്ണർക്ക് സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വാർഷിക റിപ്പോർട്ട് തൊട്ടടുത്ത സാമ്പത്തികവർഷത്തിന്റെ ആദ്യത്തെ ആറുമാസത്തിനകം നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.".

84. 286-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 286-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് അവയുടെ ഒരു നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതും പ്രസ്തുത നിർദ്ദേശങ്ങളെയും ഈ ആക്ടിലെ എല്ലാ ആവശ്യങ്ങളെയും പരിഗണിച്ചു കൊണ്ട് അതിൽനിന്നും അടുത്ത വർഷത്തേക്കുള്ള മുനിസിപ്പാലിറ്റിയുടെ വരവു ചെലവുകളുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കേണ്ടതുമാണ്.".

85. 287-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 287-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"287. ബഡ്ജറ്റ് എസ്റ്റിമേറ്റ് കൗൺസിൽ പരിഗണിക്കൽ.—ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് അതിന്റെ ചെയർമാൻ മാർച്ച് ആദ്യവാരം കഴിയുന്നതിനുമുമ്പ് കൗൺസിലിന്റെ ഒരു പ്രത്യേക യോഗത്തിൽ മുനിസിപ്പാലിറ്റി ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചെയർപേഴ്സന്റെ ആമുഖ പ്രഖ്യാപനത്തിനുശേഷം കൗൺസിലിന്റെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്.

86. 289-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 289-ാം വകുപ്പ് അതിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(2) ഏപ്രിൽ ഒന്നാം തീയതിക്ക് മുമ്പ് കൗൺസിൽ ബഡ്ജറ്റ് പാസ്സാക്കാത്തപക്ഷം അന്നുമുതൽ മുനിസിപ്പൽ ഫണ്ടിൽനിന്നും യാതൊരു തുകയും ചെലവാക്കാൻ പാടില്ലാത്തതാകുന്നു.".

LIBRARY ARCHIVES Kerala Legislative Assembly

87. 290-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 290-ാം വകുപ്പിൽ,—

(1) "[illegible]" എന്ന വാക്കുകൾക്കു പകരം "[illegible]" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) "[illegible]" എന്ന വാക്കിനു പകരം "[illegible]" എന്ന വാക്ക് ചേർക്കേണ്ടതാണ്.

88. 291-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 291-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

89. 292-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 292-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

90. 293-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 293-ാം വകുപ്പിൽ (6)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) ഈ ആക്റ്റ് പ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിക്കുന്നതും വിട്ടുകൊടുക്കുന്നതുമായ ഫീസുകളുടെയും ഗ്രാന്റുകളുടെയും [illegible] നടത്തിപ്പിനുവേണ്ടി സർക്കാർ നൽകുന്ന ഗ്രാന്റുകളുടെ [illegible] ആവശ്യത്തിനല്ലാതെ മറ്റൊന്നിനും [illegible] ഉദ്ദേശിച്ചിട്ടുള്ള [illegible] ആവശ്യത്തിനു വേണ്ടി ചെലവാക്കുവാൻ പാടില്ലാത്തതാണ്.".

91. 296-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 296-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"296. ചെലവിലേക്കുള്ള സംഭാവന.—ഈ ആക്റ്റ് മൂലമോ അതിൻകീഴിലോ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് സർക്കാരിനോ സംസ്ഥാനത്ത മറ്റേതെങ്കിലും മുനിസിപ്പാലിറ്റിക്കോ പഞ്ചായത്തിനോ നേരിടുന്ന ചെലവ് മുനിസിപ്പാലിറ്റിയിലെ നിവാസികൾക്കു പ്രയോജനപ്പെടുന്ന വിധത്തിലാണെങ്കിൽ അങ്ങനെയുള്ള മുനിസിപ്പാലിറ്റി ആ ചെലവിലേക്ക് സംഭാവന ചെയ്യാവുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള ചെലവ് ചെയ്യുന്നതിന് മുമ്പ് സംഭാവനയ്ക്ക് [illegible] മുനിസിപ്പാലിറ്റിയുമായി കൂടിയാലോചിക്കേണ്ടതും, പ്രസ്തുത ആവശ്യം നടപ്പിലാക്കിയാൽ ആ മുനിസിപ്പാലിറ്റിയിലെ നിവാസികൾക്ക് പ്രയോജനപ്പെടുമെന്ന് അതിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.".



LIBRARY ARCHIVES Kerala Legislative Assembly

92. 297-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 297-ാം വകുപ്പിൽ ''ഫീസുകൾ'' എന്ന വാക്കിനുശേഷം ''സർവ്വീസ് ചാർജ്ജുകൾ'' എന്ന വാക്കുകൾ കൂടി ചേർക്കേണ്ടതാണ്.

93. 299-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 299-ാം വകുപ്പിനുപകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''299. കടം വാങ്ങുന്നതിനുള്ള അധികാരത്തിന്റെ പരിമിതി.—(1) ഇതിനുമുമ്പുള്ള വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു മുനിസിപ്പാലിററിക്ക് കടം വാങ്ങുന്നതിനുള്ള അധികാരം നിർണ്ണയിക്കപ്പെട്ട രീതിയിൽ അതിന്റെ മൊത്തം വാർഷിക വരുമാനത്തെ ബന്ധപ്പെടുത്തി ആയിരിക്കുന്നതാണ്:

എന്നാൽ, പ്രോജക്ടുകളിൽ നിന്നുള്ള വരുമാനധാരയുടെ ഈടിൻമേലും എസ്ക്രോ അക്കൗണ്ടിന്റെയോ, കടവർദ്ധന ഉപാധികളുടേയോ അടിസ്ഥാനത്തിൽ സുദൃഢമാക്കിയ റവന്യൂ ബോണ്ടുകൾ മുനിസിപ്പാലിററി പുറപ്പെടുവിക്കുന്നതിന് ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ തടസ്സമാകുന്നതല്ല;

എന്നിരുന്നാലും, എസ്ക്രോ അക്കൗണ്ടിൽ വരുന്ന കുറവുകൾ ട്രസ്ററികൾ അറിയിക്കുന്നപക്ഷം സർക്കാരിൽനിന്ന് കിട്ടേണ്ടതായ ഗ്രാന്റുകളിൽനിന്ന് നികത്താവുന്നതാണ്.''.

94. 303-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 303-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിൽ ''അടയ്ക്കേണ്ടതും ആകുന്നു'' എന്ന വാക്കുകൾക്ക് പകരം അടയ്ക്കേണ്ടതും അപ്രകാരം അടയ്ക്കേണ്ട ത്രൈമാസ തവണകൾ അടയ്ക്കുന്നതിൽ മുടക്കം വരുത്തിയാൽ സർക്കാരിൽ നിന്നും കിട്ടേണ്ട ഗ്രാൻറുകൾ ഋണമോചനനിധിയിൽ അടയ്ക്കേണ്ടതും ആകുന്നു'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

95. 310-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 310-ാം വകുപ്പിൽ (ഡി) ഖണ്ഡത്തിൽ ''സ്കാനിംഗ് സെൻറർ'' എന്ന വാക്കുകൾക്കുശേഷം ''നഴ്സിംഗ് സ്കൂൾ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

96. 314-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 314-ാം വകുപ്പിൽ ''ശിക്ഷിക്കപ്പെടേണ്ടതാണ്'' എന്ന വാക്കിനുപകരം ''ശിക്ഷിക്കപ്പെടേണ്ടതും അപ്രകാരം കുററസ്ഥാപനം നടത്തപ്പെട്ടശേഷം ഈ വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ച് ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ പരിപാലിക്കുകയോ നടത്തുകയോ ചെയ്താൽ ആ കുററം തുടർന്നും ചെയ്യുന്ന ഓരോ ദിവസത്തിനും, ആയിരം രൂപവരെയുള്ള പിഴശിക്ഷ നൽകി ശിക്ഷിക്കപ്പെടേണ്ടതുമാണ്'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

97. 314-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 314-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"314 എ. സ്വകാര്യ ആശുപത്രിയിൽനിന്നും പാരാമെഡിക്കൽ സ്ഥാപനത്തിൽനിന്നും ഫീസ് പിരിക്കൽ.—ഈ ആവശ്യത്തിനുവേണ്ടി സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി, മുനിസിപ്പാലിററിയിൽ രജിസ്ററർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും മുനിസിപ്പാലിററി ഏതെങ്കിലും സേവനം നൽകുന്നുണ്ടെങ്കിൽ ആ സേവനങ്ങൾക്കുവേണ്ടി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള വാർഷിക ഫീസ് അവയിൽനിന്നും ഈടാക്കാവുന്നതാണ്.".

98. 315-ാം വകുപ്പിനു പകരം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്ടിലെ 315-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"315. ജല അതോറിററിയുടെ കീഴിൽ നിലവിലുള്ള ജലവിതരണവും അഴുക്കുചാൽ സർവ്വീസുകളും മുനിസിപ്പാലിററിയിൽ നിക്ഷിപ്തമാക്കൽ.—(1) 1986-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്ടിലോ (1986-ലെ 14) മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാർ ഇതിലേക്കായി ഗസററ് വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതി മുതൽ, ആ തീയതിക്ക് തൊട്ട് മുമ്പ് ഏതെങ്കിലും മുനിസിപ്പാലിററിക്ക് വേണ്ടിയുള്ളതും അതിന്റെ ഭൂപ്രദേശത്തിനുള്ളിൽ മാത്രം സ്ഥിതിചെയ്യുന്നതും ജല അതോറിററിയിൽ നിക്ഷിപ്തമായിരുന്നതും ആയ ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച്,—

(എ) എല്ലാ ആസ്തികളും മററു സജ്ജീകരണങ്ങളും ഉൾപ്പെടെ, അതതു സംഗതിപോലെ, മുനിസിപ്പാലിററിയുടെ ഭൂപ്രദേശത്തുള്ള ഏതെങ്കിലും പൊതുനിരത്തിലോ അതിൽ കൂടിയോ അതിനു മുകളിലോ അതിനു താഴെയോ ഉള്ള എല്ലാ പ്ലാൻറുകളും യന്ത്രസാമഗ്രികളും വാട്ടർ വർക്സും പമ്പിംഗ് സ്റേറഷനുകളും അവയോടു ചേർന്നുള്ള എല്ലാ കെട്ടിടങ്ങളും ഭൂമികളും മററ് പണികളും സാമഗ്രികളും സ്റേറാറുകളും സാധനങ്ങളും ഉൾപ്പെടെയുള്ള എല്ലാ ജലവിതരണ, അഴുക്കുചാൽ നിർമ്മാണ സർവ്വീസുകളും അഴുക്കുചാൽ നിർമ്മാണം സംബന്ധിച്ച പണികളും സ്വീവേജ് ഫാമുകളും അവയോടു ചേർന്നുള്ള എല്ലാ കെട്ടിടങ്ങളും ഭൂമിയും മററു പണികളും സാമഗ്രികളും സ്റേറാറുകളും സാധനങ്ങളും, പണികളുടെ നടത്തിപ്പും ജലവിതരണത്തിന്റെ കാര്യനിർവ്വഹണം, വിതരണം, വാട്ടർ ചാർജ്ജ് നിശ്ചയിക്കലും പിരിക്കലും എന്നീ കാര്യങ്ങളും, വിജ്ഞാപനത്തിൽ പറയുന്ന മുനിസിപ്പാലിററിയിൽ നിക്ഷിപ്തമാകുന്നതും മുനിസിപ്പാലിററിയിലേക്ക് കൈമാററം ചെയ്തതായി നിലകൊള്ളുന്നതും;

(ബി) സ്വീവേജ് ചാർജിന്റെയും വാട്ടർ ചാർജിന്റെയും മീററർ വാടകയുടെയും കുടിശ്ശികയും ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ഏതെങ്കിലും ചെലവിന്റെയോ ഫീസിന്റെയോ കുടിശ്ശികയും പിരിക്കൽ,

LIBRARY ARCHIVES Kerala Legislative Assembly

അതതു സംഗതിപോലെ, ജല അതോറിററിയുടെ എല്ലാ അവകാശങ്ങളും ബാദ്ധ്യതകളും കടപ്പാടുകളും, അവ ഏതെങ്കിലും കരാറിൽനിന്ന് ഉത്ഭവിച്ചിട്ടുള്ളതോ അല്ലെങ്കിൽ മററു വിധത്തിൽ പ്രസ്തുത അതോറിററിയെ സംബന്ധിച്ചുള്ളതോ ആയാലും, വിജ്ഞാപനത്തിൽ പറയുന്ന മുനിസിപ്പാലിററിയുടെ അവകാശങ്ങളും ബാദ്ധ്യതകളും കടപ്പാടുകളും,

ആയിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട മുതലുകൾ, ആസ്തികൾ, അവകാശങ്ങൾ, ബാദ്ധ്യതകൾ, കടപ്പാടുകൾ എന്നിവ സർക്കാർ നിശ്ചയിക്കാവുന്ന രീതിയിൽ മൂല്യനിർണ്ണയം ചെയ്യേണ്ടതും അത് നിർണ്ണയിക്കപ്പെട്ട രീതിയിൽ അതതു മുനിസിപ്പാലിററി ജല അതോറിററിക്ക് നൽകേണ്ടതുമാണ്.

(3) ഈ വകുപ്പ് പ്രകാരം ഏതെങ്കിലും മുതലോ ആസ്തിയോ മുനിസിപ്പാലിററിയിൽ നിക്ഷിപ്തമാണോ എന്നുള്ളതിനെക്കുറിച്ചോ അല്ലെങ്കിൽ അവകാശമോ ബാധ്യതയോ കടപ്പാടോ മുനിസിപ്പാലിററിയുടേതായിത്തീർന്നിട്ടുണ്ടോ എന്നതിനെക്കുറിച്ചോ ഏതെങ്കിലും സംശയമോ തർക്കമോ ഉത്ഭവിക്കുന്നപക്ഷം അപ്രകാരമുള്ള സംശയമോ തർക്കമോ സർക്കാരിന്റെ അഭിപ്രായത്തിനയയ്ക്കേണ്ടതും അതിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതും അത് ജല അതോറിററിയും ബന്ധപ്പെട്ട മുനിസിപ്പാലിററിയും നടപ്പാക്കാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം ജല അതോറിററിയുടെ മുതലുകളും ആസ്തികളും ജലവിതരണവും അഴുക്കുചാൽ നിർമ്മാണവും സംബന്ധിച്ച സേവനങ്ങളും, ഏതത് മുനിസിപ്പാലിററിക്കാണോ കൈമാറിയിട്ടുള്ളത് ആ മുനിസിപ്പാലിററിക്ക് അങ്ങനെയുള്ള സേവനം തുടന്ന് നടത്തുന്നതിലേക്ക് ആവശ്യമായ ജല അതോറിററിയിലെ ജീവനക്കാരെ സർക്കാർ നിശ്ചയിക്കുന്ന പ്രകാരം ബന്ധപ്പെട്ട മുനിസിപ്പാലിററിക്ക് വിട്ടുകൊടുക്കേണ്ടതാണ്.

(5) (1)-ാം ഉപവകുപ്പ് അനുസരിച്ച് സർക്കാർ ഒരു വിജ്ഞാപനം പുറപ്പെടുവിച്ചാൽ പ്രസ്തുത വിജ്ഞാപനത്തിൽ പറയുന്ന തീയതി മുതൽ പ്രസ്തുത മുനിസിപ്പാലിററിയുടെ ഭൂപ്രദേശത്തിനുള്ളിൽ 1986-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്ട് (1986-ലെ 14) പ്രകാരം ജല അതോറിററിക്ക് ഉണ്ടായിരുന്ന എല്ലാ അധികാരങ്ങളും അവകാശങ്ങളും ഒഴിവാകുന്നതും അപ്രകാരമുള്ള എല്ലാ അധികാരങ്ങളും അവകാശങ്ങളും ബന്ധപ്പെട്ട മുനിസിപ്പാലിററി നിർവ്വഹിക്കേണ്ടതുമാണ്.

315 എ. നിലവിലുള്ള ജലവിതരണവും അഴുക്കുചാലും പദ്ധതികൾ സംബന്ധിച്ച് മുനിസിപ്പാലിററിക്കുള്ള നിർവ്വഹണാധികാരം.—(1) 1986-ലെ ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്ടിലോ (1986-ലെ 14) മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും 315-ാം വകുപ്പു പ്രകാരം മുനിസിപ്പാലിററിയിൽ നിക്ഷിപ്തമാക്കാനും അതിലേക്ക് മാററാനും സാധിക്കാത്തതും ഒന്നിൽ കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭൂപ്രദേശത്തിനുള്ളിലെ താമസക്കാർക്ക് ഉപകരിക്കുന്നതുമായ ജലവിതരണവും അഴുക്കുചാലും പദ്ധതികളുടെ സംരക്ഷണവും നടത്തിപ്പും സംബന്ധിച്ച അധികാരം സർക്കാർ ഇതിലേക്ക് രൂപീകരിക്കുന്ന കമ്മിററിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) (1)–ാം ഉപവകുപ്പിൽ പരാമർശിക്കുന്ന കമ്മിററിയിൽ,—

(എ) ബന്ധപ്പെട്ട മുനിസിപ്പാലിററികളുടെ ചെയർപേഴ്സൺമാർ.

(ബി) ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡൻറുമാർ.

(സി) ബന്ധപ്പെട്ട പദ്ധതിയുടെ ജല അതോറിററിയിലെ സീനിയറായ എഞ്ചിനീയർ, അദ്ദേഹം അതിൻെറ സെക്രട്ടറിയും കൺവീനറും ആയിരിക്കുന്നതാണ്;

എന്നിവർ അംഗങ്ങളായിരിക്കുന്നതും ബന്ധപ്പെട്ട പദ്ധതി ഏതു് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനാണോ കൂടുതലായി ഉപകരിക്കുന്നത് ആ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ ചെയർപേഴ്സണോ പ്രസിഡൻേറാ കമ്മിററിയുടെ ചെയർമാൻ ആയിരിക്കുന്നതുമാണ്.

(2) കമ്മിററിയുടെ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിനാവശ്യമായ ഫണ്ടും ജീവനക്കാരുടെ സേവനവും ജല അതോറിററി നൽകേണ്ടതാണ്.

315. ബി. ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനും മുനിസിപ്പാലിററികൾക്കുള്ള അധികാരം.—(1) 1986–ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്ടിലോ (1986–ലെ 14) മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ശുദ്ധജല വിതരണ പദ്ധതിയോ അഴുക്കുചാൽ പദ്ധതിയോ തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനും അതതു മുനിസിപ്പാലിററിക്ക് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.

(2) (1)–ാം ഉപവകുപ്പുപ്രകാരം ജലവിതരണ പദ്ധതിയും അഴുക്കുചാൽ പദ്ധതിയും തയ്യാറാക്കി നടപ്പാക്കുന്ന മുനിസിപ്പാലിററിക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ ഗുണഭോക്താക്കളിൽനിന്ന് വാട്ടർ ചാർജ്, അഴുക്കുചാലിനുള്ള സർവ്വീസ് ചാർജ് എന്നിവ ഈടാക്കാവുന്നതാണ്.''.

99. 316–ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 316–ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"316. പൊതുതെരുവുകളിൽ വിളക്കുവയ്ക്കുന്നതിനുള്ള ഏർപ്പാട്.—(1) മുനിസിപ്പാലിററി അതിൻെറ ഭൂപ്രദേശത്തുള്ള പൊതു തെരുവുകളിൽ വിളക്ക് വയ്പിക്കേണ്ടതും അതിലേക്ക് അതിന് ആവശ്യമെന്ന് തോന്നുന്ന വിളക്കുകൾക്കും പണികൾക്കും ഏർപ്പാട് ചെയ്യേണ്ടതും ആകുന്നു.

(2) (1)–ാം ഉപവകുപ്പിൻെറ ആവശ്യത്തിലേക്ക് സർക്കാർ നിശ്ചയിക്കുന്ന റേററിലും നിർണ്ണയിക്കപ്പെട്ട മററു വ്യവസ്ഥകളിലും കേരള സംസ്ഥാന ഇലക്ട്രിസിററി ബോർഡ് മുനിസിപ്പാലിററിക്ക് ആവശ്യമായ വൈദ്യുതോർജ്ജവും സാങ്കേതിക സഹായവും നൽകേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(3) (1)—ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന് മുനിസിപ്പാലിററിയുമായി കൂടിയാലോചിച്ച് അംഗീകാരമുള്ള ഏജൻസിയെക്കൊണ്ട് ഏതെങ്കിലും പൊതു തെരുവിൽ ഒരു വിളക്ക് വയ്പ് സമ്പ്രദായം ഏർപ്പാട് ചെയ്യാവുന്നതാണ്.

(4) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും രണ്ടോ അതിലധികമോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ അനുമതിയോടും അവ അംഗീകരിക്കുന്ന വ്യവസ്ഥകളിലും, ഏതെങ്കിലും വിളക്ക്‌വയ്പ് സമ്പ്രദായം കൂട്ടായി ഏർപ്പാട് ചെയ്യാവുന്നതും അത് കൂട്ടായി പരിപാലിച്ച് പോരാവുന്നതുമാണ്.''.

100. <u>316—ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.</u>—പ്രധാന ആക്ടിലെ 316—ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''316 എ. <u>ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാട്.</u>—ഏതൊരു മുനിസിപ്പാലിററിക്കും അതിന്റെ പ്രദേശത്ത് വൈദ്യുതി വിതരണം ചെയ്യുന്നതിലേക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിയും നിർണ്ണയിക്കപ്പെട്ട മററു വ്യവസ്ഥകൾക്ക് വിധേയമായും വൈദ്യുതി മൊത്തമായി വാങ്ങുന്നതിന് സംസ്ഥാന വിദ്യുച്ഛക്തി ബോർഡുമായി കരാർ ഉണ്ടാക്കാവുന്നതാണ്.

101. <u>318—ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്ടിലെ 318—ാം വകുപ്പിൽ,—

(1) (1)—ാം ഉപവകുപ്പിൽ ''അഴുക്കുചാലുമായിട്ടോ ചാലുമായിട്ടോ'' എന്ന വാക്കിനു പകരം ''മുനിസിപ്പാലിററിയുടെ അധീനതയിലുള്ള ഏതെങ്കിലും ഭൂഗർഭ അഴുക്കുചാലുമായിട്ടോ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (2)—ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) (2)—ാം ഉപവകുപ്പ് പ്രകാരം നൽകിയ നോട്ടീസിലെ ആവശ്യം നോട്ടീസിൽ പറയുന്ന തീയതിക്കുള്ളിൽ പാലിക്കാത്തപക്ഷം സെക്രട്ടറിക്ക് അങ്ങനെയുള്ള കണക്ഷൻ പൊളിച്ചുകളയാനോ നീക്കം ചെയ്യാനോ, അടച്ചുകളയാനോ, വ്യത്യാസപ്പെടുത്താനോ, വീണ്ടും ഉണ്ടാക്കുവാനോ അധികാരമുണ്ടായിരിക്കുന്നതും അതിലേക്ക് വേണ്ടിവന്ന ചെലവ് അയാളിൽനിന്ന് ഈടാക്കാവുന്നതുമാണ്.".

102. <u>319—ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്ടിലെ 319—ാം വകുപ്പിൽ "അവർ സർക്കാരിന്റെ അനുവാദത്തോടുകൂടിയും മുനിസിപ്പൽ ഫണ്ടിന്റെ ചിലവിലും" എന്ന വാക്കുകൾക്കു പകരം ''മുനിസിപ്പൽ ഫണ്ടിന്റെ ചെലവിൽ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

103. 321–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 321–ാം വകുപ്പ് (1)–ാം ഉപവകുപ്പിൽ ''ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലയളവിലേക്കും'' എന്ന വാക്കുകൾക്കു പകരം ''കൗൺസിൽ നിശ്ചയിക്കുന്ന കാലയളവിലേക്ക്'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

104. 322–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 322–ാം വകുപ്പിൽ (2)–ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(2) ഒരു കൂട്ടം വീടുകളോ കുടിലുകളോ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് അവ ഓരോന്നിനും പ്രത്യേകം കക്കൂസുകൾ സ്ഥാപിക്കാൻ സാധ്യമല്ലാത്തപക്ഷം സെക്രട്ടറിക്ക് നോട്ടീസുമൂലം അങ്ങനെയുള്ള സ്ഥലത്തിന്റെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസിൽ ആവശ്യപ്പെടുന്ന വിവരണത്തോടു കൂടിയതും അത്ര എണ്ണം വരുന്നതും ആ നിലയിലുള്ളതുമായ കക്കൂസുകൾ നോട്ടീസിൽ പറയുന്ന സമയത്തിനുള്ളിൽ ഏർപ്പെടുത്താൻ ആവശ്യപ്പെടാവുന്നതാണ്.''.

105. 325–ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 325–ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''325 കക്കൂസുകൾക്ക് സ്വകാര്യത വേണമെന്ന്.—എല്ലാ കക്കൂസുകളും അവ ഉപയോഗിക്കുന്ന ആളുകളെയും മാലിന്യവും ആ വഴി കടന്നുപോകുന്നവരോ സമീപത്ത് താമസിക്കുന്നവരോ ആയ ആളുകൾ കാണാതിരിക്കത്തക്കവണ്ണം നിർമ്മിക്കേണ്ടതും വൃത്തിയായും ശരിയായ രീതിയിലും സൂക്ഷിക്കേണ്ടതുമാണ്.''.

106. 326–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 326–ാം വകുപ്പിൽ (2)–ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(3) മുനിസിപ്പാലിറ്റിക്ക് കരാറടിസ്ഥാനത്തിൽ, പൊതു സ്ഥലത്തു നിന്നോ സ്വകാര്യസ്ഥലത്തു നിന്നോ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനും കൈയൊഴിയുന്നതിനും മുഴുവനായോ ഭാഗികമായോ ഏർപ്പാട് ചെയ്യാവുന്നതാണ്.''.

107. 327–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 327–ാം വകുപ്പിൽ (2)–ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(2എ) മുനിസിപ്പാലിറ്റി നിയോഗിക്കുന്ന ജീവനക്കാർക്കും കരാറുകാർക്കും വർജ്യവസ്തുക്കൾ ശേഖരിക്കുന്നതിനും കൈയൊഴിക്കുന്നതിനും സഹായകമായവിധം ആ വസ്തുക്കൾ വേർതിരിച്ച് വയ്ക്കുന്നതിലേക്ക് പൊതു നോട്ടീസ് മുഖാന്തിരം ഏതൊരു വസ്തുവിന്റെ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതാണ്.''.

LIBRARY ARCHIVES Kerala Legislative Assembly

108. 330-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 330-ാം വകുപ്പിൽ ''സ്വത്ത് ആയിരിക്കുന്നതാണ്'' എന്ന വാക്കുകൾക്കുപകരം ''സ്വത്ത് ആയിരിക്കുന്നതും അത് അവർക്ക് ലേലം ചെയ്തോ മററു വിധത്തിലോ വിൽക്കാവുന്നതുമാണ്'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

109. 334-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 334-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

''എന്നാൽ, അപ്രകാരമുള്ള ഖരമാലിന്യങ്ങൾ ആരോഗ്യപരമായ കാരണങ്ങളാൽ സെക്രട്ടറി, ആവശ്യപ്പെടുന്ന സ്ഥലത്തേക്കോ ഡിപ്പോയിലേക്കോ നീക്കം ചെയ്യുന്നതിന് സാധിക്കാത്തപക്ഷം സെക്രട്ടറിക്ക് അങ്ങനെയുള്ള ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസുമൂലം, അതിൽ പറയുന്ന സമയത്തിനുള്ളിൽ അങ്ങനെയുള്ള വസ്തുക്കൾ സ്വയം കൈയൊഴിക്കാൻ ആവശ്യപ്പെടാവുന്നതും അപ്രകാരം കൈയൊഴിക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം അയാളെ കുററസ്ഥാപനത്തിന്മേൽ പതിനായിരം രൂപ വരെയുള്ള പിഴ ചുമത്തി ശിക്ഷിക്കാവുന്നതും അങ്ങനെ കുററസ്ഥാപനം നടത്തിയശേഷം അപ്രകാരമുള്ള നിർദ്ദേശം അനുസരിക്കാൻ ഉപേക്ഷ കാണിക്കുന്നതായാൽ അയാളെ ആ കുററം തുടന്നു ചെയ്യുന്ന ഓരോ ദിവസവും നൂറു രൂപ നിരക്കിൽ അധിക പിഴയും ചുമത്തി ശിക്ഷിക്കാവുന്നതുമാണ്.''.

110. 355-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 355-ാം വകുപ്പിൽ ''തളിപ്പിക്കേണ്ടതും അതിലേക്കു വേണ്ടി ആവശ്യമെന്നു തോന്നുന്ന ജലസേചന വണ്ടികളും മൃഗങ്ങളും ഉപകരണങ്ങളും ഏർപ്പാടു ചെയ്യേണ്ടതുമാണ്'' എന്ന വാക്കുകൾക്കു പകരം ''തളിപ്പിക്കേണ്ടതാണ്'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

111. 358-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 358-ാം വകുപ്പിൽ,—''സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥന്റെ'' എന്ന വാക്കുകൾക്കു പകരം ''മുനിസിപ്പൽ എഞ്ചിനീയറുടെ'' എന്ന വാക്കുകളും ''മുനിസിപ്പാലിററിക്ക് ആരുടെ ഉത്തരവ് പ്രകാരമോ ആരുടെ ഉത്തരവിന്റെ ഫലമായോ ആയിട്ടാണ് അങ്ങനെയുള്ള ഭാരം കൊണ്ടുപോവുകയോ ഗതാഗതം നടത്തുകയോ ചെയ്തത് ആ ആളിന്റെ പക്കൽ നിന്ന്, മേൽപ്പറഞ്ഞ പ്രകാരമുള്ള ഭാരം കൊണ്ടോ ഗതാഗതം കൊണ്ടോ ഉണ്ടായ നാശനഷ്ടം കാരണമായി മുനിസിപ്പാലിററിക്ക് നേരിട്ടിട്ടുണ്ടെന്ന് അധികാരമുള്ള സിവിൽ കോടതിക്ക് ബോധ്യപ്പെടത്തക്കവണ്ണം തെളിയിക്കാവുന്ന ചെലവുകളുടെ തുക കോടതിയിൽ വ്യവഹാരം നൽകി വസൂലാക്കാവുന്നതാണ്.'' എന്ന വാക്കുകൾക്കു പകരം ''ആരുടെ നിർദ്ദേശപ്രകാരമാണോ അങ്ങിനെയുള്ള ഭാരം കൊണ്ടുപോവുകയോ ഗതാഗതം നടത്തുകയോ ചെയ്തത് ആ ആളിന്റെ പക്കൽനിന്ന്, മുനിസിപ്പാലിററി വഹിച്ച ചെലവുകൾ അതിനു നൽകുവാൻ നോട്ടീസുമൂലം ആവശ്യപ്പെടാവുന്നതാണ്'' എന്ന എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

112. 368-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 368-ാം വകുപ്പിൽ,—

(1) മാർജിനൽ ശീർഷകത്തിനും (1)-ാം ഉപവകുപ്പിനും പകരം താഴെപ്പറയുന്ന മാർജിനൽ ശീർഷകവും ഉപവകുപ്പും ചേർക്കേണ്ടതാണ്, അതായത്:—

"368. ചില പണികൾ അനുവദിക്കാനുള്ള അധികാരം.—(1) മുനിസിപ്പാലിററിക്ക്, അതിന് യുക്തമെന്നു തോന്നുന്ന നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, ഏതെങ്കിലും പരിസരത്ത് കടക്കുന്നതിനായി ഓടകൾ മൂടിസൂക്ഷിക്കാൻ അതിന്റെ ഉടമസ്ഥനോ കൈവശക്കാരനോ ലൈസൻസ് നൽകാവുന്നതാണ്.";

(2) (4)-ാം ഉപവകുപ്പിൽ 'ഉന്തി നിൽക്കുന്ന ഭാഗമോ' എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(3) (6)-ാം ഉപവകുപ്പിൽ "ഉണ്ടാക്കിയിട്ടുള്ളതും ഉന്തിനിൽക്കുന്നതുമായ" എന്ന വാക്കുകൾക്കു പകരം "ഉണ്ടാക്കിയിട്ടുള്ള" എന്ന വാക്ക് ചേർക്കേണ്ടതാണ്.

113. 379-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 379-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) മുനിസിപ്പാലിററി അതിൽ നിക്ഷിപ്തമായതും പരിരക്ഷിച്ചുപോരുന്നതുമായ പൊതുനിരത്തുകൾ നാമകരണം ചെയ്യേണ്ടതും അത്തരം പൊതുനിരത്തുകളുടെ പേരുകൾ അതിന് മാററാവുന്നതുമാണ്;

എന്നാൽ അപ്രകാരം നാമകരണം ചെയ്യുകയോ പുനർനാമകരണം ചെയ്യുകയോ ചെയ്യുന്നതിനുമുമ്പ് ബന്ധപ്പെട്ട വാർഡ് കമ്മിററികളുടെയോ വാർഡ് സഭകളുടെയോ അഭിപ്രായം പരിഗണിക്കേണ്ടതാണ്.".

114. 382-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 382-ാം വകുപ്പിന്റെ ക്ലിപ്ത നിബന്ധന വിട്ടുകളയേണ്ടതാണ്.

115. 383-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 383-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"383എ. പൊതു റോഡുകളോടു ചേർന്നിരിക്കുന്ന നിർമ്മാണങ്ങൾക്ക് നിരോധനം.—ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, യാതൊരാളും ദേശീയപാതയോടോ, സംസ്ഥാന പാതയോടോ, ജില്ലാറോഡുകളോടോ മുനിസിപ്പാലിററി വിജ്ഞാപനം ചെയ്യുന്ന മററേതെങ്കിലും റോഡുകളോടോ ചേർന്നുകിടക്കുന്ന ഏതെങ്കിലും ഭൂമിയിൽ തന്റെ ഭൂമിയുടെ റോഡിനോട് ചേർന്ന അതിരിൽനിന്ന് മൂന്നു മീററിനുള്ളിൽ ഏതെങ്കിലും കെട്ടിടമോ ചുററുമതിലല്ലാത്ത ഏതെങ്കിലും നിർമ്മാണമോ നടത്തുവാൻ പാടുള്ളതല്ല:



LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഈ ആക്ട് നിലവിൽ വരുന്ന സമയത്ത് പ്രസ്തുത മൂന്നു മീററിനുള്ളിൽ സ്ഥിതിചെയ്യുന്ന ഏതെങ്കിലും കെട്ടിടത്തോട് ഏതെങ്കിലും കൂട്ടിച്ചേർക്കലുകൾ, അത് കെട്ടിടത്തിന്റെ വശങ്ങളിലായാലും മുകളിലായാലും, പ്രസ്തുത മൂന്നുമീററർ പരിധിക്കും ആക്ററിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി അനുവദിക്കാവുന്നതും അപ്രകാരം അനുവദിക്കുമ്പോൾ അപ്രകാരമുള്ള കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയുടെ റോഡിനോട് ചേർന്ന അതിരിൽനിന്നും മൂന്നു മീററിനകത്ത് സ്ഥിതിചെയ്യുന്ന നിലവിലുള്ള കെട്ടിടത്തിന്റെ ഭാഗം ഏതെങ്കിലും നഗരാസൂത്രണ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി പൊളിച്ചു മാറേണ്ടി വരുമ്പോൾ അത് ബാക്കിവരുന്ന കെട്ടിടത്തിനെയോ പുതുതായി നടത്തുന്ന കൂട്ടിച്ചേർക്കലിനെയോ ദോഷകരമായി ബാധിക്കാത്ത വിധത്തിലായിരിക്കേണ്ടതും അതിന്റെ സുരക്ഷയും ഉറപ്പും സംബന്ധിച്ച് പൂർണ്ണ ഉത്തരവാദിത്വം കെട്ടിട ഉടമസ്ഥനിൽ ആയിരിക്കുന്നതും അയാൾ ഇതിലേക്കായി ഒരു സമ്മതപത്രം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.".

116. 395-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 395-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, അംഗീകൃത പ്ലാനിൽ നിന്നോ പ്രത്യേക നിബന്ധനകളിൽ നിന്നോ വ്യത്യാസം വരുത്തി നടത്തിയ ഏതെങ്കിലും നിർമ്മാണം, അത് ഈ ആക്ററിലോ അതിൻകീഴിൽ ഉണ്ടാക്കിയ കെട്ടിട നിർമ്മാണ ചട്ടങ്ങളിലോ പറയുന്ന ഏതെങ്കിലും വ്യവസ്ഥകളെയോ പ്രത്യേക നിബന്ധനകളേയോ ലംഘിക്കാത്തപക്ഷം, മാററങ്ങൾ വരുത്തുവാൻ ആവശ്യപ്പെടാവുന്നതല്ല.".

117. 406-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിലെ 406-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, സെക്രട്ടറിക്ക് സർക്കാർ തീരുമാനിക്കാവുന്ന പ്രകാരമുള്ള കാമ്പൗണ്ടിംഗ് ഫീസ് ഈടാക്കിയശേഷം, ഏതൊരു കെട്ടിടത്തിന്റെയും നിർമ്മാണമോ പുനർനിർമ്മാണമോ മാററം വരുത്തലോ അല്ലെങ്കിൽ ഏതെങ്കിലും കിണർ കുഴിക്കലോ സെക്രട്ടറി അംഗീകരിച്ച ഒരു പ്ലാൻ ഇല്ലാതെയോ അംഗീകരിച്ച ഒരു പ്ലാനിൽ നിന്നും വ്യതിചലിച്ചോ തുടങ്ങുകയോ നടത്തിക്കൊണ്ടിരിക്കുകയോ പൂർത്തിയാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അപ്രകാരമുള്ള കെട്ടിടത്തിന്റെ നിർമ്മാണമോ പുനർ നിർമ്മാണമോ മാററം വരുത്തലോ അല്ലെങ്കിൽ കിണർ കുഴിക്കലോ, അവ ഈ ആക്ററിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള ഏതെങ്കിലും വ്യവസ്ഥകളെയോ പ്രത്യേക നിബന്ധനകളെയോ ലംഘിക്കുന്നില്ലെങ്കിൽ, ക്രമവൽക്കരിക്കാവുന്നതാണ്.";

(2) (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ അല്ലെങ്കിൽ മാററം വരുത്തലോ ഈ ആക്ററിനെയോ അതിൻ കീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളേയോ സർക്കാരോ സെക്രട്ടറിയോ

നിയമാനുസൃതം നൽകിയ നിർദ്ദേശത്തേയോ ലംഘിച്ചുകൊണ്ടാണ് നടത്തിയതെന്ന് സർക്കാരിന് ബോദ്ധ്യം വരുന്നപക്ഷം, അതിന് അപ്രകാരം നിയമവിരുദ്ധമായി നടത്തിയ നിർമ്മാണമോ പുനർനിർമ്മാണമോ മാററം വരുത്തലോ പൊളിച്ചുമാററാൻ മുനിസിപ്പാലിററിയുടെ സെക്രട്ടറിയോട് നിർദ്ദേശിക്കാവുന്നതും, ആ നിർദ്ദേശം അതിൽ പറഞ്ഞിട്ടുള്ള സമയ പരിധിക്കുള്ളിൽ നടപ്പാക്കാതിരുന്നാൽ, സർക്കാരിന് അത് പൊളിച്ചു മാററാൻവേണ്ട ഏർപ്പാടുകൾ ചെയ്യാവുന്നതും അതിന്റെ ചെലവ് മുനിസിപ്പാലിററിയിൽനിന്ന് ഈടാക്കാവുന്നതുമാണ്."

118. 407-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ററിലെ 407-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"407. അനധികൃത കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 1998 ഡിസംബർ 31-ാം തീയതിയോ അതിനു മുമ്പോ ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ അനധികൃതമായി ഏതെങ്കിലും ഭൂവികസനമോ കെട്ടിടനിർമ്മാണമോ നടത്തിയിട്ടുണ്ടെങ്കിൽ സർക്കാരിന് ബന്ധപ്പെട്ട മുനിസിപ്പാലിററിയുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം, നിർണ്ണയിക്കപ്പെട്ട പ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് അപ്രകാരമുള്ള ഭൂവികസനമോ കെട്ടിടനിർമ്മാണമോ ക്രമവൽക്കരിക്കാവുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള ക്രമവൽക്കരണം നിലവിലുള്ള ടൗൺ പ്ലാനിംഗ് ആക്ററിലെ വ്യവസ്ഥകൾ പ്രകാരം അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും നഗരാസൂത്രണ പദ്ധതിയേയോ മാസ്ററർ പ്ലാനിനേയോ ദോഷകരമായി ബാധിക്കുവാൻ പാടില്ലാത്തതാണ്:

എന്നുമാത്രമല്ല ഈ ആക്ററിലോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ സംവിധാനങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നടത്തിയിട്ടുള്ള യാതൊരു കെട്ടിട നിർമ്മാണവും ക്രമവൽക്കരിക്കുവാൻ പാടില്ലാത്തതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ക്രമവൽക്കരണത്തിനുവേണ്ടി നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിലും രീതിയിലും അപേക്ഷ സമർപ്പിക്കേണ്ടതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിന്, 'അനധികൃതമായ നിർമ്മാണം' എന്നാൽ ഈ ആക്ററിലെ 406-ാം വകുപ്പ് പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കുവാൻ അധികാരമില്ലാത്ത ഏതെങ്കിലും നിർമ്മാണമോ അല്ലെങ്കിൽ ഈ ആക്ററിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്കോ അംഗീകൃത പ്ലാനിനോ വിരുദ്ധമായി നിർമ്മിച്ചതോ പുനർ നിർമ്മിച്ചതോ അല്ലെങ്കിൽ സർക്കാർ അനുവദിച്ച ഏതെങ്കിലും ഒഴിവാക്കൽ ഉത്തരവിൽ നിന്നോ അതിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും നിബന്ധനകളിൽ നിന്നോ വ്യതിചലിച്ചുകൊണ്ട് നടത്തിയതോ ആയ ഏതെങ്കിലും നിർമ്മാണം എന്നർത്ഥമാകുന്നു.".

LIBRARY ARCHIVES Kerala Legislative Assembly

119. 409-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്‌ടിലെ 409-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ ''വേനൽക്കാല വസതിയുടേയോ'' എന്ന വാക്കുകൾ വിട്ടുകളയേണ്ടതും ''കോഴി വളർത്തുന്നതിനുള്ള പുരയുടെയോ പക്ഷിക്കൂടിന്റെയോ ആവശ്യത്തിന് മാത്രമായി ഉണ്ടാക്കി ഉപയോഗിക്കുന്നതോ അഥവാ ഉണ്ടാക്കി ഉപയോഗിക്കുവാൻ'' എന്ന വാക്കുകൾക്ക് പകരം ''രണ്ടിൽ കൂടാത്ത പട്ടികളെ സൂക്ഷിക്കാൻ ഉദ്ദേശിക്കുന്ന പട്ടിക്കൂട്, രണ്ടെണ്ണത്തിൽ കൂടാത്ത കന്നുകാലികളെയും അവയുടെ ഓരോ കന്നുകളെയും സൂക്ഷിക്കാൻ ഉദ്ദേശിക്കുന്ന കാലിത്തൊഴുത്ത്, പത്ത് എണ്ണത്തിൽ കൂടാത്ത കോഴി, താറാവ് എന്നീ പക്ഷികളെ സൂക്ഷിക്കാൻ ഉദ്ദേശിക്കുന്ന പക്ഷിക്കൂട് എന്നിവയുടെ ആവശ്യത്തിന് മാത്രമായി ഉപയോഗിക്കുന്നതോ ആയ ഷെഡ്ഡുകളും മറ്റേതെങ്കിലും താൽക്കാലിക ഷെഡ്ഡുകളും'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (2)-ാം ഉപവകുപ്പിൽ ''ഓരോ സംഗതിയിലും താൻ നിശ്ചയിക്കുന്ന വ്യവസ്ഥകളിന്മേൽ തന്റെ വിവേചനാധികാരം ഉപയോഗിച്ച്'' എന്ന വാക്കുകൾക്ക് പകരം ''കൗൺസിൽ പൊതുവായി നിശ്ചയിക്കാവുന്ന വ്യവസ്ഥകളിന്മേൽ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

120. 410-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്‌ടിലെ 410-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

121. 420-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്‌ടിലെ 420-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''420. പൊതുകിണറുകളും കെട്ടിനിൽക്കുന്ന ജലസ്ഥാനങ്ങളും സംബന്ധിച്ച മുനിസിപ്പാലിറ്റിയുടെ കർത്തവ്യം.—സ്വകാര്യ വസ്തു വിലല്ലാത്ത എല്ലാ കിണറുകളും, കുളങ്ങളും, ജലസംഭരണികളും മുനിസിപ്പാലിറ്റി വൃത്തിയാക്കി സൂക്ഷിക്കേണ്ടതും, സംരക്ഷിക്കേണ്ടതും ജനങ്ങൾക്ക് ഉപകാരപ്രദമായ വിധത്തിൽ പ്രവർത്തിപ്പിക്കേണ്ടതുമാണ്.''

122. 425-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്‌ടിലെ 425-ാം വകുപ്പിൽ എ ഖണ്ഡത്തിനു പകരം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

''(എ) മുനിസിപ്പാലിറ്റിയോ ഏതെങ്കിലും ഉടമസ്ഥനോ കുടിക്കാനായി ഏതെങ്കിലും സ്ഥലത്ത് പ്രത്യേകമായി സൂക്ഷിച്ചിട്ടുള്ള ജലത്തിൽ കുളിക്കുകയോ മറ്റേതെങ്കിലും വിധത്തിൽ മലിനപ്പെടുത്തുകയോ; അഥവാ

(എഎ) കുളിക്കാനായി സൂക്ഷിച്ചിട്ടുള്ള ജലം ഏതെങ്കിലും വിധത്തിൽ മലിനപ്പെടുത്തുകയോ; അഥവാ''.

LIBRARY ARCHIVES Kerala Legislative Assembly

123. 433—ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 433—ാം വകുപ്പിൽ,—

(1) (1)—ാം ഉപവകുപ്പിൽ "പിന്നീട് ഉപയോഗിക്കുന്നത്" എന്ന വാക്കുകൾക്ക് പകരം "തുടർന്ന് ഉപയോഗിക്കുന്നത്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (5)—ാം ഉപവകുപ്പിൽ "സെക്രട്ടറിക്ക്" എന്ന വാക്കുകൾക്കു പകരം "സെക്രട്ടറിക്ക്, ചെയർപേഴ്സന്റെ അനുമതിയോടുകൂടി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

124. 447—ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 447—ാം വകുപ്പിൽ,—

(1) (1)—ാം ഉപവകുപ്പിൽ "ആറാം പട്ടികയിൽ" എന്ന വാക്കുകൾക്കുപകരം "ഇതിലേക്ക് ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (3)—ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(3) കൗൺസിൽ, അപേക്ഷ ലഭിച്ച് മുപ്പത് ദിവസത്തിനകം ഉത്തരവുമൂലവും അതിന് യുക്തമെന്ന് തോന്നുന്ന നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായും അപായകരമോ അസഹ്യമോ ആയ ഒരു വ്യാപാരം നടത്തുന്നതിനായി ഒരു സ്ഥലം ഉപയോഗിക്കുവാൻ ലൈസൻസ് നൽകുകയോ അല്ലെങ്കിൽ അപ്രകാരമുള്ള ലൈസൻസ് നൽകുന്നത് പൊതു താല്പര്യാർത്ഥം, നിരസിക്കുകയോ ചെയ്യേണ്ടതാണ്.

(3എ) സെക്രട്ടറി, അപേക്ഷ ലഭിച്ച് പതിനഞ്ച് ദിവസത്തിനകം ഉത്തരവുമൂലം അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്ന നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായും സാധാരണ വ്യാപാരം നടത്തുന്നതിനായി ഒരു സ്ഥലം ഉപയോഗിക്കുവാൻ ലൈസൻസ് നൽകുകയോ ലൈസൻസ് നൽകുന്നത് പൊതു താല്പര്യാർത്ഥം നിരസിക്കുകയോ ചെയ്യേണ്ടതാണ്.";

(3) (6) മുതൽ (8) വരെയുള്ള ഉപവകുപ്പുകളും വിശദീകരണവും വിട്ടുകളയേണ്ടതാണ്.

125. 447—ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 447—ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"447എ. സർക്കാർ വ്യവസായ എസ്റ്റേറ്റോ വ്യവസായ വികസന പ്രദേശമോ സ്ഥാപിക്കാൻ മുനിസിപ്പാലിറ്റിയുമായി ആലോചിക്കൽ.—സർക്കാരോ ഒരു സർക്കാർ നിയന്ത്രിത ഏജൻസിയോ, ഒരു വ്യവസായ എസ്റ്റേറ്റോ വ്യവസായ വികസന കേന്ദ്രമോ വ്യവസായ സ്ഥലമോ

വ്യവസായ വളർച്ചാകേന്ദ്രമോ കയററുമതി സംസ്കരണ മേഖലയോ അല്ലെങ്കിൽ വ്യവസായ പാർക്കോ ഒരു മുനിസിപ്പാലിററിയുടെ ഭൂപ്രദേശത്തിനുള്ളിൽ തുറക്കുന്നതിനു മുമ്പ് ആ മുനിസിപ്പാലിററിയുമായി കൂടിയാലോചിക്കേണ്ടതാണ്.''

126. 448-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിലെ 448-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ (ബി) ഖണ്ഡത്തിൽ ''ചട്ടങ്ങളാൽ ഒഴിവാക്കപ്പെട്ട'' എന്ന വാക്കുകൾക്കുപകരം ''ഈ ആക്ററോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാലോ ഒഴിവാക്കപ്പെട്ട'' എന്ന വാക്കുകളും ''രേഖാമൂലമുള്ള ഒരു അപേക്ഷ സെക്രട്ടറിക്ക്'' എന്ന വാക്കുകൾക്ക് പകരം ''നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ സെക്രട്ടറിയെ സംബോധന ചെയ്തുകൊണ്ട് മുനിസിപ്പാലിററിക്ക് ഒരു അപേക്ഷ'' എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

(2) (3)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(3) സെക്രട്ടറി, അപേക്ഷ കിട്ടിയാൽ കഴിയുന്നതുംവേഗം, അനുവാദത്തിനായി അപേക്ഷിച്ചിട്ടുള്ള ഫാക്ടറിയുടെയോ വർക്ക്ഷോപ്പിൻെറയോ ജോലിസ്ഥലത്തിൻെറയോ സ്ഥാപിക്കലോ യന്ത്രസാമഗ്രികളുടെയോ മാനുഫാക്ടറിംഗ് പ്ലാൻറിൻെറയോ സ്ഥാപിക്കലോ പരിസരത്തെ ജനസംഖ്യയുടെ സാന്ദ്രതമൂലമോ ശല്യമോ മലിനീകരണമോ ഉണ്ടാകാനിടയുണ്ടെന്ന കാരണത്താലോ ആക്ഷേപാർഹമെങ്കിൽ ആ വിവരം കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതും കൗൺസിൽ, അപേക്ഷയും, സെക്രട്ടറിയുടെയും (4)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന മററ് അധികാരികളുടെയും റിപ്പോർട്ടുകളും പരിഗണിച്ചശേഷം, കഴിയുന്നതുംവേഗം, എങ്ങിനെയായിരുന്നാലും അപേക്ഷ കിട്ടിയ തീയതി മുതൽ നാല്പത്തിയഞ്ചു ദിവസത്തിനകം,—

(എ) അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ അതിന് യുക്തമെന്ന് തോന്നുന്ന മററ് വ്യവസ്ഥകൾക്ക് വിധേയമായോ അനുവദിക്കേണ്ടതും, അല്ലെങ്കിൽ

(ബി) രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ അനുവാദം നിരസിക്കേണ്ടതും,

ആകുന്നു;'';

(3) (4)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(4) (3)-ാം ഉപവകുപ്പിൻ കീഴിൽ അനുവാദം നൽകുന്നതിനോ നിരസിക്കുന്നതിനോ മുമ്പ് കൗൺസിൽ,—

(എ) ഫാക്ടറിയോ, വർക്ക്ഷോപ്പോ ജോലിസ്ഥലമോ പരിസരമോ 1948-ലെ ഫാക്ടറീസ് ആക്ററിൻെറ (1948-ലെ 63-ാം കേന്ദ്ര ആക്ററ്) പരിധിയിൽ വരുന്നതാണെങ്കിൽ, ഫാക്ടറിയുടേയോ വർക്ക്

ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ പരിസരങ്ങളുടെയോ പ്ലാനിൽ വായുസഞ്ചാരം, വെളിച്ചം ഇവയുടെ പര്യാപ്തതയും മുറികളുടെയും വാതിലുകളുടെയും ഉയരവും വലിപ്പവും ആവശ്യത്തിനുണ്ടോ എന്നും തീപിടുത്തമുണ്ടായാൽ പുറത്തേക്ക് കടക്കാനുള്ള മാർഗ്ഗങ്ങളുടെ അനുയോജ്യതയും നിർണ്ണയിക്കപ്പെടാവുന്ന മററു സംഗതികളും സംബന്ധിച്ച് 1948-ലെ ഫാക്ടറീസ് ആക്ററിൻ (1948-ലെ 63-ാം കേന്ദ്ര ആക്ററ്) കീഴിൽ നിയമിച്ച ഫാക്ടറി ഇൻസ്പെക്ടറുടെയോ അല്ലെങ്കിൽ ആ പ്രദേശത്ത് അധികാരിതയുള്ള ഇൻഡസ്ട്രീസ് എക്സ്റെറൻഷൻ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത വ്യവസായ വകുപ്പിലെ ഒരു ഉദ്യോഗസ്ഥന്റെയോ ഒരു റിപ്പോർട്ടും;

(ബി) സ്ഥാപിക്കാനുദ്ദേശിക്കുന്ന യന്ത്രസാമഗ്രികളുടെ കണക്ററഡ് ലോഡ് ഇരുപത്തിയഞ്ച് കുതിരശക്തിയിൽ കവിയുന്നതോ അല്ലെങ്കിൽ യന്ത്രസാമഗ്രികളുടെയും മററ് സ്ഥാപനങ്ങളുടേയും സ്വഭാവം ശല്യമോ മലിനീകരണമോ ഉണ്ടാക്കാൻ സാദ്ധ്യതയുള്ളതോ അല്ലെങ്കിൽ പ്രസ്തുത വ്യവസായം ഏഴാം പട്ടികയിൽ പറയുന്ന ഏതെങ്കിലും ഒന്നായിരിക്കുകയോ, ആണെങ്കിൽ ശല്യമോ മലിനീകരണമോ ഉണ്ടാകാനുള്ള സാദ്ധ്യതയെ സംബന്ധിച്ച ജില്ലാ മെഡിക്കൽ ഓഫീസറുടെ ഒരു റിപ്പോർട്ടും;

(സി) സ്ഥാപിക്കുവാനുദ്ദേശിക്കുന്ന യന്ത്ര സാമഗ്രികളുടെ കണക്ററഡ് ലോഡ് ഇരുപത്തിയഞ്ച് കുതിരശക്തിയിൽ കവിയുന്നതോ അല്ലെങ്കിൽ പ്രസ്തുത വ്യവസായം എട്ടാം പട്ടികയിൽപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒന്നായിരിക്കുകയോ ആണെങ്കിൽ ആസൂത്രണം ചെയ്തിട്ടുള്ള അഗ്നിനിരോധനവും അഗ്നിശമനവും പ്രവർത്തനങ്ങളുടെ പര്യാപ്തത സംബന്ധിച്ച് ഡിവിഷണൽ ഫയർ ഓഫീസറുടെ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ മറേറതെങ്കിലും ഉദ്യോഗസ്ഥന്റെ ഒരു റിപ്പോർട്ടും,

വാങ്ങുകയും പരിഗണിക്കുകയും ചെയ്യേണ്ടതാണ്:

എന്നാൽ, ഏതെങ്കിലും വ്യവസായം മലിനീകരണം ഉണ്ടാക്കുന്നതല്ലെന്ന് ഇതിലേക്ക് അധികാരപ്പെടുത്തിയ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥനോ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ ശുപാർശ ചെയ്തുകൊണ്ടുള്ള ഒരു പ്രഖ്യാപനം അപേക്ഷകൻ നൽകുകയാണെങ്കിൽ, അത്തരം വ്യവസായത്തെ സംബന്ധിച്ച് (ബി) ഖണ്ഡത്തിൻ കീഴിലുള്ള റിപ്പോർട്ട് ആവശ്യപ്പെടാവുന്നതല്ല.''.

127. <u>449-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.</u>—പ്രധാന ആക്ററിലെ 449-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''449. <u>ഫാക്ടറി, വർക്ക്ഷോപ്പ് മുതലായവയിൽ നിന്നുള്ള ശല്യം ഇല്ലാതാക്കൽ.</u>—(1) ഏതെങ്കിലും ഫാക്ടറിയോ വർക്ക്ഷോപ്പോ ജോലിസ്ഥലമോ യന്ത്രങ്ങളോ, ഏതെങ്കിലും ഒരു പ്രത്യേകതരം ഇന്ധനം ഉപയോഗിക്കുന്നതുകൊണ്ടോ, ശബ്ദമോ അനുചലനമോ ഉണ്ടാകുന്നതിനാലോ, വിഷവാതകം വമിക്കുകയോ അസഹ്യമായ ഗന്ധമോ പുകയോ

പൊടിയോ പുറപ്പെടുവിക്കുകയോ ചെയ്യുന്ന കാരണത്താലോ, ശല്യമുണ്ടാക്കുന്നതായി കൗൺസിലിന് അഭിപ്രായമുള്ളപക്ഷം, സെക്രട്ടറിക്ക്, അപ്രകാരമുള്ള ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ യന്ത്രങ്ങളുടെയോ ചുമതല വഹിക്കുന്ന ആളോട് അപ്രകാരമുള്ള ശല്യം ന്യായമായ സമയത്തിനുള്ളിൽ ഇല്ലാതാക്കാൻ നിർദ്ദേശിക്കാവുന്നതാണ്.

(2) കൗൺസിലിന്, ആവശ്യമുള്ളപക്ഷം, ശല്യം തിട്ടപ്പെടുത്തുന്നതോ അത് ഇല്ലാതാക്കുന്നതോ സംബന്ധിച്ച് , ബന്ധപ്പെട്ട ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ ഉടമസ്ഥന്റെയോ അല്ലെങ്കിൽ അതിന്റെ ചാർജ്ജ് വഹിക്കുന്ന ആളുടെയോ ചെലവിൽ വിദഗ്ദ്ധോപദേശം തേടാവുന്നതാണ്.

(3) അപ്രകാരമുള്ള നിർദ്ദേശം നടപ്പാക്കാൻ മനഃപൂർവ്വം വീഴ്ച വരുത്തുകയോ, നിലവിലുള്ള സാഹചര്യത്തിൽ ശല്യം ഇല്ലാതാക്കുന്നത് പ്രാവർത്തികമല്ലെന്നു കാണുകയോ ആണെങ്കിൽ ശല്യം ഇല്ലാതാക്കാൻ തൃപ്തികരമായ രീതിയിൽ ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ആൾ എടുക്കുന്ന സമയം വരെ ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ ജോലി സ്ഥലത്തിന്റെയോ യന്ത്രത്തിന്റെയോ പ്രവർത്തനം സെക്രട്ടറിക്ക് നിരോധിക്കാവുന്നതാണ്.''

128. 450-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 450-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''450 ഒഴിവാക്കൽ.—448-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അതിലെ പരിധിപോലെ, താഴെപ്പറയുന്ന യന്ത്രങ്ങളോ ഉൽപ്പാദന യൂണിറ്റുകളോ വ്യവസായ യൂണിറ്റുകളോ സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റിയുടെ അനുവാദം ആവശ്യമുള്ളതല്ല, അതായത്:—

(എ) വീട്ടാവശ്യങ്ങൾക്കോ വ്യക്തിപരമായ ആവശ്യങ്ങൾക്കോവേണ്ടി ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള വൈദ്യുത ഉപകരണങ്ങളും വൈദ്യുതേതര ഉപകരണങ്ങളും യന്ത്രസാമഗ്രികളും;

(ബി) കാർഷികാവശ്യങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്നതും അല്ലാത്തതുമായ ഉപകരണങ്ങൾ;

(സി) സ്ഥിര ശ്രദ്ധ വേണ്ടിവരാത്ത സ്റ്റാറ്റിക് ട്രാൻസ്ഫോർമർ സ്റ്റേഷനുകളും കണ്ടൻസർ സ്റ്റേഷനുകളും റെക്റ്റിഫയർ സ്റ്റേഷനുകളും;

(ഡി) കൊണ്ടുനടക്കാവുന്നതരം ഡ്രില്ലിംഗ് യന്ത്രങ്ങളും കോൺക്രീറ്റ് മിക്സറുകൾപോലെ നിർമ്മാണാവശ്യത്തിനുപയോഗിക്കുന്ന കൊണ്ടു നടക്കാവുന്നതരം യന്ത്രങ്ങളും;

(ഇ) വിദ്യാഭ്യാസ സ്ഥാപനത്തോട് ബന്ധപ്പെട്ട വർക്ക്ഷോപ്പിലോ ജോലി സ്ഥലത്തോ അല്ലെങ്കിൽ ശാസ്ത്രസംബന്ധമായ ആവശ്യങ്ങൾക്കു വേണ്ടിയോ സ്ഥാപിച്ചിട്ടുള്ള ഒരു യന്ത്ര സംവിധാനം;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വൈദ്യുതിയുടെ ഉൽപ്പാദനത്തിനും പ്രസരണത്തിനുമായി കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള യന്ത്ര സംവിധാനങ്ങൾ;

(ജി) കുടിവെള്ള വിതരണത്തിനും മലിനജലം ഒഴുക്കിക്കളയുന്നതിനുമായിട്ടുള്ള കേരള വാട്ടർ അതോറിററിയുടെ യന്ത്രസംവിധാനങ്ങൾ;

(എച്ച്) മലിനീകരണമുണ്ടാക്കാത്ത ഒരു വ്യവസായമാണെന്ന് സർക്കാരിന്റെ വ്യവസായ വകുപ്പോ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും അഞ്ച് കുതിരശക്തിയിൽ കുറവു ശേഷിയുള്ളതുമായ യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ള വ്യവസായ യൂണിററുകൾ;

(ഐ) സർക്കാരോ സർക്കാർ നിയന്ത്രിത ഏജൻസിയോ, ഒരു വ്യവസായ എസ്റേറററോ വ്യവസായ വികസന പ്രദേശമോ വ്യവസായ വികസന സ്ഥലമോ വ്യവസായ വളർച്ചാകേന്ദ്രമോ കയററുമതി സംസ്കരണ മേഖലയോ അല്ലെങ്കിൽ വ്യവസായ പാർക്കോ ആയി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലത്തെ വ്യവസായ യൂണിററുകൾ:

എന്നാൽ (എച്ച്)—ഉം (ഐ)—ഉം ഇനങ്ങളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും വ്യവസായ യൂണിററിന്റെ ഉടമസ്ഥൻ നിർണ്ണയിച്ച പ്രകാരമുള്ള ഫീസടച്ച് യൂണിററ് മുനിസിപ്പാലിററിയിൽ രജിസ്ററർ ചെയ്യേണ്ടതാണ്.''.

**129. 452—ാം വകുപ്പിനുള്ള ഭേദഗതി.**—പ്രധാന ആക്ററിലെ 452—ാം വകുപ്പിൽ (2)—ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(3) മുനിസിപ്പൽ കശാപ്പുശാലകൾ ആരോഗ്യസംരക്ഷകമായി പരിപാലിക്കുന്നതിനും മാലിന്യങ്ങൾ മറവു ചെയ്യുന്നതിനും മുനിസിപ്പാലിററി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്''.

**130. 453—ാം വകുപ്പിനുള്ള ഭേദഗതി.**—പ്രധാന ആക്ടിലെ 453—ാം വകുപ്പിൽ (2)—ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(3) (2)—ാം ഉപവകുപ്പു പ്രകാരം ലൈസൻസ് നൽകിയിട്ടുള്ള ഏതൊരാളും കശാപ്പുശാലകൾ ആരോഗ്യസംരക്ഷകമായി പരിപാലിക്കുകയും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതും അതിൽ വീഴ്ച വരുത്തുന്നപക്ഷം സെക്രട്ടറി പ്രസ്തുത ലൈസൻസ് ഉടനടി റദ്ദ് ചെയ്യേണ്ടതുമാണ്.''.

**131. 458—ാം വകുപ്പിനുള്ള ഭേദഗതി.**—പ്രധാന ആക്ററിലെ 458—ാം വകുപ്പിൽ (2)—ാം ഉപവകുപ്പിൽ (സി) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

''(സി) അങ്ങനെയുള്ള മാർക്കററുകളിൽ വിൽപ്പനയ്ക്കായി വാഹനങ്ങളിലോ ചുമട്ടു മൃഗങ്ങളിൻമേലോ തലച്ചുമടായോ കൊണ്ടുവരുന്ന, സാധനങ്ങളിൻമേലോ ഉള്ള ഫീസ്;''.



LIBRARY ARCHIVES Kerala Legislative Assembly

132. 460-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 460-ാം വകുപ്പിൽ (5)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

"വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി സ്വകാര്യ മാർക്കറ്റ് എന്നതിൽ ആറ് കടമുറികളിൽ കൂടുതലുള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സും ഉൾപ്പെടുന്നതാണ്.".

133. 469-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 469-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിൽ,—

(1) "കശാപ്പുകാരന്റെയോ മീൻ വിൽപ്പനക്കാരന്റെയോ കോഴിക്കച്ചവടക്കാരന്റെയോ വ്യാപാരം നടത്തുകയോ" എന്ന വാക്കുകൾക്കു പകരം "കശാപ്പുകാരന്റെയോ മീൻ വിൽപ്പനക്കാരന്റെയോ കോഴിക്കച്ചവടക്കാരന്റെയോ തൊഴിൽ ചെയ്യുകയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) ക്ലിപ്തനിബന്ധനയിൽ, "കേടുവരാതെ സൂക്ഷിച്ചിരിക്കുന്ന മാംസമോ അല്ലെങ്കിൽ വായു കടക്കാത്തതും ചൂടോടെ മുദ്രവെച്ചതുമായ പാത്രങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മൽസ്യമോ" എന്ന വാക്കുകൾക്കു പകരം "വായു കടക്കാത്ത സീൽ ചെയ്ത ടിന്നുകളിൽ കേടുവരാത്ത വിധത്തിൽ സൂക്ഷിച്ചിരിക്കുന്ന മൽസ്യമോ മാംസമോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

134. 470-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 470-ാം വകുപ്പിൽ (5)-ാം ഉപവകുപ്പിൽ "വിലക്കപ്പെട്ട" എന്ന വാക്കിനു പകരം "വിൽക്കപ്പെട്ട" എന്ന വാക്ക് ചേർക്കേണ്ടതാണ്.

135. 472-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 472-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ "നിർദ്ദേശങ്ങൾക്ക്" എന്ന വാക്കിനു പകരം "മാർഗ്ഗനിർദ്ദേശങ്ങൾക്ക്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(2) വിശദീകരണത്തിൽ, "1988-ലെ മോട്ടോർ വാഹന ആക്റ്റിൽ (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്) നിർവചിച്ച പ്രകാരമുള്ള മോട്ടോർ വാഹനങ്ങൾ ഉൾപ്പെടെയുള്ള" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ബ്രാക്കറ്റിനും പകരം "ബസ് താവളവും ടാക്സി താവളവും ആട്ടോറിക്ഷ താവളവും ലോറി താവളവും മററ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

136. 475-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 475-ാം വകുപ്പിൽ (5)-ാം ഉപവകുപ്പിൽ "മുന്നൂറു രൂപയിൽ" എന്ന വാക്കുകൾക്കു പകരം "മൂവായിരം രൂപയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

137. 484-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 484-ാം വകുപ്പിൽ,—

(1) (3)-ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

LIBRARY ARCHIVES Kerala Legislative Assembly

''(3) (2)–ാം ഉപവകുപ്പിൻ പ്രകാരമുള്ള ഒരപേക്ഷ ലഭിച്ചതിൻമേൽ സെക്രട്ടറി,—

(എ) ആ അപേക്ഷ, മുനിസിപ്പാലിററി ഒരു മുനിസിപ്പൽ ഹെൽത്ത് ആഫീസറെ നിയോഗിച്ചിരിക്കുന്നിടത്ത് മുനിസിപ്പൽ ഹെൽത്ത് ആഫീസർക്കും മററു സംഗതികളിൽ ആ പ്രദേശത്ത് അധികാരിതയുള്ള ആരോഗ്യവകുപ്പിലെ ജില്ലാ മെഡിക്കൽ ആഫീസർക്കും ബന്ധപ്പെട്ട ജില്ലാ കളക്ടർക്കും അപേക്ഷയിൻമേലുള്ള അവരുടെ അഭിപ്രായങ്ങൾക്കായി അയച്ചുകൊടുക്കേണ്ടതും; കൂടാതെ

(ബി) ആ അപേക്ഷയെ സംബന്ധിച്ചുള്ള ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ വല്ലതുമുണ്ടെങ്കിൽ അവ ക്ഷണിച്ചുകൊണ്ടുമുള്ള ഒരു പൊതു നോട്ടീസ് പ്രസിദ്ധപ്പെടുത്തേണ്ടതും,

ആകുന്നു.'';

(2) (4)–ാം ഉപവകുപ്പിൽ, ''അഭിപ്രായം പരിഗണിച്ചതിനുശേഷം'' എന്ന വാക്കുകൾക്കു പകരം ''അഭിപ്രായവും നോട്ടീസിൽ പ്രത്യേകം പറഞ്ഞിരിക്കുന്ന തീയതിക്കു മുമ്പ് ലഭിച്ച എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷം'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

138. 485–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിലെ 485–ാം വകുപ്പിൽ (1)–ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(1) ഏതൊരു മുനിസിപ്പാലിററിക്കും ശവം മറവ് ചെയ്യുകയോ ദഹിപ്പിക്കുകയോ ചെയ്യുന്നതിനുള്ള സ്ഥലങ്ങളോ ശ്മശാനങ്ങളോ ആയി ഉപയോഗിക്കുന്നതിന് ആവശ്യമായ ഭൂമിയോ സംവിധാനമോ ഇല്ലാത്തപക്ഷം മുനിസിപ്പൽ ഫണ്ടിൽ നിന്നും ചെലവ് ചെയ്ത് ശവം മറവ് ചെയ്യുകയോ ദഹിപ്പിക്കുകയോ ചെയ്യുന്നതിനുള്ള സ്ഥലങ്ങളോ ശ്മശാനങ്ങളോ ആയി ഉപയോഗിക്കുന്നതിനുള്ള ഭൂമിയോ 484–ാം വകുപ്പിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഒന്നുകിൽ മുനിസിപ്പൽ പ്രദേശത്തിനുള്ളിലോ അല്ലെങ്കിൽ മുനിസിപ്പൽ പ്രദേശത്തിനു പുറത്തോ ഏർപ്പെടുത്തേണ്ടതും അവ ഉപയോഗിക്കുന്നതിന് വാടകയും ഫീസും ചുമത്താവുന്നതുമാണ്:

എന്നാൽ, മുനിസിപ്പൽ പ്രദേശത്തിനു വെളിയിൽ ശവം മറവ് ചെയ്യുകയോ ദഹിപ്പിക്കുകയോ ചെയ്യുന്നതിനുള്ള സ്ഥലങ്ങളോ ശ്മശാനങ്ങളോ ഏർപ്പെടുത്തുന്ന സംഗതിയിൽ ജില്ലാ മെഡിക്കൽ ആഫീസറുടെ അഭിപ്രായം കൂടി ആരായേണ്ടതും ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്താണോ അത് ഏർപ്പെടുത്താനുദ്ദേശിക്കുന്നത് ആ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കേണ്ടതുമാണ്.''.

139. 485–ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ററിലെ 485–ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''485 എ. ശവം മറവ് ചെയ്യുകയും ദഹിപ്പിക്കുകയും ചെയ്യുന്ന സ്ഥലങ്ങൾ പാർപ്പിടങ്ങളിൽ നിന്ന് അകലെ ആയിരിക്കണമെന്ന്.—യാതൊരു മുനിസിപ്പാലിററിയും നിലവിലുള്ള വാസഗൃഹത്തിൽ നിന്ന് അമ്പത് മീററർ

LIBRARY ARCHIVES Kerala Legislative Assembly

അകലത്തിനുള്ളിൽ ഏതെങ്കിലും സ്ഥലം ശവം മറവു ചെയ്യുന്നതിനോ ദഹിപ്പിക്കുന്നതിനോ ശ്മശാനങ്ങളായി ഉപയോഗിക്കുന്നതിന് 484-ാം വകുപ്പ് പ്രകാരം ലൈസൻസ് നൽകാനോ 485-ാം വകുപ്പ് പ്രകാരം അങ്ങനെയുള്ള ആവശ്യത്തിന് ഉപയോഗിക്കുവാനോ പാടില്ലാത്തതാണ്:

എന്നാൽ ഒരു കോൺക്രീററ് വാംട്ടിന്റെ സംഗതിയിൽ പ്രസ്തുത അകലം ഇരുപത്തിയഞ്ച് മീററിൽ കുറയാൻ പാടുള്ളതല്ല.''.

140. 486-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിലെ 486-ാം വകുപ്പിൽ (3)-ാം ഉപവകുപ്പിൻ താഴെ പറയുന്ന ക്ലിപ്ത നിബന്ധനകൂടി ചേർക്കേണ്ടതാണ്, അതായത്:—

''എന്നിരുന്നാലും അപ്രകാരം ശവം മറവു ചെയ്യാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ തൊട്ടു ചേർന്നു കിടക്കുന്ന ഭൂമിയുടെ ഉടമസ്ഥനിൽ നിന്നോ മററ് ഏതെങ്കിലും സമീപവാസിയിൽ നിന്നോ ഏതെങ്കിലും ആക്ഷേപം ലഭിച്ചിട്ടുണ്ടെങ്കിൽ അത് പരിഗണിക്കാതെ യാതൊരു അനുവാദവും സെക്രട്ടറി നൽകുവാൻ പാടുള്ളതല്ല.''.

141. 490-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്ററിലെ 490-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

142. 493-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ററിലെ 493-ാം വകുപ്പിനു പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''493. ജനനമരണങ്ങൾ നിർബന്ധപൂർവ്വം രജിസ്ററർ ചെയ്യൽ.—ഓരോ മുനിസിപ്പാലിററിയും ആ മുനിസിപ്പൽ പ്രദേശത്തുണ്ടാകുന്ന എല്ലാ ജനനമരണങ്ങളും 1969-ലെ ജനനമരണ രജിസ്ട്രേഷൻ ആക്ററും (1969-ലെ 18-ാം കേന്ദ്ര ആക്ററ്) അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളും പ്രകാരം രജിസ്ററർ ചെയ്യുകയും രജിസ്ററർ ചെയ്യുന്നത് നിർബന്ധമാക്കുകയും ചെയ്യേണ്ടതാകുന്നു.''.

143. 494-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിലെ 494-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിൽ ''ഒരു സ്വകാര്യ ചികിൽസകൻ അയാളുടെ പ്രവൃത്തി നടത്തവേ ഉണ്ടാകുന്ന ഓരോ കേസിനേയും പററി വിവരം നൽകുമ്പോഴും അങ്ങനെയുള്ള ഓരോ വിവരത്തിനും ഒരു രൂപയിൽ കവിയാത്ത ഫീസ് സെക്രട്ടറി നൽകാവുന്നതാണ്.'' എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

144. 509-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ററിലെ 509-ാം വകുപ്പിനു പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''509. അപ്പീലും റിവിഷനും.—(1) 390, 391, 395, 406, 408 എന്നീ വകുപ്പുകൾ ഒഴികെയുള്ള ഈ ആക്ററിൻ കീഴിലെ വ്യവസ്ഥകളോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ, ബൈലാകളോ, റഗുലേഷനുകളോ

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം ചെയർപേഴ്സണോ സെക്രട്ടറിയോ പുറപ്പെടുവിച്ച ഏതെങ്കിലും നോട്ടീസിനോ, പാസ്സാക്കിയ ഏതെങ്കിലും ഉത്തരവിനോ എടുത്ത ഏതെങ്കിലും നടപടിക്കോ എതിരായി കൗൺസിലിൽ അപ്പീൽ നൽകാവുന്നതാണ്.

(2) നികുതി ചുമത്തൽ സംബന്ധിച്ച സെക്രട്ടറിയുടെ ഏതെങ്കിലും നോട്ടീസിനോ ഉത്തരവിനോ എതിരായി ടൗൺ പഞ്ചായത്തിന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിററിക്കും മുനിസിപ്പൽ കോർപ്പറേഷന്റെ കാര്യത്തിൽ നികുതി അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിററിക്കും അപ്പീൽ നൽകാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം ഫയൽ ചെയ്ത ഒരു അപ്പീൽ തീരുമാനമാകാതെ നിലനിൽക്കുമ്പോൾ ചെയർപേഴ്സണ് അപേക്ഷ നൽകുകയാണെങ്കിൽ, ഉത്തരവുമൂലം അപ്പീലിനാധാരമായ നോട്ടീസിന്റെയോ ഉത്തരവിന്റെയോ മററു നടപടികളുടെയോ പ്രവർത്തനം നിറുത്തിവയ്ക്കാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം ഉത്തരവ് പാസ്സാക്കിയ ഏതൊരു സംഗതിയും, ചെയർപേഴ്സൺ അപ്രകാരം ഉത്തരവ് പാസ്സാക്കാനുണ്ടായ പൂർണ്ണമായ കാരണങ്ങളോടുകൂടി കൗൺസിലിന്റെ അടുത്ത സാധാരണ യോഗത്തിലോ അതിനടുത്ത യോഗത്തിലോ കൗൺസിലിന് റിപ്പോർട്ട് നൽകേണ്ടതും കൗൺസിൽ, പ്രസ്തുത ഉത്തരവ് ഭേദഗതിയോടുകൂടിയോ അല്ലാതെയോ ശരിവയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യേണ്ടതും അല്ലാത്തപക്ഷം അത് റദ്ദായി പോകുന്നതുമാണ്.

(5) (1)-ാം ഉപവകുപ്പ് പ്രകാരമോ (2)-ാം ഉപവകുപ്പ് പ്രകാരമോ ഉള്ള ഒരു അപ്പീൽ, ഉത്തരവ് കൈപ്പററി മുപ്പത് ദിവസത്തിനകം നൽകേണ്ടതും അത് ലഭിച്ചശേഷം അറുപത് ദിവസത്തിനകം അതത് സംഗതിപോലെ കൗൺസിൽ അഥവാ സ്റ്റാന്റിംഗ് കമ്മിററി അതിന് യുക്തമെന്ന് തോന്നുന്ന രീതിയിൽ അത് തീർപ്പാക്കേണ്ടതുമാണ്.

(6) 390, 391, 395, 406, 408 എന്നീ വകുപ്പുകൾ പ്രകാരം സെക്രട്ടറി പുറപ്പെടുവിച്ച ഏതെങ്കിലും നോട്ടീസിനോ പാസ്സാക്കിയ ഏതെങ്കിലും ഉത്തരവിനോ എതിരായി ഏതൊരാൾക്കും അപ്രകാരമുള്ള ഉത്തരവു പുറപ്പെടുവിച്ച് മുപ്പത് ദിവസത്തിനകം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ (1994-ലെ 13) 271 എസ് വകുപ്പ് പ്രകാരം രൂപീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്.

(7) 310 മുതൽ 508 വരെയുള്ള വകുപ്പുകളിൽ 390, 391, 395, 406, 408 എന്നീ വകുപ്പുകൾ ഒഴികെയുള്ള വകുപ്പുകളിലോ അവയ്ക്കു കീഴിലുണ്ടാക്കിയ ചട്ടങ്ങളിലോ ബൈലാകളിലോ റഗുലേഷനുകളിലോ വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും സംഗതിയെ സംബന്ധിച്ച് കൗൺസിൽ പാസ്സാക്കിയ ഏതെങ്കിലും തീരുമാനത്തിനോ, അപ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെയർപേഴ്സണോ സെക്രട്ടറിയോ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിനോ, നോട്ടീസിനോ എതിരായി ഏതൊരാൾക്കും അപ്രകാരമുള്ള തീരുമാനമോ ഉത്തരവോ നോട്ടീസോ പുറപ്പെടുവിച്ച് മുപ്പതു ദിവസത്തിനകം ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(8) (1)-ാം ഉപവകുപ്പ് പ്രകാരമോ (2)-ാം ഉപവകുപ്പ് പ്രകാരമോ അതതു സംഗതിപോലെ, കൗൺസിലിന്റെയോ സ്ററാൻറിംഗ് കമ്മിററിയുടെയോ മുമ്പാകെ ഫയൽ ചെയ്ത ഒരു അപ്പീലിൻമേൽ അത് എടുത്ത തീരുമാനത്തിനോ, അപ്രകാരമുള്ള ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെയർപേഴ്സണോ സെക്രട്ടറിയോ പുറപ്പെടുവിച്ച ഉത്തരവിനോ നോട്ടീസിനോ എതിരായി ഏതൊരാൾക്കും മുപ്പത് ദിവസത്തിനകം ട്രൈബ്യൂണൽ മുമ്പാകെ റിവിഷൻ ഹർജി നൽകാവുന്നതാണ്.

(9) ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത അപ്പീൽ അല്ലെങ്കിൽ റിവിഷൻ ഹർജിയിൻമേൽ അത് കഴിയുന്നത്ര വേഗം, ഉചിതമായ ഉത്തരവ് പാസ്സാക്കേണ്ടതും അപ്രകാരം പാസ്സാക്കുന്ന ഉത്തരവ് അന്തിമമായിരിക്കുന്നതുമാണ്.

(10) ട്രൈബ്യൂണലിന്, അതിന്റെ മുമ്പാകെ ഒരു അപ്പീലോ റിവിഷൻ ഹർജിയോ നിലനിൽക്കുമ്പോൾ, ആവശ്യമെന്നു കരുതുന്നപക്ഷം, പ്രസ്തുത വിഷയം സംബന്ധിച്ച എല്ലാ തുടർ നടപടികളും നിറുത്തിവയ്ക്കുവാൻ കൗൺസിലിനോടോ സെക്രട്ടറിയോടോ നിർദ്ദേശിക്കാവുന്നതാണ്.

(11) നികുതി ചുമത്തലിനെതിരെയുള്ള യാതൊരു അപ്പീലും റിവിഷനും ഡിമാൻറ് നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുള്ള നികുതി ഒടുക്കാത്തപക്ഷം, ഫയൽ ചെയ്യാൻ പാടുള്ളതല്ല.

(12) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ട്രൈബ്യൂണൽ നിലവിൽ വരുന്ന തീയതിക്കു മുമ്പ് ഏതെങ്കിലും അധികാര സ്ഥാനത്തിന്റെ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ളതും, തീർപ്പാകാതെ നിൽക്കുന്നതുമായ എല്ലാ അപ്പീലുകളും റിവിഷനുകളും അങ്ങനെയുള്ള അധികാരസ്ഥാനം ട്രൈബ്യൂണലിന് കൈമാറേണ്ടതാണ്.''.

145. 511-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിലെ 511-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിൽ, ''അഞ്ചാം പട്ടികയിലെ (4)-ാം കോളത്തിലുള്ള'' എന്ന വാക്കുകൾക്കും അക്കത്തിനും ബ്രാക്കററിനും പകരം ''നാലാം പട്ടികയിലെ (4)-ാം കോളത്തിലുള്ള'' എന്ന വാക്കുകളും അക്കവും ബ്രാക്കററും ചേർക്കേണ്ടതാണ്.

146. 512-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിലെ 512-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ ''രണ്ടായിരം രൂപയിൽ'' എന്ന വാക്കുകൾക്കു പകരം ''പതിനായിരം രൂപയിൽ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (2)-ാം ഉപവകുപ്പിൽ ''രണ്ടായിരം രൂപയിൽ'' എന്ന വാക്കുകൾക്കു പകരം ''പതിനയ്യായിരം രൂപയിൽ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(3) (3)-ാം ഉപവകുപ്പിൽ ''ആയിരം രൂപയിൽ'' എന്ന വാക്കുകൾക്കു പകരം ''പതിനായിരം രൂപയിൽ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

147. 515–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 515–ാം വകുപ്പിൽ,—

(1) നിലവിലുള്ള വകുപ്പ് അതിന്റെ (1)–ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)–ാം ഉപവകുപ്പിൽ,—

(എ) "അയ്യായിരം രൂപയോളവും", "അഞ്ഞൂറ് രൂപയോളവും", "നൂറ് രൂപയോളവും", "പത്ത് രൂപയോളവും" എന്നീ വാക്കുകൾക്കു പകരം യഥാക്രമം, "പതിനായിരം രൂപയോളവും", "ആയിരം രൂപയോളവും", "ആയിരം രൂപയോളവും", "ഇരുനൂററമ്പത് രൂപയോളവും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഒരാൾ നിയമവിരുദ്ധമായി ഒരു കെട്ടിടം നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ കിണർ കുഴിക്കുകയോ ചെയ്തിട്ടുള്ളത് 406–ാം വകുപ്പ് (1)–ാം ഉപവകുപ്പ് പ്രകാരം ക്രമവൽക്കരിക്കാവുന്നതും അപ്രകാരം സെക്രട്ടറി ക്രമവൽക്കരിച്ചിട്ടുള്ളതുമാണെങ്കിൽ അയാളെ ശിക്ഷിക്കുവാൻ പാടുള്ളതല്ല.";

(2) (1)–ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) ഈ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ വ്യവസ്ഥകളിൽ കെട്ടിട നിർമ്മാണത്തെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള നിലവാരത്തെയോ ഏതെങ്കിലും നിബന്ധനകളെയോ അല്ലെങ്കിൽ നിയമാനുസൃതം പുറപ്പെടുവിച്ച ഏതെങ്കിലും നിർദ്ദേശങ്ങളെയോ ലംഘിച്ചുകൊണ്ട് നിർമ്മിച്ച ഏതെങ്കിലും കെട്ടിടം പൊതുരക്ഷയ്ക്ക് ഭീഷണിയോ മനുഷ്യജീവന് അപകടകരമോ ആകുന്നപക്ഷം അപ്രകാരമുള്ള കെട്ടിടത്തിന്റെ ഉടമസ്ഥനെയോ നിർമ്മാതാവിനെയോ കുററസ്ഥാപനത്തിൻമേൽ, ഒരു വർഷംവരെ ആകാവുന്ന തടവുശിക്ഷ നൽകി ശിക്ഷിക്കാവുന്നതാണ്.".

148. 517–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 517–ാം വകുപ്പിൽ "നൂറ് രൂപയിൽ" എന്ന വാക്കുകൾക്കു പകരം "അഞ്ഞൂറ് രൂപയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

149. XXIV–ാം അദ്ധ്യായത്തിനുശേഷം പുതിയ അദ്ധ്യായം ചേർക്കൽ.—പ്രധാന ആക്റ്റിലെ XXIV–ാം അദ്ധ്യായത്തിനുശേഷം താഴെപ്പറയുന്ന അദ്ധ്യായം ചേർക്കേണ്ടതാണ്;—

LIBRARY ARCHIVES Kerala Legislative Assembly

## "അദ്ധ്യായം—XXIVഎ

## അറിയാനുള്ള അവകാശം

517എ. നിർവ്വചനങ്ങൾ.—ഈ അദ്ധ്യായത്തിന്റെ ആവശ്യത്തിനായി,—

(എ) "വിവരങ്ങൾ" എന്നാൽ ഒരു മുനിസിപ്പാലിററിയുടെ ഭരണപരമോ വികസനപരമോ നിയന്ത്രണപരമോ ആയ ചുമതലകളെ സംബന്ധിച്ച ഒരു പ്രമാണത്തിൽ അടങ്ങിയിരിക്കുന്ന ഏതെങ്കിലും വസ്തുതകളോ വിവരങ്ങളോ എന്നർത്ഥമാകുന്നതും അതിൽ മുനിസിപ്പാലിററിയുടെ കാര്യങ്ങളെ സംബന്ധിച്ച ഏതെങ്കിലും പ്രമാണമോ രേഖയോ ഉൾപ്പെടുന്നതുമാകുന്നു;

(ബി) "അറിയാനുള്ള അവകാശം" എന്നാൽ വിവരങ്ങൾ ലഭ്യമാകാനുള്ള അവകാശം എന്നർത്ഥമാകുന്നതും അതിൽ ഏതെങ്കിലും ഒരു പ്രമാണത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എടുക്കുന്നതിനോ പ്രസക്ത ഭാഗങ്ങൾ പകർത്തുന്നതിനോ ഉള്ള അവകാശവും ഉൾപ്പെടുന്നതുമാകുന്നു;

(സി) "വിജ്ഞാപിത പ്രമാണം" എന്നാൽ 517 ബി വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ സർക്കാർ വിജ്ഞാപനപ്പെടുത്തിയിട്ടുള്ള മുനിസിപ്പാലിററിയുടെ ഏതെങ്കിലും പ്രമാണം എന്നർത്ഥമാകുന്നു.

517ബി. അറിയാനുള്ള അവകാശം.—(1) ഏതെങ്കിലും വിവരം ഉത്തമവിശ്വാസത്തോടുകൂടി ആവശ്യപ്പെടുന്ന ഏതൊരാളിനും അപ്രകാരമുള്ള വിവരം നിർണ്ണയിക്കപ്പെട്ട നടപടിക്രമത്തിനനുസൃതമായി ഒരു മുനിസിപ്പാലിററിയിൽ നിന്ന് ലഭിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, പൊതു ഭരണത്തിന്റെയും, തദ്ദേശ ഭരണത്തിന്റെയും താല്പര്യാർത്ഥം ഗസററ് വിജ്ഞാപനംമൂലം, പ്രത്യേകതരം വിവരങ്ങൾ അടങ്ങുന്ന ഏത് പ്രമാണവും 'വിജ്ഞാപിത പ്രമാണ'മായി പ്രഖ്യാപിക്കാവുന്നതും അത്തരം പ്രമാണത്തിലെ വിവരങ്ങൾ അറിയുവാൻ യാതൊരാൾക്കും അവകാശം ഇല്ലാത്തതും അറിയുവാനുള്ള ഏതൊരപേക്ഷയും മുനിസിപ്പാലിററിക്ക് നിരസിക്കാവുന്നതുമാണ്.

(3) സർക്കാരിന്, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് മൂലം, ഉത്തരവിൽ പറഞ്ഞിട്ടുള്ള തരം വിവരങ്ങൾ ഒരു മുനിസിപ്പൽ പ്രദേശത്ത് താമസിക്കുന്ന ആളുകളുടെ പൊതുവായ അറിവിലേക്ക് പ്രസിദ്ധപ്പെടുത്തുവാൻ ആ മുനിസിപ്പാലിററിയോട് നിർദ്ദേശിക്കാവുന്നതാണ്.

517സി. വിവരം നൽകുന്നതിനുള്ള നടപടിക്രമം.—(1) ഒരു മുനിസിപ്പാലിററിയിൽ നിന്നും ഏതെങ്കിലും വിവരം ആവശ്യമുള്ള ആൾ, അതിനായി നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും വിധത്തിലും അപ്രകാരമുള്ള ഫീസ് നൽകിയും ആ മുനിസിപ്പാലിററിയുടെ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും, നിർണ്ണയിക്കപ്പെടാവുന്ന കാലാവധിക്കുള്ളിൽ, പ്രസ്തുത അപേക്ഷ അതിനകം നിരസിക്കാത്തപക്ഷമോ മററു വിധത്തിൽ തീർപ്പാക്കാത്ത പക്ഷമോ സെക്രട്ടറിയോ കൗൺസിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷകന് ആവശ്യപ്പെട്ട വിവരം നൽകേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) വിവരം ആവശ്യപ്പെട്ടുകൊണ്ടുള്ള ഏതെങ്കിലും അപേക്ഷ നിരസിക്കുകയാണെങ്കിൽ അപ്രകാരം നിരസിക്കുന്നതിനുള്ള കാരണം ലിഖിതമായി നൽകേണ്ടതാണ്.

517ഡി. വിവരം തടഞ്ഞുവയ്ക്കുന്നതിനു പിഴ ഈടാക്കൽ.—(1) ഈ അദ്ധ്യായത്തിൻ കീഴിൽ ഏതെങ്കിലും വിവരം നൽകാൻ ബാദ്ധ്യസ്ഥനായുള്ള സെക്രട്ടറിയോ മുനിസിപ്പാലിററിയുടെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അപ്രകാരമുള്ള വിവരം ഒരു വിജ്ഞാപിത പ്രമാണത്തെപ്പററിയല്ലാത്തപക്ഷം നിർണ്ണയിക്കപ്പെട്ട കാലയളവിനുള്ളിൽ അത് നൽകുവാൻ വ്യക്തിപരമായ് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(2) നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ അപ്രകാരം വിവരം നൽകാത്തപക്ഷം, വിവരം നൽകാതിരുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ, വിവരം നൽകേണ്ടതായ അവസാന തീയതിക്കുശേഷം കാലതാമസമുണ്ടാകുന്ന ഓരോ ദിവസത്തിനും അമ്പത് രൂപ വീതം പിഴശിക്ഷ നൽകി ശിക്ഷിക്കേണ്ടതും അപ്രകാരം ഈടാക്കുന്ന പിഴ മുനിസിപ്പാലിററിയുടെ ഫണ്ടിൽ വരവു വയ്ക്കേണ്ടതുമാണ്.

(3) ഈ അദ്ധ്യയനത്തിൻകീഴിൽ വിവരം നൽകാൻ ബാദ്ധ്യസ്ഥനായ സെക്രട്ടറിയോ മുനിസിപ്പാലിററിയുടെ മറേറതെങ്കിലും ഉദ്യോഗസ്ഥനോ അപ്രകാരം വിവരം നൽകാൻ പരാജയപ്പെടുകയോ അഥവാ അതിന്റെ കാതലായ ഭാഗങ്ങളെ സംബന്ധിച്ച് തെററായ വിവരം നൽകുകയും അത് തെററാണെന്നോ അഥവാ ശരിയല്ലെന്നോ അയാൾക്കറിയാമായിരിക്കുകയോ അഥവാ അപ്രകാരം വിശ്വസിക്കുവാൻ തക്കതായ കാരണം ഉണ്ടായിരിക്കുകയോ ചെയ്യുന്നപക്ഷം അയാളെ ആയിരം രൂപയിൽ കുറയാത്ത പിഴശിക്ഷ നൽകി ശിക്ഷിക്കേണ്ടതാണ്.

517ഇ. ഉത്തമ വിശ്വാസത്തിൽ എടുത്ത നടപടിക്ക് സംരക്ഷണം.—517ഡി വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വിവരം നൽകാൻ ബാദ്ധ്യസ്ഥനായ സെക്രട്ടറിയോ ഉദ്യോഗസ്ഥനോ ഒരു പ്രമാണത്തിനായി വിശദമായ തിരച്ചിൽ നടത്തിയശേഷം, പ്രമാണം സംരക്ഷിക്കേണ്ട കാലാവധി കഴിഞ്ഞിട്ടുള്ളതിനാലോ മറേറതെങ്കിലും സാധുവായ കാരണത്താലോ, ആ പ്രമാണം ഇല്ലെന്നോ കണ്ടുകിട്ടാൻ സാദ്ധ്യതയില്ലെന്നോ കാണുകയും ആയതിനാൽ വിവരം നൽകാൻ കഴിയാതിരിക്കുകയും ചെയ്യുന്നപക്ഷം ആ വിവരം നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ അപേക്ഷകനെ അറിയിക്കേണ്ടതും അപ്രകാരം അപേക്ഷ തീർപ്പാക്കാവുന്നതും അതിൻമേൽ സെക്രട്ടറിക്കോ ഉദ്യോഗസ്ഥനോ എതിരെ യാതൊരു നടപടിയും നിലനിൽക്കുന്നതല്ലാത്തതുമാണ്.''.

150. 521-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിലെ 521-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിൽ 'ചേഴ്സണെറയോ' എന്ന വാക്കിനു പകരം 'ചെയർപേഴ്സണെറയോ' എന്ന വാക്ക് ചേർക്കേണ്ടതാണ്.

151. 523-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിലെ 523-ാം വകുപ്പിൽ നിലവിലുള്ള വകുപ്പ് അതിന്റെ (1)-ാം ഉപവകുപ്പ് ആയി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—



LIBRARY ARCHIVES Kerala Legislative Assembly

"(2) (1)-ാം ഉപവകുപ്പിൻ കീഴിൽ പരാമർശിക്കുന്ന ഏതൊരു ബൈലായും ഉത്തരവും നോട്ടീസും മററു രേഖയും, അതതു സംഗതിപോലെ, അത് പ്രസിദ്ധപ്പെടുത്തിയശേഷം, ഓരോ വാർഡ് കമ്മിററിയിലോ വാർഡ് സഭയിലോ, അതത് സംഗതിപോലെ, അതിന്റെ അടുത്ത യോഗത്തിൽ കൺവീനർ അറിയിക്കേണ്ടതാണ്.".

152. 530-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ററിലെ 530-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"530എ. വില്ലേജ് ആഫീസർമാരിൽ നിന്നും വിവരം ആവശ്യപ്പെടാനുള്ള അധികാരം.—(1) സെക്രട്ടറിക്ക്, ചെയർപേഴ്സന്റെ അനുവാദത്തോടുകൂടി, ലിഖിതമായ ഒരുത്തരവുമൂലം, ഒരു വില്ലേജിനെ സംബന്ധിച്ചോ അതിന്റെ ഏതെങ്കിലും ഭാഗത്തെ സംബന്ധിച്ചോ അതിനുള്ളിലുള്ള ഏതെങ്കിലും ആളിനെ സംബന്ധിച്ചോ വസ്തുവിനെ സംബന്ധിച്ചോ നിർണ്ണയിക്കപ്പെടാവുന്ന തരം വിഭാഗങ്ങളിൽപ്പെടുന്ന ഏതെങ്കിലും സംഗതിയെ സംബന്ധിച്ച വിവരം അദ്ദേഹത്തിന് നൽകാൻ ആ മുനിസിപ്പൽ പ്രദേശത്തെ ബന്ധപ്പെട്ട വില്ലേജ് ആഫീസറോട് ആവശ്യപ്പെടാവുന്നതും അങ്ങനെയുള്ള ഏതൊരു ഉത്തരവും വില്ലേജ് ആഫീസർ പാലിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച ഒരുത്തരവ് പാലിക്കുന്നതിൽ വില്ലേജ് ആഫീസർ വീഴ്ച വരുത്തുന്നപക്ഷം, സെക്രട്ടറിക്ക്, ആ സംഗതിയെ സംബന്ധിച്ച് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകാവുന്നതും, ജില്ലാ കളക്ടർ വില്ലേജ് ആഫീസർക്കെതിരെ ശിക്ഷണ നടപടികൾ ആരംഭിക്കുകയും സെക്രട്ടറി ആവശ്യപ്പെട്ട വിവരങ്ങൾ നൽകുവാൻ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതുമാണ്.".

153. 532-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിലെ 532-ാം വകുപ്പിൽ,—

(1) (3)-ാം ഉപവകുപ്പിൽ "അമ്പത് രൂപായിൽ" എന്ന വാക്കുകൾക്ക് പകരം "അഞ്ഞൂറ് രൂപായിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (5)-ാം ഉപവകുപ്പിൽ "അടച്ചിടാവുന്നതാണ്" എന്ന വാക്കിനു പകരം "അടപ്പിക്കാവുന്നതാണ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

154. 533-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിലെ 533-ാം വകുപ്പിൽ (3)-ാം ഉപവകുപ്പിൽ "അമ്പത് രൂപായിൽ" എന്ന വാക്കുകൾക്കു പകരം "അഞ്ഞൂറ് രൂപായിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

155. 536-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിലെ 536-ാം വകുപ്പിൽ "ആറ് ശതമാനം" എന്ന വാക്കുകൾക്കു പകരം "പന്ത്രണ്ട് ശതമാനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

156. 537-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിലെ 537-ാം വകുപ്പിൽ താഴെപറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

LIBRARY ARCHIVES Kerala Legislative Assembly

''എന്നാൽ, ഈ ആക്റ്റിലെയോ, ചട്ടങ്ങളിലെയോ ബൈലായിലെയോ റെഗുലേഷനിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയും അതുമൂലം നഷ്ടമനുഭവിക്കുകയും ചെയ്യുന്ന യാതൊരാൾക്കും ഈ വകുപ്പിൻകീഴിൽ നഷ്ടപരിഹാരത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.''.

157. 538-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 538-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിൽ, ''അങ്ങനെയുള്ള തുക അമ്പതിനായിരം രൂപയിൽ കൂടുതലാണെങ്കിൽ'' എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

158. 541-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 541-ാം വകുപ്പിൽ,—

(1) ''മൂന്നു മാസത്തിനകം'' എന്ന വാക്കുകൾക്ക് പകരം ''പന്ത്രണ്ടു മാസത്തിനകം'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) ക്ലിപ്ത നിബന്ധനയിൽ ''പന്ത്രണ്ടു മാസങ്ങൾക്കകം'' എന്ന വാക്കുകൾക്ക് പകരം ''പതിനെട്ടു മാസങ്ങൾക്കകം'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

159. 556-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.— പ്രധാന ആക്റ്റിലെ 556-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''556. നോട്ടീസ് നീക്കം ചെയ്യുകയോ മായ്ച്ചുകളയുകയോ ചെയ്യുന്നതിനെതിരായ നിരോധനം.— ഏതൊരാളും, അതിനായുള്ള അധികാരമില്ലാതെ, ഒരു പൊതുസ്ഥലത്തോ ജോലിസ്ഥലത്തോ മറ്റേതെങ്കിലും സ്ഥലത്തോ മുനിസിപ്പാലിറ്റിയുടെ അധികാരത്തിൻമേൽ പ്രദർശിപ്പിച്ചിട്ടുള്ള ഒരു നോട്ടീസ് നീക്കം ചെയ്യുകയോ, നശിപ്പിക്കുകയോ വികൃതമാക്കുകയോ മറ്റുതരത്തിൽ മായ്ച്ചുകളയുകയോ ചെയ്യുവാൻ പാടുള്ളതല്ല.''.

160. 560-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 560-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 4-ാം വകുപ്പനുസരിച്ച് ആദ്യമായി ഒരു മുനിസിപ്പാലിറ്റി രൂപീകരിക്കുമ്പോൾ, സർക്കാർ, മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സന്റെയും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും കൗൺസിലിന്റെയും അധികാരങ്ങൾ വിനിയോഗിക്കുവാനും, കർത്തവ്യങ്ങൾ നിറവേററുവാനും ചുമതലകൾ നിർവ്വഹിക്കുവാനുമായി സെക്രട്ടറിക്കു പുറമെ ഒരു സ്പെഷ്യൽ ആഫീസറെയോ സർക്കാർ ഉദ്യോഗസ്ഥരായ മൂന്നിൽ കുറയാത്ത അംഗങ്ങളുള്ള ഒരു ഭരണ നിർവ്വഹണ കമ്മിററിയേയോ നിയമിക്കേണ്ടതാണ്.'';

LIBRARY ARCHIVES Kerala Legislative Assembly

(2) (3)—ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) (1)—ാം ഉപവകുപ്പ് പ്രകാരം ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുള്ള സംഗതിയിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെയും മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സന്റെയും ഡെപ്യൂട്ടി ചെയർപേഴ്സന്റെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും സ്പെഷ്യൽ ആഫീസർ വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടതും, ഭരണനിർവ്വഹണ കമ്മിറ്റിയെ നിയമിച്ചിട്ടുള്ളിടത്ത്, മുനിസിപ്പാലിറ്റിയുടെ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും അപ്രകാരമുള്ള കമ്മിറ്റി വിനിയോഗിക്കേണ്ടതും നിർവ്വഹിക്കേണ്ടതും ചെയർപേഴ്സന്റെയും ഡെപ്യൂട്ടി ചെയർപേഴ്സന്റെയും ചുമതലകളും കർത്തവ്യങ്ങളും (1)—ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ സർക്കാർ അധികാരപ്പെടുത്തിയ കമ്മിറ്റിയിലെ അംഗം വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടതുമാണ്:

എന്നാൽ, അപ്രകാരം നിയമിച്ച സ്പെഷ്യൽ ആഫീസറോ ഭരണ നിർവ്വഹണ കമ്മിറ്റിയോ സർക്കാർ നല്കുന്ന പൊതുവായതോ പ്രത്യേകമായതോ ആയ നിർദ്ദേശത്തിനു വിധേയമായി അധികാരം വിനിയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.".

161. 561—ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 561—ാം വകുപ്പിൽ (1)—ാം ഉപവകുപ്പിൽ (ബി) ഖണ്ഡത്തിനു പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബി) അത് അന്വേഷണത്തിനും റിപ്പോർട്ടിനുമായി 1994—ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ (1994—ലെ 13) 271 എസ് വകുപ്പ് പ്രകാരം രൂപീകരിച്ച ട്രൈബ്യൂണലിനോ 37—ാം വകുപ്പുപ്രകാരം ഈ ആവശ്യത്തിനായി രൂപീകരിച്ച ജോയിന്റ് കമ്മിറ്റിക്കോ റഫർ ചെയ്യുകയോ;".

162. 563—ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 563—ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"563എ. പൗരൻമാർക്കുള്ള അവകാശങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്ന്.—(1) ഓരോ മുനിസിപ്പാലിറ്റിയും, നിർണ്ണയിക്കപ്പെട്ട രീതിയിൽ, പൗരൻമാർക്ക് മുനിസിപ്പാലിറ്റി ലഭ്യമാക്കുന്ന വിവിധതരം സേവനങ്ങളേയും അവയുടെ വ്യവസ്ഥകളേയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കി "പൗരാവകാശ രേഖ" എന്ന പേരിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(2) "പൗരാവകാശ രേഖ" കാലാകാലങ്ങളിൽ അതായത് വർഷത്തിലൊരിക്കലെങ്കിലും, പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്.".

LIBRARY ARCHIVES Kerala Legislative Assembly

163. 565–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിലെ 565–ാം വകുപ്പിൽ,—

(1) (2)–ാം ഉപവകുപ്പിൽ,—

(എ) (ഡി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഡി) മുനിസിപ്പൽ ഫണ്ടിൽനിന്നും നൽകുന്ന ധനസഹായങ്ങളെപ്പററിയും;";

(ബി) (എച്ച്) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എച്ച്) ഈ ആക്ററിന്റെ ആവശ്യങ്ങൾക്കായി സർക്കാർ ഉദ്യോഗസ്ഥന്മാരുടെയോ, മററ് ഉദ്യോഗസ്ഥന്മാരുടെയോ, വിദഗ്ദ്ധരുടെയോ ഉപദേശം മുനിസിപ്പാലിററി തേടേണ്ടവിധവും;";

(സി) (ക്യൂ) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(ഡി) (ആർ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(എസ്) മുനിസിപ്പൽ പ്രദേശത്തിനായി വികസന പദ്ധതികൾ തയ്യാറാക്കലും അവ അംഗീകരിച്ച് നടപ്പാക്കലും;

(ററി) വാർഡ് കമ്മിററികളുടെയും വാർഡ് സഭകളുടെയും പ്രവർത്തനങ്ങൾ;

(യു) മുനിസിപ്പൽ ഭരണത്തെയും ചുമതലകളെയും സംബന്ധിച്ച് അറിയുവാനുള്ള ആളുകളുടെ അവകാശം.";

(2) (4)–ാം ഉപവകുപ്പിൽ "നൂറു രൂപയോളം" എന്ന വാക്കിനു പകരം "അഞ്ഞൂറു രൂപയോളം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

164. 573–ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ററിലെ 573–ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"573. ബൈലാകളോ റെഗുലേഷനുകളോ റദ്ദാക്കൽ.—സർക്കാരിന്, ഏതൊരു ബൈലായും റെഗുലേഷനും, അതിനായുള്ള ഉത്തരവിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ, റദ്ദാക്കാവുന്നതും അതിനുശേഷം അപ്രകാരമുള്ള ബൈലായോ റെഗുലേഷനോ പ്രാബല്യമില്ലാത്തതുമാകുന്നു:

എന്നാൽ, ഈ വകുപ്പ് പ്രകാരം ഏതെങ്കിലും ബൈലായോ റഗുലേഷനോ റദ്ദാക്കുന്നതിനുമുമ്പ്, ബന്ധപ്പെട്ട കൗൺസിലിന് റദ്ദാക്കലിനെപ്പററിയുള്ള അതിന്റെ അഭിപ്രായം പ്രകടിപ്പിക്കുവാൻ അവസരം നൽകേണ്ടതാണ്.".

165. 575–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിലെ 575–ാം വകുപ്പിൽ (2)–ാം ഉപവകുപ്പിൽ (xii)–ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്.

166. ഒന്നാം പട്ടികയ്ക്ക് പകരം പുതിയ പട്ടിക ചേർക്കൽ.—പ്രധാന ആക്ററിലെ ഒന്നാം പട്ടികയ്ക്ക് പകരം താഴെപ്പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത്:—

LIBRARY ARCHIVES Kerala Legislative Assembly

"ഒന്നാം പട്ടിക

[30 (1)-ാം വകുപ്പ് കാണുക]

## മുനിസിപ്പാലിററിയുടെ ചുമതലകൾ

### (എ) അനിവാര്യ ചുമതലകൾ

1. കെട്ടിട നിർമ്മാണം നിയന്ത്രിക്കുക.
2. പൊതുസ്ഥലങ്ങൾ കൈയേററം ചെയ്യപ്പെടാതെ സംരക്ഷിക്കുക.
3. പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക.
4. കുളങ്ങളും മററ് ജലസംഭരണികളും സംരക്ഷിക്കുക.
5. മുനിസിപ്പാലിററിയുടെ അധീനതയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക.
6. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയൊഴിയുകയും ചെയ്യുക, ദ്രവമാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക.
7. പേമാരി മൂലമുണ്ടാകുന്ന വെള്ളം ഒഴുക്കിക്കളയുക.
8. പരിസ്ഥിതി ആരോഗ്യരക്ഷകമായി സംരക്ഷിക്കുക.
9. പൊതുമാർക്കററുകൾ പരിപാലിക്കുക.
10. സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക.
11. മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം, എളുപ്പത്തിൽ കേടുവരുന്ന മററു ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വില്പന എന്നിവ നിയന്ത്രിക്കുക.
12. ഭക്ഷണശാലകളെ നിയന്ത്രിക്കുക.
13. ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക.
14. റോഡുകളും മററു പൊതുമുതലുകളും പരിപാലിക്കുക.
15. തെരുവ് വിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക.
16. രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക.
17. രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പിലാക്കുക.
18. ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
19. അപകടകരവും അസഹനീയവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകുക.
20. ജനനവും മരണവും രജിസ്ററർ ചെയ്യുക.
21. കുളിക്കടവുകളും, അലക്കുകടവുകളും സ്ഥാപിക്കുക.
22. കടത്തുകൾ ഏർപ്പെടുത്തുക.
23. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക.

LIBRARY ARCHIVES Kerala Legislative Assembly

24. യാത്രക്കാർക്കായി വെയിററിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക.
25. പൊതുസ്ഥലങ്ങളിൽ മൂത്രപ്പുരകളും കക്കൂസുകളും കുളിസ്ഥലങ്ങളും ഏർപ്പെടുത്തുക.
26. മേളകളുടെയും ഉത്സവങ്ങളുടെയും നടത്തിപ്പ് ക്രമീകരിക്കുക.
27. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞുനടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും ചെയ്യുക.
28. ചേരിപ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
29. നടപ്പാതയും റോഡ് മുറിച്ചുകടക്കുന്നതിനുള്ള സൗകര്യവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ കാൽനട യാത്രക്കാർക്കുവേണ്ടി ഏർപ്പെടുത്തുക.
30. ഘട്ടംഘട്ടമായി നടപ്പാക്കുന്നതിനായി വിശദമായ നഗരാസൂത്രണവും പ്രവർത്തന പദ്ധതിയും തയ്യാറാക്കുക.

## (ബി) പൊതുവായ ചുമതലകൾ

1. അവശ്യ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും കാലാനുസൃതമാക്കുകയും ചെയ്യുക.
2. സ്വാശ്രയ പ്രവർത്തകരെ സംഘടിപ്പിക്കുകയും കൂട്ടായ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാക്കുകയും ചെയ്യുക.
3. മിതവ്യയം ശീലിപ്പിക്കുന്നതിന് പ്രചരണപരിപാടികൾ സംഘടിപ്പിക്കുക.
4. മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, സ്ത്രീധനം, സ്ത്രീകളെയും കുട്ടികളെയും പീഡിപ്പിക്കുക തുടങ്ങിയ സാമൂഹ്യതിൻമകൾക്കെതിരെ ബോധവൽക്കരണം നടത്തുക.
5. വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക.
6. പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
7. പരിസ്ഥിതി സംബന്ധിച്ച ബോധവൽക്കരണം നടത്തുകയും അതിന്റെ ഉന്നമനത്തിനായി പ്രാദേശിക പ്രവർത്തന പരിപാടികൾക്ക് പ്രേരണ നല്കുകയും ചെയ്യുക.
8. സഹകരണ മേഖല വികസിപ്പിക്കുക.
9. സാമുദായിക ഐക്യം മെച്ചപ്പെടുത്തുക.
10. വികസനാവശ്യങ്ങൾക്ക് ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്നതുൾപ്പെടെ പണമായോ വസ്തുക്കളായോ പ്രാദേശികമായി വിഭവസമാഹരണം നടത്തുക.
11. ദുർബലവിഭാഗങ്ങൾക്കിടയിൽ നിയമബോധവല്കരണം പ്രചരിപ്പിക്കുക.
12. സാമ്പത്തിക കുററങ്ങൾക്കെതിരെ പ്രചരണം നടത്തുക.
13. പാവപ്പെട്ടവരെ കേന്ദ്രീകരിച്ച് അയൽക്കൂട്ടങ്ങളും സ്വാശ്രയ സംഘങ്ങളും രൂപീകരിക്കുക.
14. പൗരധർമ്മത്തെപ്പററി ബോധവൽക്കരണം നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

## (സി) മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

### I. കൃഷി

1. തരിശുഭൂമികളിലും പ്രാന്തപ്രദേശങ്ങളിലും കൃഷി ചെയ്യിക്കുക.
2. ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുക.
3. മണ്ണുസംരക്ഷണം നടത്തുക.
4. ജൈവവളം ഉത്പാദിപ്പിക്കുക.
5. തവാരണങ്ങൾ സ്ഥാപിക്കുക.
6. സഹകരണ—കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക.
7. കൃഷിക്കാർക്കിടയിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുക.
8. ഉദ്യാനകൃഷിയും പച്ചക്കറികൃഷിയും പ്രോത്സാഹിപ്പിക്കുക.
9. കാലിത്തീററവിള വികസനം നടപ്പാക്കുക.
10. സസ്യസംരക്ഷണം പ്രോത്സാഹിപ്പിക്കുക.
11. വിത്തുത്പാദനം വികസിപ്പിക്കുക.
12. കൃഷിയിടങ്ങളുടെ യന്ത്രവൽക്കരണം നടപ്പാക്കുക.
13. കൃഷിവേനുകൾ നടത്തുക.
14. കാർഷികപ്രദർശനങ്ങൾ സംഘടിപ്പിക്കുക.

### II. മൃഗസംരക്ഷണവും ക്ഷീരോല്പാദനവും

1. കന്നുകാലി വികസനപരിപാടികൾ നടപ്പാക്കുക.
2. ക്ഷീരോല്പാദനം വർദ്ധിപ്പിക്കുക.
3. കോഴി, തേനീച്ച, പന്നി, ആട്, മുയൽ ഇവ വളർത്തുക.
4. മൃഗാശുപത്രികൾ നടത്തുക.
5. ഐ. സി. ഡി. പി. ഉപകേന്ദ്രങ്ങൾ നടത്തുക.
6. മൃഗങ്ങൾക്കുള്ള പ്രതിരോധ ആരോഗ്യ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക.
7. മൃഗങ്ങളോടുള്ള ക്രൂരത തടയുക.
8. പ്രത്യുല്പാദനക്ഷമതാ വികസന പരിപാടികൾ നടപ്പാക്കുക.
9. മൃഗജന്യമായ രോഗങ്ങൾ നിയന്ത്രിക്കുക
10. മൃഗപോളിക്ലിനിക്കുകളും മേഖലാ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും നടത്തുക.
11. മൃഗസംരക്ഷണത്തിൽ പ്രത്യേക സേവനങ്ങൾ നല്കുക.
12. കന്നുകാലി—കോഴി പ്രദർശനങ്ങൾ നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

## III. ചെറുകിട ജലസേചനം

1. മുനിസിപ്പാലിററി പ്രദേശത്തിനകത്തു വരുന്ന എല്ലാ ചെറുകിട ജലസേചനവും ലിഫ്ററും പദ്ധതികൾ നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക.
2. എല്ലാ സൂക്ഷ്മ ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക.
3. ജലസംരക്ഷണം പ്രാവർത്തികമാക്കുക.
4. ഭൂമിക്കടിയിലെ ജലസ്രോതസ്സുകളുടെ വികസനം നടപ്പാക്കുക.

## IV. മൽസ്യബന്ധനം

1. കുളത്തിലെയും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മൽസ്യം വളർത്തലും സമുദ്രവിഭവ വികസനവും നടപ്പാക്കുക.
2. മൽസ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവും വികസിപ്പിക്കുക.
3. മീൻപിടുത്തത്തിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക.
4. മൽസ്യവിപണനത്തിനുള്ള സഹായം നല്കുക.
5. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സേവനങ്ങൾ നൽകുക.
6. മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പാക്കുക.
7. പരമ്പരാഗത കടവുകൾ വികസിപ്പിക്കുക.
8. ഫിഷറീസ് സ്കൂളുകളുടെ ഭരണനിയന്ത്രണം നടത്തുക.

## V. സാമൂഹ്യ വനവല്ക്കരണം

1. കാലിത്തീററയ്ക്കോ വിറകിനോ വേണ്ടിയുള്ള വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും ഉല്പാദിപ്പിക്കുക.
2. വൃക്ഷം നട്ടുപിടിപ്പിക്കുന്നതിനും പരിസ്ഥിതി ബോധവല്ക്കരണം നടത്തുന്നതിനുമായി പ്രചരണങ്ങൾ സംഘടിപ്പിക്കുക.
3. പാഴ്ഭൂമി വനവല്ക്കരിക്കുക.

## VI. ചെറുകിട വ്യവസായങ്ങൾ

1. കുടിൽ—ഗ്രാമീണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
2. കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക.
3. പരമ്പരാഗതവും ചെറുതുമായ വ്യവസായങ്ങൾ വികസിപ്പിക്കുക.
4. മിനി ഇൻഡസ്ട്രിയൽ എസ്റേററുകൾ സ്ഥാപിക്കുക.
5. എസ്. എസ്. ഐ. പരിധിയുടെ മൂന്നിലൊന്ന് നിക്ഷേപം വരുന്ന വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.



LIBRARY ARCHIVES Kerala Legislative Assembly

6. വ്യവസായമേഖലയിൽ സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പാക്കുകയും ചെയ്യുക.
7. ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
8. വ്യവസായ സംരംഭ വികസന പരിപാടികൾ നടപ്പാക്കുക.

## VII. ഭവന നിർമ്മാണം

1. ഭവനരഹിതരെയും പുറമ്പോക്ക് നിവാസികളെയും കണ്ടെത്തി ഭവന നിർമ്മാണത്തിനായി ഭൂമിയും ഭവനങ്ങളും നല്കുക.
2. ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കുക.
3. അഭയകേന്ദ്രങ്ങളുടെ ഉദ്ധാരണ പരിപാടികൾ നടപ്പാക്കുക.
4. ചെലവുകുറഞ്ഞ ഭവനനിർമ്മാണം പ്രചരിപ്പിക്കുക.
5. ഭവനനിർമ്മാണ സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം നല്കുക.
6. കെട്ടിട സമുച്ചയവും അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും നടപ്പാക്കുക.
7. ഭവന നിർമ്മാണത്തിനാവശ്യമായ ധനം സ്വരൂപിക്കുക.

## VIII. ജലവിതരണം

1. അതത് മുനിസിപ്പൽ അതിർത്തിക്കുള്ളിലുള്ള ജലവിതരണ പദ്ധതികൾ പരിപാലിക്കുക.
2. അതത് മുനിസിപ്പാലിററിക്കുള്ളിൽ ജലവിതരണ പദ്ധതികൾ സംവിധാനപ്പെടുത്തുക.

## IX. വിദ്യുച്ഛക്തിയും ഊർജ്ജവും

1. നിരത്തുവിളക്കുകൾ സ്ഥാപിക്കുക.
2. ജൈവവാതകത്തിന്റെ ഉപഭോഗം പ്രോത്സാഹിപ്പിക്കുക.
3. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ അഭിവൃദ്ധിപ്പെടുത്തുക.

## X. വിദ്യാഭ്യാസം

1. സർക്കാർ പ്രീ–പ്രൈമറി സ്ക്കൂളുകളും പ്രൈമറി സ്ക്കൂളുകളും ഹൈസ്ക്കൂളുകളും നടത്തുക.
2. സാക്ഷരതാ പരിപാടികൾ നടപ്പാക്കുക.
3. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ വ്യവസായ പരിശീലന കേന്ദ്രങ്ങൾ നടത്തുക.
4. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ ഹയർ സെക്കൻററി സ്ക്കൂളുകൾ നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

5. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ ടെക്നിക്കൽ സ്കൂളുകൾ നടത്തുക.
6. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളും പോളിടെക്നിക്കുകളും നടത്തുക.
7. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കൻററി സ്കൂളുകൾ നടത്തുക.

XI. പൊതുമരാമത്ത്

1. മുനിസിപ്പാലിററിക്കുള്ളിലെ, ദേശീയ പാതയും സംസ്ഥാന പാതയും മേജർ ജില്ലാ റോഡുകളും ഒഴികെയുള്ള റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക.
2. സർക്കാരിൽനിന്നും കൈമാററം ചെയ്തുകിട്ടിയതുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള കെട്ടിട നിർമ്മാണം നടത്തുക.

XII. പൊതുജനാരോഗ്യവും ശുചീകരണവും

1. ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും (എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്നവ) നടത്തുക.
2. ശിശുക്ഷേമ കേന്ദ്രങ്ങളും മാതൃസംരക്ഷണ ഭവനങ്ങളും നടത്തുക.
3. രോഗവിമുക്തിയും മററു പ്രതിരോധ നടപടികളും നടത്തുക.
4. കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുക.
5. ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുക.
6. മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലുംപെടുന്ന സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക.

XIII. സാമൂഹ്യക്ഷേമം

1. അംഗൻവാടികൾ നടത്തുക.
2. അഗതികൾക്കും വിധവകൾക്കും വികലാംഗർക്കും കർഷകത്തൊഴിലാളികൾക്കും പെൻഷൻ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.
3. തൊഴിലില്ലായ്മാവേതനം അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.
4. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുക.
5. ദരിദ്ര വിഭാഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക.
6. അനാഥാലയങ്ങൾക്ക് ഗ്രാൻറുകൾ നല്കുക.
7. അംഗഹീനർ, അഗതികൾ മുതലായവർക്ക് ക്ഷേമത്തിനായി സ്ഥാപനങ്ങൾ തുടങ്ങുക.

LIBRARY ARCHIVES Kerala Legislative Assembly

## XIV. ദാരിദ്ര്യ നിർമ്മാർജ്ജനം

1. ദരിദ്രരെ കണ്ടെത്തുക.

2. പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക്, സ്വയം തൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെൻറും പദ്ധതികൾ നടപ്പാക്കുക.

3. പാവപ്പെട്ടവർക്ക് തുടർച്ചയായി മെച്ചം കിട്ടുന്നതിനായുള്ള സാമൂഹ്യ ആസ്തികൾ ഉണ്ടാക്കുക.

4. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സ്വയം തൊഴിലും വേതനത്തോടുകൂടിയ തൊഴിലും ചെയ്യുന്നതിനായി കഴിവുകൾ വികസിപ്പിക്കുക.

5. സ്വയംതൊഴിൽ പദ്ധതികൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകുക.

## XV. പട്ടികജാതി—പട്ടികവർഗ്ഗ വികസനം

1. പ്രത്യേക ഘടക പദ്ധതിയുടെയും (എസ്.സി.പി.) ഗോത്രവർഗ്ഗ ഉപ പദ്ധതിയുടെയും (ററി.എസ്.പി.) കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക.

2. പട്ടികജാതി—പട്ടികവർഗ്ഗങ്ങൾക്കുവേണ്ടി നഴ്സറി സ്കൂളുകൾ നടത്തുക.

3. പട്ടികജാതി—പട്ടികവർഗ്ഗ വാസകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

4. പട്ടികജാതി—പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക.

5. സഹായം അർഹിക്കുന്ന പട്ടികജാതികൾക്കും പട്ടികവർഗ്ഗങ്ങൾക്കും വിവേചനാപൂർവ്വം സഹായം നൽകുക.

6. മുനിസിപ്പൽ പ്രദേശത്ത് പ്രീ—മെട്രിക് ഹോസ്ററലുകൾ നടത്തുക.

7. പട്ടികജാതി—പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ അഭിവൃദ്ധിപ്പെടുത്തുക.

8. മുനിസിപ്പൽ പ്രദേശത്ത് പോസ്ററ്മെട്രിക് ഹോസ്ററലുകൾ നടത്തുക.

9. മുനിസിപ്പൽ പ്രദേശത്ത് പട്ടികജാതി—പട്ടികവർഗ്ഗക്കാർക്കായുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ നടത്തുക.

## XVI. കായിക വിനോദവും സാംസ്കാരിക കാര്യങ്ങളും

കളിസ്ഥലങ്ങളും സ്റേറഡിയങ്ങളും നിർമ്മിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

XVII. **പൊതുവിതരണ സമ്പ്രദായം**

1. പൊതുവിതരണ സമ്പ്രദായത്തിനെതിരെയുള്ള പരാതികൾ പരിശോധിക്കുകയും നിവാരണ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുകയും ചെയ്യുക.

2. അളവുതൂക്കങ്ങൾ സംബന്ധിച്ച കുറ്റങ്ങൾക്കെതിരെ പ്രചരണം സംഘടിപ്പിക്കുക.

3. റേഷൻകടകളുടെയും മാവേലി സ്റ്റോറുകളുടെയും നീതി സ്റ്റോറുകളുടേയും മറ്റു പൊതുവിതരണ സമ്പ്രദായങ്ങളുടെയും പൊതുവായ മേൽനോട്ടം വഹിക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ആവശ്യമെങ്കിൽ പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

XVIII. **പ്രകൃതിക്ഷോഭ ദുരിതാശ്വാസം**

1. ദുരിതാശ്വാസ കേന്ദ്രങ്ങൾ പരിപാലിക്കുക.

2. ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

XIX. **സഹകരണം**

1. മുനിസിപ്പൽ അതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക.

2. സർക്കാർ ഗ്രാന്റുകളും സബ്സിഡികളും വിതരണം ചെയ്യുക.".

167. **രണ്ടാം പട്ടികയ്ക്കുള്ള ഭേദഗതി.**—പ്രധാന ആക്ടിലെ രണ്ടാം പട്ടികയിൽ "യഥാർത്ഥമായ വിശ്വാസവും കൂറും പുലർത്തുമെന്നും" എന്ന വാക്കുകൾക്കുപകരം "യഥാർത്ഥമായ വിശ്വാസവും കൂറും പുലർത്തുമെന്നും ഇൻഡ്യയുടെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

168. **മൂന്നാം പട്ടികയ്ക്കുള്ള ഭേദഗതി.**—പ്രധാന ആക്ടിലെ മൂന്നാം പട്ടികയിൽ "യഥാർത്ഥമായ വിശ്വാസവും കൂറും പുലർത്തുമെന്നും" എന്ന വാക്കുകൾക്കുപകരം "യഥാർത്ഥമായ വിശ്വാസവും കൂറും പുലർത്തുമെന്നും ഇൻഡ്യയുടെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

169. **നാലാം പട്ടികയ്ക്കുപകരം പുതിയ പട്ടിക ചേർക്കൽ.**—പ്രധാന ആക്ടിലെ നാലാം പട്ടികയ്ക്ക് പകരം താഴെപ്പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത്:—

LIBRARY ARCHIVES Kerala Legislative Assembly

''നാലാം പട്ടിക

[275 (2)-ാം വകുപ്പും 511-ാം വകുപ്പും കാണുക]

സാധാരണ ശിക്ഷകൾ

| വകുപ്പ് | ഉപ വകുപ്പ് | വിഷയം | ചുമത്താവുന്ന പിഴ |
|---|---|---|---|
| (1) | (2) | (3) | (4) |
| 39 | (1) | അവകാശബന്ധമുള്ള കൗൺസിലർ വോട്ട് ചെയ്യുകയോ ചർച്ചയിൽ പങ്കെടുക്കുകയോ ചെയ്യുന്നതിന് | അയ്യായിരം രൂപ |
| 156 | (2) | തെരഞ്ഞെടുപ്പാവശ്യത്തിനായി ഉദ്യോഗസ്ഥൻമാരുടെയും സ്റ്റാഫിന്റെയും ലിസ്റ്റ് നൽകുന്നതിൽ വീഴ്ച വരുത്തുന്നതിന് | അയ്യായിരം രൂപ |
| 157 | (1) | തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഔദ്യോഗിക കർത്തവ്യം ലംഘിക്കുന്നതിന് | അയ്യായിരം രൂപ |
| 158 | (4) | തെരഞ്ഞെടുപ്പാവശ്യത്തിന് പരിസരങ്ങളും വാഹനങ്ങളും ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്നതിന് | അയ്യായിരം രൂപ |
| 240 | (1) | അവകാശം കൈമാററം ചെയ്യുന്നതിനെ കുറിച്ച് നോട്ടീസ് കൊടുക്കുന്നതിനോ രേഖകൾ ഹാജരാക്കുന്നതിനോ വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |
| 241 | (1) | കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ ചെയ്യുന്നത് പൂർത്തിയാക്കിയതിനു ശേഷം സെക്രട്ടറിക്ക് നോട്ടീസയയ്ക്കാൻ വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |
| 244 | (1) | ഉടമസ്ഥനോ കൈവശക്കാരനോ വാടക മുതലായവയെ സംബന്ധിച്ച റിട്ടേൺ സമർപ്പിക്കാൻ വീഴ്ച വരുത്തുന്നതിന് | ആയിരം രൂപ |
| 249 | | തൊഴിൽ, കല മുതലായവ ചെയ്യുന്ന ആളുകളുടെ ലിസ്റ്റ് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടതനുസരിക്കാൻ ഉടമസ്ഥനോ കൈവശക്കാരനോ വീഴ്ച വരുത്തുന്നതിന് | അയ്യായിരം രൂപ |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 250 | | തൊഴിലുടമയോ അല്ലെങ്കിൽ ഒരു ഓഫീസിൻെറയോ ഫേമിൻെറയോ കമ്പനിയുടെയോ മേധാവിയോ അദ്ദേഹത്തിൻെറ ജോലിക്കാരായ ആളുകളുടെ ലിസ്ററ് നൽകാൻ ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | അയ്യായിരം രൂപ |
| 252 | | തൊഴിലുടമ മുതലായവർ തൊഴിൽ നികുതി വസൂലാക്കാൻ വീഴ്ച വരുത്തുന്നതിന് | അയ്യായിരം രൂപ |
| 253 | (2) | തൊഴിലാളികളുടെയും മററും ലിസ്ററ് സമർപ്പിക്കുന്നതിന് വീഴ്ച വരുത്തുന്നതിന് | അയ്യായിരം രൂപ |
| 256 | | ശമ്പളം, സ്വയം എഴുതി വാങ്ങുന്ന ഉദ്യോഗസ്ഥൻമാർ തൊഴിൽ നികുതി കൊടുക്കാൻ വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |
| 264 | (2) | നികുതി ചുമത്തേണ്ടതായ യാനപാത്രങ്ങളെയും മൃഗങ്ങളെയും സംബന്ധിച്ച് സ്റേററമെൻറ് നൽകാൻ ആവശ്യപ്പെട്ടത് അനുസരിക്കുന്നതിൽ വീഴ്ച വരുത്തുകയോ അല്ലെങ്കിൽ തെററായ സ്റേററമെൻറ് നൽകുകയോ ചെയ്യുന്നതിന് | ഇരുനൂററി അമ്പത് രൂപ |
| 275 | (2) | അനുവാദം കൂടാതെ ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് | അയ്യായിരം രൂപ |
| 318 | | അനുവാദം കൂടാതെ മെയിനുകളുമായി കണക്ററ് ചെയ്യുന്നതിന് | അയ്യായിരം രൂപ |
| 322 | | കക്കൂസ് ഏർപ്പെടുത്താനോ, കക്കൂസ് വേറൊരു സ്ഥലത്തേക്ക് മാററുവാനോ ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിനും കക്കൂസ് വൃത്തിയായും ശരിയായ രീതിയിലും സൂക്ഷിക്കാൻ വീഴ്ച വരുത്തുന്നതിനും | അഞ്ഞൂറ് രൂപ |
| 323 | | ധാരാളം ആളുകൾ ഉപയോഗിക്കുന്ന പരിസരങ്ങളിൽ കക്കൂസുകൾ ഏർപ്പെടുത്തുന്നതിനോ അവ വൃത്തിയായും ശരിയായ രീതിയിലും സൂക്ഷിക്കുന്നതിനോ വീഴ്ച വരുത്തുന്നതിന് | രണ്ടായിരത്തി അഞ്ഞൂറ് രൂപ |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 324 | | മാർക്കററിനോ കന്നുകാലിത്തൊഴുത്തിനോ വണ്ടിത്താവളത്തിനോ കക്കൂസ് ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടതനുസരിക്കാനോ അവ വൃത്തിയായും ശരിയായ രീതിയിലും സൂക്ഷിക്കുന്നതിന് വീഴ്ച വരുത്തുന്നതിന് | രണ്ടായിരത്ത് അഞ്ഞൂറ് രൂപ |
| 325 | | കക്കൂസുകൾ ഉപയോഗിക്കുന്നവരെ കാഴ്ചയിൽ നിന്നും മറയ്ക്കത്തക്കവിധം അവ നിർമ്മിക്കുന്നതിന് വീഴ്ച വരുത്തുന്നതിന് | ഇരുന്നൂററി അമ്പത് രൂപ |
| 335 | | മൃഗ ശവങ്ങളും ചവറുകളും മാലിന്യങ്ങളും അനുചിതമായ രീതിയിൽ കൈയൊഴിക്കുന്നതിന് | അഞ്ഞൂറ് രൂപ |
| 336 | | പരിസരങ്ങളിൽ ചവറ്, മാലിന്യം മുതലായവ ഇരുപത്തിനാല് മണിക്കൂറിലധികം സമയം കൂടിക്കിടക്കുവാൻ അനുവദിക്കുന്നതിന് | ആയിരം രൂപ |
| 337 | | തെരുവുകളിൽ കൂടി മാലിന്യം ഒഴുകി പോകാൻ അനുവദിക്കുന്നതിന് | രണ്ടായിരത്തി അഞ്ഞൂറ് രൂപ |
| 338 | | തോല്, മൃഗശവങ്ങൾ മുതലായവ നിയമം ലംഘിച്ച് കൈയൊഴിക്കുന്നതിന് | അയ്യായിരം രൂപ |
| 339 | | മാലിന്യം മുതലായവ നീക്കം ചെയ്യാൻ മൂടിയില്ലാത്ത വണ്ടി ഉപയോഗിക്കുന്നതിന് | ഇരുന്നൂററി അമ്പത് രൂപ |
| 340 | | ചവറോ മാലിന്യമോ കെട്ടിട അവശിഷ്ടമോ പൊതുസ്ഥലത്ത് എറിയുന്നതിന് | രണ്ടായിരം രൂപ |
| 341 | | പൊതു തെരുവുകൾ മുതലായവയിൽ ശല്യം ചെയ്യുന്നതിന് | അഞ്ഞൂറ് രൂപ |
| 351 | | ക്രമമായ തെരുവതിർത്തി രേഖയുടെ ഉള്ളിൽ കെട്ടിടം പണിയുന്നതിന് | ഇരുപത്തി അയ്യായിരം രൂപ |
| 352 | (1) | കെട്ടിടങ്ങൾ പുറകോട്ട് തള്ളി പണിയണമെന്നുള്ള ഉത്തരവുകൾ അനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | ഇരുപതിനായിരം രൂപ |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 357 | | പൊതുതെരുവിലെ നടവഴികളോ, വേലികളോ തൂണുകളോ മററ് സാധനങ്ങളോ നിയമവിരുദ്ധമായി മാററി വയ്ക്കുക മുതലായവ ചെയ്യുന്നതിന് | അയ്യായിരം രൂപ |
| 359 | | കയ്യൊഴിക്കുന്നതിന് മുമ്പ് കെട്ടിട സ്ഥലങ്ങളിൽ നിരത്തുകൾ മുതലായവ ഏർപ്പെടുത്തുവാൻ വീഴ്ച വരുത്തുന്നതിന് | രണ്ടായിരം രൂപ |
| 360 | (5) | നിയമവിരുദ്ധമായി പുതിയ സ്വകാര്യ തെരുവ് നിർമ്മിക്കുകയോ സ്ഥാപിക്കുകയോ ചെയ്യുന്നതിന് | അയ്യായിരം രൂപ |
| 362 | | സ്വകാര്യതെരുവിന് ചരലിടുക മുതലായവ ചെയ്യണമെന്ന് ആവശ്യപ്പെട്ടതനുസരിക്കുവാൻ വീഴ്ച വരുത്തുന്നതിന് | ആയിരം രൂപ |
| 364 | | പൊതുതെരുവിൽ ചുമരുകെട്ടുക, വേലി കെട്ടുക, മുതലായവ ചെയ്യുന്നതിന് | പതിനായിരം രൂപ |
| 365 | | തെരുവ് ഉപയോഗിക്കുന്നതിൽ നിന്നും ഒരാളെ തടയുന്നതിന് | ആയിരം രൂപ |
| 366 | | വാതിലുകൾ, ഒന്നാം നിലയിലെ ജനലുകൾ മുതലായവ ലൈസൻസ് കൂടാതെയോ നോട്ടീസിന് വിരുദ്ധമായോ വെളിയിലോട്ട് തുറന്ന് വയ്ക്കുന്നതിന് അനുവദിക്കുന്നതിന് | അഞ്ഞൂറ് രൂപ |
| 367 | | സ്ഥിരം കയ്യേററം നീക്കം ചെയ്യാൻ വീഴ്ച വരുത്തുന്നതിന് | പതിനായിരം രൂപ |
| 368 | | താൽക്കാലിക കയ്യേററം നീക്കം ചെയ്യാൻ വഴ്ച വരുത്തുന്നതിന് | രണ്ടായിരത്തി അഞ്ഞൂറ് രൂപ |
| 369 | | പൊതുതെരുവിൽ തടസ്സം ഉണ്ടാക്കുന്നതിന് | പതിനായിരം രൂപ |
| 370 | | പൊതുതെരുവിൽ സാധനങ്ങൾ അനധികൃതമായി നിക്ഷേപിക്കുക മുതലായവ ചെയ്യുന്നതിന് | ആയിരം രൂപ |
| 374 | | താങ്ങുതടികൾ, അഴികൾ മുതലായവ നിയമവിരുദ്ധമായി നീക്കം ചെയ്യുകയോ അല്ലെങ്കിൽ വിളക്കു നീക്കം ചെയ്യുകയോ കെടുത്തുകയോ ചെയ്യുന്നതിന് | ആയിരം രൂപ |



LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 375 | (1) | നിയമവിരുദ്ധമായി തെരുവിൽ കുഴി എടുക്കുകയോ തടസ്സങ്ങൾ വയ്ക്കുകയോ ചെയ്യുന്നതിന് | ആയിരം രൂപ |
| 377 | | തെരുവിനോ നടപ്പാതയ്ക്കോ തടസ്സം ഉണ്ടാക്കാനിടയുള്ളവിധം ലൈസൻസ് കൂടാതെ കെട്ടിടം പണിയുകയോ അങ്ങനെയുള്ള കെട്ടിടം അററകുററപ്പണി നടത്തുമ്പോൾ വേലികെട്ടി മറയ്ക്കുവാൻ വീഴ്ച വരുത്തുകയോ അല്ലെങ്കിൽ തടസ്സം നീക്കം ചെയ്യാൻ വീഴ്ച വരുത്തുകയോ ചെയ്യുന്നതിന് | ഇരുപതിനായിരം രൂപ |
| 378 | | വൃക്ഷങ്ങൾ വീഴുന്നത് മുതലായ തെരുവിലുണ്ടാകുന്ന തടസ്സം 12 മണിക്കൂറിനുള്ളിൽ നീക്കം ചെയ്യാൻ വീഴ്ച വരുത്തുന്നതിന് | ആയിരം രൂപ |
| 379 | (3) | തെരുവിന്റെ പേര് നിയമവിരുദ്ധമായി നശിപ്പിക്കുക മുതലായവ ചെയ്യുന്നതിന് | അഞ്ഞൂറ് രൂപ |
| 380 | (2) | കെട്ടിടത്തിന്റെ നമ്പർ നിയമവിരുദ്ധമായി നശിപ്പിക്കുക മുതലായവ ചെയ്യുന്നതിന് | അഞ്ഞൂറ് രൂപ |
| 380 | (3) | നമ്പർ മാററി വയ്ക്കാൻ ആവശ്യപ്പെട്ടാൽ അങ്ങനെ ചെയ്യാൻ വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |
| 383 | (5) | കൗൺസിൽ പുറപ്പെടുവിച്ചിട്ടുള്ള പ്രഖ്യാപനത്തിന് വിപരീതമായി കെട്ടിടങ്ങൾ പണിയുകയോ പുതുക്കിപ്പണികയോ ചെയ്യുന്നതിന് | അയ്യായിരം രൂപ |
| 384 | (1) | തെരുവുകളുടെ മൂലകളിൽ കെട്ടിടങ്ങൾ ഉരുണ്ട രൂപത്തിലാക്കുന്നതിനോ ചാംപ്ര രൂപത്തിലാക്കുന്നതിനോ ആവശ്യപ്പെട്ടതനുസരിക്കുവാൻ വീഴ്ച വരുത്തുന്നതിന് | അയ്യായിരം രൂപ |
| | | എളുപ്പം തീ പിടിക്കുന്ന സാധനങ്ങൾ കൊണ്ട് പുറമേയുള്ള മേൽക്കൂര മുതലായവ നിർമ്മിക്കുന്നതിന് | രണ്ടായിരത്തി അഞ്ഞൂറ് രൂപ |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 386 | | കതക്, ജനൽ മുതലായവ പൊതു തെരുവിലേക്ക് തുറക്കത്തക്കവണ്ണം പണിയുന്നതിന് | അഞ്ഞൂറ് രൂപ |
| 404 | | പരിസരങ്ങളുടെ പുറം മതിലുകൾ ശരിയായി കേടുപാട് തീർത്ത് സൂക്ഷിക്കുന്നതിന് വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |
| 411 | (1) | ആപൽക്കരമായ എടുപ്പ് ഇടിച്ചുകളയാനോ, കേടുപാടുകൾ തീർക്കാനോ, അല്ലെങ്കിൽ ഉറപ്പു വരുത്താനോ ആവശ്യപ്പെട്ടതനുസരിച്ച് പ്രവർത്തിക്കാൻ വീഴ്ച വരുത്തുന്നതിന് | ആയ്യായിരം രൂപ |
| 412 | (1) | ആപൽക്കരമായ വൃക്ഷം ഉറപ്പിക്കുവാനോ അററം വെട്ടിക്കളയാനോ, മുറിക്കുവാനോ ആവശ്യപ്പെട്ടതനുസരിച്ച് പ്രവർത്തിക്കാൻ വീഴ്ച വരുത്തുന്നതിന് | രണ്ടായിരം രൂപ |
| 413 | | വഴിയാത്രക്കാർക്കോ അയൽപക്കക്കാർക്കോ ആപൽക്കരമായ കുളമോ മററ് സ്ഥലമോ കേടുപാട് തീർക്കുക മുതലായവ ചെയ്യാൻ ആവശ്യപ്പെട്ടതനുസരിക്കുവാൻ വീഴ്ച വരുത്തുന്നതിന് | ആയിരം രൂപ |
| 414 | | ആപൽക്കരമാംവിധം കല്ലുവെട്ടുന്നത് നിറുത്തണമെന്ന് ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | അയ്യായിരം രൂപ |
| 415 | | അഗ്നിബാധയ്ക്കെതിരായുള്ള മുൻകരുതലുകൾ സംബന്ധിച്ച് നോട്ടീസ് അനുസരിക്കുവാൻ വീഴ്ച വരുത്തുന്നതിന് | അയ്യായിരം രൂപ |
| 416 | (1) | കിണറ് മുതലായവ അനുവാദമില്ലാതെ നിർമ്മിക്കുന്നതിന് | അഞ്ഞൂറ് രൂപ |
| 416 | (3) | കിണറു നികത്താനോ, പൊളിച്ചു കളയാനോ ഉള്ള നോട്ടീസനുസരിച്ച് പ്രവർത്തിക്കുവാൻ വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |
| 417 | | കുളമോ കിണറോ നികത്താനോ മറേറാ, അല്ലെങ്കിൽ വെള്ളം വാർത്തു കളയാനോ മറേറാ ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | ആയിരം രൂപ |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 418 | | നിരോധനങ്ങൾക്കോ റെഗുലേഷനുകൾക്കോ വിപരീതമായി കൃഷി ചെയ്യുന്നതിന് | ആയിരം രൂപ |
| 419 | | കുടിക്കാൻ ഉപയോഗിക്കുന്ന കുളമോ, കിണറോ, മററ് ജലസ്രോതസ്സോ ശുദ്ധമാക്കുകയോ അടച്ചുകളയുകയോ മററോ ചെയ്യാൻ ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | ആയിരം രൂപ |
| 421 | | കിണറോ കുളമോ അല്ലെങ്കിൽ ജലസംഭരണിയോ ഒരു ആരം ഉപയോഗിക്കുകയും അനുഭവിക്കുകയും ചെയ്യുന്നത് തടയുന്നതിന് | അഞ്ഞൂറ് രൂപ |
| 422 | | നിരോധനത്തിനുശേഷമോ അല്ലെങ്കിൽ റെഗുലേഷനുകൾക്ക് വിപരീതമായോ നദി മുതലായവയിൽ നിയമവിരുദ്ധമായി അലക്കുകയും (കഴുകുകയും) മത്സ്യം പിടിക്കുകയും ചെയ്യുന്നതിന് | അഞ്ഞൂറ് രൂപ |
| 424 | | അലക്കുകാർ വസ്ത്രങ്ങൾ അനധികൃതമായ സ്ഥലങ്ങളിൽവച്ച് അലക്കുന്നതിന് | ഇരുന്നൂററി അമ്പതു രൂപ |
| 425 | | കുളങ്ങൾ മുതലായവയിലെ ജലം മലിനപ്പെടുത്തുന്നതിന് | അഞ്ഞൂറ് രൂപ |
| 426 | | ആൾപ്പാർപ്പില്ലാത്ത പരിസരങ്ങൾ കെട്ടി അടയ്ക്കുന്നതിനോ വെട്ടിവെടിപ്പാക്കുന്നതിനോ വൃത്തിയാക്കുന്നതിനോ ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |
| 427 | | കുടിപ്പാർപ്പില്ലാത്ത പുരയിടങ്ങൾ കെട്ടി അടയ്ക്കണമെന്നോ, വെട്ടിത്തെളിക്കണമെന്നോ വൃത്തിയാക്കണമെന്നോ ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |
| 428 | | കെട്ടിടത്തിനോ കിണറിനോ സമീപമുള്ള മരങ്ങൾ ഭദ്രമായി നിർത്താൻ വീഴ്ച വരുത്തുന്നതിന് | ആയിരം രൂപ |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 429 | | കെട്ടിടത്തിനോ, ഭൂമിക്കോ ചുററും വേലി വയ്ക്കണമെന്നോ കുററിച്ചെടികളും, വൃക്ഷങ്ങളും കോതുകയോ വെട്ടുകയോ മുറിക്കുകയോ ചെയ്യണമെന്നോ അല്ലെങ്കിൽ ചുററുമുള്ള മതിലിൻെറ ഉയരം കുറയ്ക്കണമെന്നോ ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ചവരുത്തുന്നതിന് | ആയിരം രൂപ |
| 431 | | കെട്ടിടം വെള്ളയടിക്കുകയോ മററു വിധത്തിൽ വൃത്തിയാക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |
| 432 | | ശുചിത്വമില്ലാത്ത കെട്ടിടത്തെ സംബന്ധിച്ച പണി നടത്തുവാനോ മററു നടപടി എടുക്കുവാനോ ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | കെട്ടിടത്തിൻെറ സംഗതിയിൽ ആയിരം രൂപയും കുടിലിൻെറ സംഗതിയിൽ അഞ്ഞൂറ് രൂപയും |
| 433 | (2) | മനുഷ്യവാസയോഗ്യമല്ലാത്ത കെട്ടിടങ്ങൾ നിരോധിച്ചതിനുശേഷവും ഉപയോഗിക്കുകയോ, ഉപയോഗിക്കുവാൻ അനുവദിക്കുകയോ ചെയ്യുന്നതിന് | ഓരോ ദിവസത്തേക്കും ഇരുന്നൂററി അമ്പതു രൂപ |
| 433 | (4) | ആ കെട്ടിടം പൊളിച്ചു കളയണമെന്ന് ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | ഓരോ ദിവസത്തേക്കും ഇരുന്നൂററി അമ്പതു രൂപ |
| 434 | (1) | കെട്ടിടത്തിൽ ആളുകൾ തിങ്ങിപ്പാർക്കരുതെന്ന ഉത്തരവിനുശേഷവും അവിടെ തിങ്ങിപ്പാർക്കുന്നതിന് അനുവദിക്കുന്നതിന് | ഓരോ ദിവസത്തേക്കും നൂറ് രൂപ |
| 434 | (4) | ആളുകൾ തിങ്ങിപ്പാർക്കുന്ന കെട്ടിടമോ, മുറിയോ ഒഴിയണമെന്ന് ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | ഓരോ ദിവസത്തേക്കും നൂറ് രൂപ |
| 435 | | മൃഗങ്ങളെക്കൊണ്ട് മാലിന്യം തീററിക്കുന്നതിന് | അഞ്ഞൂറ് രൂപ |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 436 | | ശല്യമോ, ആപത്തോ ഉണ്ടാകത്തക്കവണ്ണം മൃഗങ്ങളെ നിയമവിരുദ്ധമായി വളർത്തുന്നതിന് | അഞ്ഞൂറ് രൂപ |
| 444 | | ലൈസൻസില്ലാതെയോ ലൈസൻസിനു വിരുദ്ധമായോ കുതിരലായമായും കാലിത്തൊഴുത്തായും മററും സ്ഥലം ഉപയോഗിക്കുന്നതിന് | അഞ്ഞൂറ് രൂപ |
| 445 | | ആക്ടിന് വിരുദ്ധമായി കുതിരലായം, കാലിത്തൊഴുത്ത് മുതലായവ കെട്ടുകയോ വെച്ചുപോരുകയോ ചെയ്യുന്നതിന് | അഞ്ഞൂറ് രൂപ |
| 446 | | സെക്രട്ടറി പുറപ്പെടുവിച്ചിട്ടുള്ള നോട്ടീസിനു വിരുദ്ധമായി ഒരു സ്ഥലം കുതിരലായമോ, കാലിത്തൊഴുത്തോ മറേറാ ആയി ഉപയോഗിക്കുന്നതിന് | രണ്ടായിരം രൂപ |
| 447 | (1) | ലൈസൻസ് കൂടാതെയോ ലൈസൻസിനു വിരുദ്ധമായോ ഇതിലേക്കായി ഉണ്ടാക്കിയ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനായി ഒരു സ്ഥലം ഉപയോഗിക്കുന്നതിന് | പതിനായിരം രൂപ |
| 448 | | നിയമവിരുദ്ധമായി ഫാക്ടറി, വർക്ക്ഷോപ്പ് മുതലായവ സ്ഥാപിക്കുന്നതിന് | പതിനായിരം രൂപ |
| 449 | | ശല്യം ഇല്ലാതാക്കുന്നത് സംബന്ധിച്ച ഉത്തരവ് ലംഘിക്കുന്നതിന് | രണ്ടായിരത്തി അഞ്ഞൂറ് രൂപ |
| 453 | | ലൈസൻസില്ലാതെയോ ലൈസൻസിനു വിരുദ്ധമായോ ഒരു സ്ഥലം കശാപ്പുശാലയായി ഉപയോഗിക്കുന്നതിന് | അയ്യായിരം രൂപ |
| 455 | (1) | ഭക്ഷണ സാധനമായി വിൽക്കുന്നതിന് മൃഗങ്ങളെ കശാപ്പു ചെയ്യുന്നതിന് | അയ്യായിരം രൂപ |
| 455 | (2) | മൃഗശവങ്ങളിൽ നിന്ന് ശല്യം ഉണ്ടാകത്തക്കവിധം തോലുരിക്കുകയോ അവ വെട്ടുകയോ അല്ലെങ്കിൽ തോലുണക്കുകയോ ചെയ്യുന്നതിന് | മൃഗശവത്തിനോ തോലിനോ ഓരോന്നിനും ഇരുനൂറ് രൂപ |

| (1) | (2) | (3) | (4) |
|---|---|---|---|
| 456 | | ലൈസൻസില്ലാതെയോ ലൈസൻസിനു വിരുദ്ധമായോ പാൽക്കച്ചവടം നടത്തുന്നതിന് | ആയിരം രൂപ |
| 457 | | ഒരു മാർക്കററ് ഉപയോഗിക്കുന്നതിൽ നിന്ന് ആരെയെങ്കിലും തടയുന്നതിന് | ആയിരം രൂപ |
| 459 | | ലൈസൻസ് കൂടാതെയോ ലൈസൻസിനു വിരുദ്ധമായോ പൊതുമാർക്കററിൽ മൃഗത്തെയോ സാധനത്തെയോ വിൽക്കുകയോ, വിൽപ്പനയ്ക്കായി വയ്ക്കുകയോ ചെയ്യുന്നതിന് | അഞ്ഞൂറ് രൂപ |
| 460 | | ലൈസൻസില്ലാതെയോ ലൈസൻസിനു വിരുദ്ധമായോ സ്വകാര്യ മാർക്കററ് തുറക്കുകയോ തുറന്ന് വച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നതിന് | അയ്യായിരം രൂപ |
| 462 | | ലൈസൻസില്ലാത്ത സ്വകാര്യ മാർക്കററിൽ മൃഗത്തേയോ സാധനത്തേയോ വിൽക്കുകയോ വിൽപ്പനയ്ക്കായി വയ്ക്കുകയോ ചെയ്യുന്നതിന് | അഞ്ഞൂറ് രൂപ |
| 463 | | സ്വകാര്യ മാർക്കററിലേക്കുള്ള വഴികളും, അഴുക്കുചാലുകളും മുതലായവ ഉണ്ടാക്കുവാനോ അവ പാകുവാനോ, മററാ ഉള്ള നിർദ്ദേശമനുസരിക്കാൻ വീഴ്ചവരുത്തുന്നതിന് | ആയിരം രൂപ |
| 464 | (2) | പണികൾ നടത്താൻ വീഴ്ച വരുത്തുന്നതിന്, ലൈസൻസ് സസ്പെൻഡ് ചെയ്യുകയോ നിഷേധിക്കുകയോ ചെയ്ത തിനുശേഷം സ്വകാര്യ മാർക്കററ് തുറക്കുകയോ തുറന്നുവച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നതിന് | ഓരോ ദിവസത്തേക്കും ഇരുന്നൂററി അൻപത് രൂപ |
| 465 | | സ്വകാര്യ മാർക്കററുകളിൽ ശല്യം ഉണ്ടാക്കുന്നതിന് | ഇരുന്നൂററി അമ്പതുരൂപ |
| 469 | | ലൈസൻസും മററും ഇല്ലാതെ കശാപ്പുകാരന്റെയോ മീൻ കച്ചവടക്കാരന്റെയോ, കോഴിവിൽപ്പനക്കാരന്റെയോ തൊഴിൽ നടത്തുന്നതിന് | ആയിരം രൂപ |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 470 | | പൊതുതെരുവിൽ മൃഗങ്ങളെയോ, സാധനങ്ങളെയോ വിൽക്കുകയോ വിൽപ്പനയ്ക്കായി വയ്ക്കുകയോ ചെയ്യുന്നതിന് | അഞ്ഞൂറ് രൂപ |
| 473 | | പൊതുസ്ഥലമോ പൊതുതെരുവിന്റെ ഓരങ്ങളോ പൊതു ഇറക്കുസ്ഥലമായും മററും ഉപയോഗിക്കുന്നതിന് | അയ്യായിരം രൂപ |
| 475 | | ലൈസൻസ് ഇല്ലാതെയോ ലൈസൻസിനു വിരുദ്ധമായോ പുതിയ സ്വകാര്യ വണ്ടിത്താവളം തുറക്കുകയോ തുറന്നു വച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നതിന് | അയ്യായിരം രൂപ |
| 478 | | ഈ വകുപ്പ് പ്രകാരം സെക്രട്ടറിയെയോ അദ്ദേഹം അധികാരപ്പെടുത്തിയ ഏതെങ്കിലും ആളെയോ അദ്ദേഹത്തിന്റെ പ്രവേശനാധികാരങ്ങളും മററും നടത്തുന്നതിന് തടസ്സം ചെയ്യുന്നതിന് | അയ്യായിരം രൂപ |
| 480 | | പിടിച്ചെടുക്കപ്പെട്ട മൃഗത്തെയോ സാധനത്തെയോ നീക്കം ചെയ്യുകയോ അല്ലെങ്കിൽ അതിന്റെ കാര്യത്തിൽ ഏതെങ്കിലും വിധത്തിൽ ഇടപെടുകയോ ചെയ്യുന്നതിന് | അയ്യായിരം രൂപ |
| 484 | (1) | ശവം കയ്യൊഴിക്കുന്നതിന് പുതിയ ഒരു സ്ഥലം ലൈസൻസില്ലാതെ തുറക്കുകയോ മററോ ചെയ്യുന്നതിന് | പതിനായിരം രൂപ |
| 486 | (3) | ശവം മറവു ചെയ്യുകയോ ദഹിപ്പിക്കുകയോ ചെയ്യുന്നതിന് രജിസ്ററർ ചെയ്യാത്തതോ ലൈസൻസ് ഇല്ലാത്തതോ ഏർപ്പെടുത്തിയിട്ടില്ലാത്തതോ ആയ സ്ഥലം ഉപയോഗിക്കുകയോ ഉപയോഗിക്കാൻ അനുവദിക്കുകയോ ചെയ്യുന്നതിന് | പതിനായിരം രൂപ |
| 487 | | ശവം മറവു ചെയ്യുകയോ ദഹിപ്പിക്കുകയോ ചെയ്യുന്ന സ്ഥലത്ത് ശവം മറവു ചെയ്യുകയോ ദഹിപ്പിക്കുകയോ ചെയ്യുന്നതിനെപ്പററിയുള്ള വിവരം നൽകാൻ വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 488 | (3) | നിരോധനത്തിനുശേഷം ഒരു സ്ഥലത്ത് ശവം മറവ് ചെയ്യുകയോ ദഹിപ്പിക്കുകയോ ചെയ്യുന്നതിന് | പതിനായിരം രൂപ |
| 489 | | മൃതദേഹങ്ങളെ സംബന്ധിച്ചുള്ള കുററം ചെയ്യുന്നതിന് | അഞ്ഞൂറ് രൂപ |
| 492 | (2) | ആവശ്യപ്പെടുമ്പോഠം ലൈസൻസ് ഹാജരാക്കുന്നതിന് വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |
| 494 | | സ്വകാര്യ കെട്ടിടത്തിലോ, പൊതു കെട്ടിടത്തിലോ അപായകരമായ രോഗം പിടിപെട്ടിട്ടുള്ളതിനെപ്പററി അറിവ് നൽകാൻ ചികിൽസകനോ ഉടമസ്ഥനോ വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |
| 496 | | കെട്ടിടങ്ങളോ സാധനങ്ങളോ അടയ്ക്കുവാനോ അണുനശീകരണം നടത്തുവാനോ ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |
| 497 | (3) | രോഗാണുബന്ധയ്ക്ക് വിധേയമായ സാധനങ്ങഠം അനധികൃതമായ സ്ഥലങ്ങളിൽ വച്ച് കഴുകുന്നതിന് | അയ്യായിരം രൂപ |
| 498 | | രോഗാണുബാധയ്ക്ക് വിധേയമായ സാധനങ്ങഠം കൊടുക്കൽ മുതലായവ ചെയ്യുന്നതിന് | അയ്യായിരം രൂപ |
| 499 | | നിരോധനത്തിനുശേഷം വെള്ളം ഉപയോഗിക്കുന്നതിന് | അഞ്ഞൂറ് രൂപ |
| 501 | | രോഗാണുബാധയേററയാഠം തൊഴിൽ ചെയ്യുന്നതിന് | ആയിരം രൂപ |
| 502 | (1) | രോഗാണുബാധയേററയാളുകഠം രോഗം പകരുന്നതിനെതിരായി തക്ക മുൻകരുതലുകഠം എടുക്കാതെ പൊതു വാഹനങ്ങളിൽ യാത്ര ചെയ്യുന്നതിന് | അഞ്ഞൂറ് രൂപ |
| 502 | (2) | രോഗാണുബാധയേററയാഠം രോഗബാധയുള്ള വസ്തുത അറിയിക്കാതെ പൊതു വാഹനങ്ങളിൽ കയറുന്നതിന് | അഞ്ഞൂറ് രൂപ |



LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 502 | (3) | രോഗാണുബാധയേററയാളിനെ പൊതു വാഹനങ്ങളിൽ കയററിക്കൊണ്ടുപോകുന്നതിന് | അഞ്ഞൂറ് രൂപ |
| 503 | | രോഗാണുബാധയേററ കെട്ടിടം മുൻകൂട്ടി രോഗവിഷ പരിഹാരം ചെയ്യാതെ വാടകയ്ക്ക് കൊടുക്കൽ, കീഴ് വാടകയ്ക്ക് കൊടുക്കൽ മുതലായവ ചെയ്യുന്നതിന് | രണ്ടായിരം രൂപ |
| 504 | | പൊതു വിനോദ സ്ഥലം അടയ്ക്കുവാൻ വീഴ്ച വരുത്തുന്നതിന് | രണ്ടായിരം രൂപ |
| 505 | | രോഗാണുബാധയേററ കുട്ടിയെ സ്കൂളിൽ അയയ്ക്കുന്നതിന് | അഞ്ഞൂറ് രൂപ |
| 519 | | സമൻസ് അനുസരിക്കുവാൻ വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |
| 527 | (1) | ഈ ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കാൻ ഉടമസ്ഥനെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടതനുസരിക്കാൻ കൈവശക്കാരൻ വീഴ്ച വരുത്തുന്നതിന് | ആയിരം രൂപ |
| 554 | | മുനിസിപ്പൽ കൗൺസിൽ മുതലായവയ്ക്ക് തടസ്സമോ ഉപദ്രവമോ ഉണ്ടാക്കുന്നതിന് | പതിനായിരം രൂപ |
| 555 | | വിതാനം മുതലായവ സൂചിപ്പിക്കുന്നതിന് സ്ഥാപിച്ച അടയാളം നീക്കം ചെയ്യുന്നതിന് | അഞ്ഞൂറ് രൂപ |
| 556 | | കൗൺസിലിന്റെ ഉത്തരവുകൾ മൂലമോ ഉത്തരവുകൾ പ്രകാരമോ പ്രദർശിപ്പിക്കപ്പെട്ട നോട്ടീസ് നീക്കംചെയ്യൽ മുതലായവ ചെയ്യുന്നതിന് | അഞ്ഞൂറ് രൂപ |
| 557 | | കൗൺസിലിൽ നിക്ഷിപ്തമായ ഭൂമിയിൽ നിന്ന് മണ്ണ്, മണൽ മുതലായവ സാധനങ്ങൾ നിയമവിരുദ്ധമായി നീക്കം ചെയ്യുക, അല്ലെങ്കിൽ പുഴയിലോ അഴിമുഖത്തോ മറേറാ സാധനം കൊണ്ടുപോയി ഇടുകയോ അവയിലേക്ക് അതിക്രമിച്ച് കടക്കുകയോ ചെയ്യുന്നതിന് | അയ്യായിരം രൂപ'' |

LIBRARY ARCHIVES Kerala Legislative Assembly

170. അഞ്ചാം പട്ടികയ്ക്ക് പകരം പുതിയ പട്ടിക ചേർക്കൽ.—പ്രധാന ആക്ടിലെ അഞ്ചാം പട്ടികയ്ക്കു പകരം താഴെപ്പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത്:—

"അഞ്ചാം പട്ടിക

[511 (2)–(സി) വകുപ്പ് കാണുക]

തുടരുന്ന ലംഘനയ്ക്കുള്ള പിഴകൾ

| വകുപ്പ് | ഉപ വകുപ്പ് | വിഷയം | ചുമത്താവുന്ന പിഴ |
|---|---|---|---|
| (1) | (2) | (3) | (4) |
| 275 | (2) | അനുവാദം കൂടാതെ ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കൽ | അഞ്ഞൂറ് രൂപ |
| 322 | | കക്കൂസ് ഏർപ്പെടുത്തണമെന്നോ അല്ലെങ്കിൽ കക്കൂസ് മറ്റൊരു സ്ഥലത്തേക്ക് മാററണമെന്നോ ആവശ്യപ്പെട്ടതനുസരിക്കുന്നതിന് വീഴ്ച വരുത്തുന്നതിനും കക്കൂസ് വൃത്തിയായും ശരിയായ നിലയിലും സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്നതിനും. | നൂറ് രൂപ |
| 323 | | ധാരാളം ആളുകൾ ഉപയോഗിക്കുന്ന പുരയിടങ്ങൾക്ക് കക്കൂസ് ഏർപ്പെടുത്തുവാനോ അവ വൃത്തിയായും ശരിയായ നിലയിലും സൂക്ഷിക്കുന്നതിലോ വീഴ്ച വരുത്തുന്നതിന് | നൂറ് രൂപ |
| 324 | | മർക്കററിനോ കന്നുകാലിത്തൊഴുത്തിനോ വണ്ടിത്താവളത്തിനോ കക്കൂസ് ഏർപ്പെടുത്തണമെന്നോ, അവ വൃത്തിയായും ശരിയായ നിലയിലും സൂക്ഷിക്കണമെന്നോ ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | ഇരുനൂററി അമ്പത് രൂപ |
| 351 | | ക്രമമായ തെരുവതിർത്തി രേഖയുടെ അകത്ത് കെട്ടിടം പണിയുന്നതിന് | ആയിരം രൂപ |
| 359 | | കൈയൊഴിക്കുന്നതിന് മുമ്പ് കെട്ടിട സ്ഥലങ്ങളിൽ നിരത്തുകളും മററും ഏർപ്പെടുത്തുന്നതിന് വീഴ്ച വരുത്തുന്നതിന് | നൂറ് രൂപ |
| 367 | | സ്ഥിരമായ കയ്യേററം നീക്കം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതിന് | ആയിരം രൂപ |
| 368 | | താൽക്കാലിക കയ്യേററം നീക്കം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 375 | | തെരുവിൽ നിയമവിരുദ്ധമായി കുഴിയെടുക്കുകയോ തടസ്സങ്ങൾ വയ്ക്കുകയോ ചെയ്യുന്നതിന് | ഇരുനൂറ്റി അമ്പത് രൂപ |
| 377 | | തെരുവിനോ നടപ്പാതയ്ക്കോ തടസ്സമുണ്ടാകാനിടയുള്ളപ്പോൾ ലൈസൻസ് കൂടാതെ കെട്ടിടം പണിയുകയും മറ്റും ചെയ്യുന്നതിന് | ആയിരം രൂപ |
| 384 | (1) | തെരുവുകളുടെ മൂലകളിൽ കെട്ടിടം ഉരുണ്ട രൂപത്തിലാക്കുകയോ, ചാംപ്ര രൂപത്തിലാക്കുകയോ ചെയ്യുവാൻ ആവശ്യപ്പെട്ടതനുസരിക്കുന്നതിൽ വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |
| 385 | | എളുപ്പം തീ പിടിക്കുന്ന സാധനങ്ങൾകൊണ്ട് പുറം മേൽക്കൂരയും മറ്റും നിർമ്മിക്കുന്നതിന് | ഇരുനൂറ് രൂപ |
| 404 | | പുരയിടങ്ങളുടെ പുറം മതിലുകൾ ശരിയായി കേടുപാടുകൾ തീർത്ത് സൂക്ഷിക്കുന്നതിന് വീഴ്ച വരുത്തുന്നതിന് | നൂറ് രൂപ |
| 413 | | വഴിയാത്രക്കാർക്കോ, അയൽവാസികൾക്കോ ആപൽക്കരമായ കുളമോ മറ്റു സ്ഥലമോ കേടുപാട് തീർക്കുകയും മറ്റും ചെയ്യണമെന്ന് ആവശ്യപ്പെട്ടതനുസരിക്കുന്നതിൽ വീഴ്ച വരുത്തുന്നതിന് | ഇരുനൂറ്റി അമ്പത് രൂപ |
| 414 | | ആപൽക്കരമാംവിധം കല്ല് വെട്ടുന്നത് നിർത്തൽ ചെയ്യണമെന്ന് ആവശ്യപ്പെട്ടതനുസരിക്കുന്നതിൽ വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |
| 415 | | അഗ്നിബാധയ്ക്കെതിരായുള്ള മുൻകരുതലുകളെ സംബന്ധിച്ച നോട്ടീസ് അനുസരിക്കുന്നതിൽ വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |
| 417 | | കുളമോ, കിണറോ നികത്തുവാനോ മറ്റോ അല്ലെങ്കിൽ വെള്ളം വാർത്തുകളയുവാനോ മറ്റോ ആവശ്യപ്പെട്ടതനുസരിക്കുന്നതിൽ വീഴ്ച വരുത്തുന്നതിന് | നൂറ് രൂപ |
| 419 | | കുളം, കിണർ മുതലായവയോ, അല്ലെങ്കിൽ കുടിക്കാൻ ഉപയോഗിക്കുന്ന വെള്ളമുള്ള മറ്റു സ്ഥലമോ ശുദ്ധിയാക്കണമെന്നോ, അടയ്ക്കണമെന്നോ മറ്റോ ആവശ്യപ്പെട്ടതനുസരിക്കുന്നതിൽ വീഴ്ച വരുത്തുന്നതിന് | നൂറ് രൂപ |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 426 | | ആരംപ്പാർപ്പില്ലാത്ത പുരയിടങ്ങൾ കെട്ടി അടയ്ക്കണമെന്നോ, വെട്ടിത്തെളിക്കണമെന്നോ, വൃത്തിയാക്കണമെന്നോ ആവശ്യപ്പെട്ടതനുസരിക്കുന്നതിൽ വീഴ്ച വരുത്തുന്നതിന് | നൂറ് രൂപ |
| 427 | | മലിനാവസ്ഥയിലുള്ളതോ അല്ലെങ്കിൽ കാടുപിടിച്ചതോ ഹാനികരമായതോ ആയ ചെടി വെട്ടിത്തെളിക്കുകയോ വൃത്തിയാക്കുകയോ മറേറാ ചെയ്യണമെന്ന് ആവശ്യപ്പെട്ടതനുസരിക്കുന്നതിൽ വീഴ്ച വരുത്തുന്നതിന് | നൂറ് രൂപ |
| 428 | | കെട്ടിടത്തിനോ കിണററിനോ സമീപമുള്ള മരങ്ങൾ ഭദ്രമായി നിറുത്താൻ വീഴ്ച വരുത്തുന്നതിന് | നൂറ് രൂപ |
| 429 | | കെട്ടിടത്തിനോ ഭൂമിക്കോ ചുററും വേലികെട്ടണമെന്നോ വേലികളും വൃക്ഷങ്ങളും കോതുകയോ, വെട്ടുകയോ, മുറിക്കുകയോ ചെയ്യണമെന്നോ, പുറം മതിലിൻെറ പൊക്കം കുറയ്ക്കണമെന്നോ ആവശ്യപ്പെട്ടതനുസരിക്കുന്നതിൽ വീഴ്ച വരുത്തുന്നതിന് | നൂറ് രൂപ |
| 431 | | കെട്ടിടം വെള്ളയടിക്കാനോ മററു വിധത്തിൽ വൃത്തിയാക്കാനോ ആവശ്യപ്പെട്ടതനുസരിക്കുന്നതിൽ വീഴ്ച വരുത്തുന്നതിന് | നൂറ് രൂപ |
| 432 | | ശുചിത്വമില്ലാത്ത കെട്ടിടങ്ങളുടെ കാര്യത്തിൽ പണികൾ നടത്തണമെന്നോ, മററു നടപടികൾ എടുക്കണമെന്നോ ആവശ്യപ്പെട്ടതനുസരിക്കുന്നതിന് വീഴ്ച വരുത്തുന്നതിന് | കെട്ടിടത്തിൻെറ സംഗതിയിൽ നൂറ് രൂപയും കുടിലിൻെറ സംഗതിയിൽ അമ്പത് രൂപയും |
| 436 | | ശല്യമോ, ആപത്തോ ഉണ്ടാകത്തക്കവണ്ണം നിയമവിരുദ്ധമായി മൃഗങ്ങളെ വളർത്തുന്നതിന് | അമ്പത് രൂപ |
| 444 | | ലൈസൻസ് കൂടാതെയോ, ലൈസൻസിന് വിരുദ്ധമായോ ഒരു സ്ഥലം കുതിരലായമായോ കാലിത്തൊഴുത്തായോ മറേറാ ഉപയോഗിക്കുന്നതിന് | നൂറ് രൂപ |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 446 | | സെക്രട്ടറി പുറപ്പെടുവിച്ചിട്ടുള്ള നോട്ടീസിന് വിരുദ്ധമായി ഒരു സ്ഥലം കുതിരലായമോ കാലിത്തൊഴുത്തോ മറേറാ ആയി ഉപയോഗിക്കുന്നതിന് | നൂറ് രൂപ |
| 447 | (1) | ചട്ടങ്ങളിൽ പറഞ്ഞ ഏതെങ്കിലും കാര്യങ്ങൾക്കായി ഒരു സ്ഥലം ലൈസൻസില്ലാതെയോ, ലൈസൻസിന് വിരുദ്ധമായോ ഉപയോഗിക്കുന്നതിന് | അഞ്ഞൂറ് രൂപ |
| 448 | | നിയമവിരുദ്ധമായി ഫാക്ടറി, വർക്ക്ഷോപ്പ് മുതലായവ നിർമ്മിക്കുന്നതിന് | അഞ്ഞൂറ് രൂപ |
| 449 | | ശല്യം ഉപശമിപ്പിക്കുന്നത് സംബന്ധിച്ച ഉത്തരവ് ലംഘിക്കുന്നതിന് | അഞ്ഞൂറ് രൂപ |
| 453 | | ലൈസൻസില്ലാതെയോ, ലൈസൻസിന് വിരുദ്ധമായോ ഒരു സ്ഥലം കശാപ്പുശാലയായി ഉപയോഗിക്കുന്നതിന് | ഇരുനൂററി അമ്പത് രൂപ |
| 456 | | ലൈസൻസില്ലാതെയോ, ലൈസൻസിന് വിരുദ്ധമായോ പാൽക്കച്ചവടം നടത്തുന്നതിന് | നൂറ് രൂപ |
| 460 | | ലൈസൻസില്ലാതെയോ, ലൈസൻസിനു വിരുദ്ധമായോ സ്വകാര്യ മാർക്കററ് തുറക്കുകയോ തുറന്നുവച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നതിന് | ആയിരം രൂപ |
| 462 | | ലൈസൻസില്ലാതെ സ്വകാര്യ മാർക്കററിൽ മൃഗങ്ങളെയോ, സാധനങ്ങളെയോ വിൽക്കുകയോ, വിൽപ്പനയ്ക്കായി വയ്ക്കുകയോ ചെയ്യുന്നതിന് | ഇരുനൂറ് രൂപ |
| 465 | | ആക്ടിനോ ഉപനിയമ നിർമ്മാണങ്ങൾക്കോ വിരുദ്ധമായി കുതിരലായവും കാലിത്തൊഴുത്തും മററും നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിന് | നൂറ് രൂപ |
| 469 | | ലൈസൻസും മററും ഇല്ലാതെ കശാപ്പുകാരന്റെയോ മീൻ കച്ചവടക്കാരന്റെയോ കോഴി വിൽപ്പനക്കാരന്റെയോ തൊഴിൽ ചെയ്യുന്നതിന് | നൂറ് രൂപ |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 473 | | പൊതു സ്ഥലമോ പൊതു തെരുവോരങ്ങളോ പൊതു ഈക്കുസ്ഥലമായും മറ്റും ഉപയോഗിക്കുന്നതിന് | നൂറ് രൂപ |
| 475 | | പുതിയ സ്വകാര്യ വണ്ടിത്താവളം ലൈസൻസ് ഇല്ലാതെയോ ലൈസൻസിന് വിരുദ്ധമായോ തുറക്കുകയോ തുറന്ന് വച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നതിന് | നൂറ് രൂപ |
| 484 | | ശവം കയ്യൊഴിക്കുന്നതിനായി ലൈസൻസില്ലാതെ സ്ഥലം ഉപയോഗിക്കുന്നതിന് | ആയിരം രൂപ |
| 496 | | കെട്ടിടമോ, സാധനമോ വൃത്തിയാക്കണമെന്നോ, രോഗാണു നശീകരണം ചെയ്തു വയ്ക്കണമെന്നോ ആവശ്യപ്പെട്ടതനുസരിക്കുന്നതിൽ വീഴ്ച വരുത്തുന്നതിന് | നൂറ് രൂപ |
| 504 | | പൊതു വിനോദസ്ഥലം അടയ്ക്കാൻ വീഴ്ച വരുത്തുന്നതിന് | ഇരുനൂറ്റി അമ്പത് രൂപ''. |

171. ആറാം പട്ടിക വിട്ടുകളയൽ.—പ്രധാന ആക്ടിലെ ആറാം പട്ടിക വിട്ടുകളയേണ്ടതാണ്.

172. തീർപ്പാകാതെ കിടക്കുന്ന ചില അപേക്ഷകളിൻമേൽ നടപടികൾക്കുള്ള വ്യവസ്ഥ.—പ്രധാന ആക്ടിലെ 410-ാം വകുപ്പ് റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത വകുപ്പ് റദ്ദാക്കുന്നതിന് തൊട്ടുമുമ്പ് സർക്കാരിന്റെയോ അവർ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ളതും തീർപ്പാകാതെ കിടക്കുന്നതുമായ, കെട്ടിട നിർമ്മാണത്തെ സംബന്ധിച്ച ചട്ടങ്ങളിൽ നിന്നോ വ്യവസ്ഥകളിൽ നിന്നോ ഒഴിവാക്കലിനുള്ള ഏതെങ്കിലും അപേക്ഷയിൻമേലോ അപ്പീൽ ഹർജിയിൻമേലോ റിവ്യൂ ഹർജിയിൻമേലോ പ്രസ്തുത വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നടപടികൾ തുടരേണ്ടതും അപ്രകാരം അത് തീർപ്പാക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly